1997 മാർച്ച് 21-ന് നിയമസഭയിൽ ഞാൻ ഒരു സ്വകാര്യ ബിൽ കൊണ്ടുവന്നപ്പോൾ സർക്കാർ ഇതിനായി ഒരു ബിൽ കൊണ്ടുവരാമെന്ന് എനിക്ക് ഉറപ്പ് നൽകിയിരുന്നു. 1999 ഫെബ്രുവരി 12-ന് സ്വകാര്യബിൽ തുടർച്ചർച്ചയ്ക്കു വന്നപ്പോഴും സർക്കാർ ഒരു ബിൽ കൊണ്ടുവരാം എന്നു സഭയിൽ ഉറപ്പു നൽകിയിരുന്നതാണ്. ഷോപ്പിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ഭാഗമായിട്ടല്ല, സ്വർണ്ണത്തൊഴിലാളി അവരുടെ വീട്ടിലിരുന്ന് ജോലി ചെയ്യുന്നവരാണ്. ഈ ആവശ്യമുന്നയിച്ച് തൊഴിലാളികൾ സംസ്ഥാനത്ത് ഒട്ടാകെ മാർച്ച് നടത്തുകയാണ്. ഈ സ്വർണ്ണ തൊഴിലാളികൾക്കുവേണ്ടി സർക്കാർ അടിയന്തിരമായി ക്ഷേമനിധി ബിൽ കൊണ്ടുവരാൻ തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, സ്വർണ്ണത്തൊഴിലാളികൾ ഉൾപ്പെടെയുള്ള സ്വയം തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവർക്കും മറ്റു ചെറിയ ജോലികളിൽ നിയോഗിക്കപ്പെട്ടവർക്കുമായി നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധത്തൊഴിലാളി ക്ഷേമപദ്ധതി പരിഷ്ക്കരിച്ച് ക്ഷേമനിധിയായി മാറ്റുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയിൽ ഇപ്പോൾ അവശേഷിക്കുന്നവരെയും മറ്റു ചെറിയ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളി വിഭാഗങ്ങളേയും ഉൾപ്പെടുത്തി ക്ഷേമനിധി രൂപീകരിക്കാൻ ഉദ്ദേശിച്ച് തയ്യാറാക്കിയ കരട് ബിൽ സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത ബിൽ നിയമമാക്കുമ്പോൾ ക്ഷേമനിധി ആനുകൂല്യങ്ങൾ സ്വർണ്ണത്തൊഴിലാളികൾക്കും ലഭിക്കുന്നതാണ്.

IV റിപ്പോർട്ടുസമർപ്പണം

2000-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ശ്രീ. പി. കെ. കുമാരൻ : സർ, 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ബഹുമാനപ്പെട്ട ചെയർമാൻ വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

V നിയമനിർമ്മാണകാര്യം

മി. സ്പീക്കർ : ഇന്ന് രണ്ടു ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണം. രണ്ട് ബില്ലാകുമ്പോൾ അതിന്റെ ഡിസെന്റ്, ഭേദഗതികൾ, പിന്നെ ക്ലാസ് ബൈ ക്ലാസ്സ് ചർച്ച ഒക്കെയുണ്ട്. അതു മനസ്സിലാക്കിയിരിക്കണം. ആദ്യം 2000-ത്തിലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബിൽ എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000-ത്തിലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ†

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 2000-ത്തിലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ നിയമം യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ തകർക്കുന്ന ഒന്നാണെന്ന് പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു.

ശ്രീ. കെ. എം. മാണി : സർ, രണ്ടു ബില്ലുകളും കൂടി ഒന്നിച്ച് ഇൻട്രൊഡ്യൂസ് ചെയ്യുകയും ഒന്നിച്ച് കൺസിഡറേഷന് വയ്ക്കുകയും ചെയ്യണ്ടേ ?

മി. സ്പീക്കർ : അതിന് കഴിയില്ലല്ലോ. കാരണം രണ്ടു ബില്ലുകളും സെപ്പറേറ്റായിട്ടാണ്. ഒന്ന് ഇൻട്രൊഡ്യൂസ് ചെയ്ത് അതിന്റെ ഡിസെന്റ്, ഭേദഗതികൾ അതെല്ലാം ഡിസ്പോസ് ചെയ്തിട്ടേ അടുത്തതിലേക്ക് വരാൻ പറ്റൂ. അതല്ലാതെ വേറെ മാർഗ്ഗമില്ല. അങ്ങേക്ക് എന്തെങ്കിലും വേറെ മാർഗ്ഗം നിർദ്ദേശിക്കാനുണ്ടോ ?

ശ്രീ. കെ. എം. മാണി : ഞാൻ ചോദിച്ചുവെന്നെയുള്ളൂ.

മി. സ്പീക്കർ : രണ്ടു ബില്ലുകളും രണ്ടാണ്. ചർച്ച ഒന്നിച്ച് നടത്താൻ പറ്റുകയില്ല. ആദ്യം പരിഗണനയ്ക്ക് എടുത്തിട്ട് പകുതി വഴിക്ക് നിറുത്താൻ പറ്റുമോ ? പാസ്സാക്കണ്ടെ. പാസ്സാക്കണം. അതാണ് അതിന്റെ പ്രോപ്പർ മെത്തേഡ്.

ശ്രീ. കെ. എം. മാണി : മറ്റേ ബില്ലിനെ സംബന്ധിച്ച് കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ജക്ഷനുണ്ട്. അപ്പോൾ ആദ്യമേ ചർച്ച ചെയ്തിട്ടാകാമെന്ന് ഞാൻ കരുതി.

മി. സ്പീക്കർ : ഇല്ല. ഓരോന്നായിട്ടേ എടുക്കാനൊക്കൂ.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനത്തെ വളരെയേറെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് ഈ നികുതി നിർദ്ദേശങ്ങൾ. ഇവിടെ കഴിഞ്ഞ പ്രാവശ്യം ഇതു സംബന്ധിച്ച ജനറൽ ചർച്ചയിൽ ഞാൻ ഈ കാര്യങ്ങളൊക്കെ പറഞ്ഞതാണ്. അതുകൊണ്ട് ഞാൻ ആ കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. കേരളാ ജനറൽ സെയിൽസ്ടാക്സ് (അമന്റുമെന്റ്) ബിൽ, യഥാർത്ഥത്തിൽ കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറഞ്ഞത് ഈ ബിൽ ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലെ ധനകാര്യവകുപ്പ് മന്ത്രിമാരും മുഖ്യമന്ത്രിമാരുംകൂടി

† അനുബന്ധം XXV

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ചതിന്റെ ഫലമായി വന്നതാണെന്നാണ്. അത് ശരിയാണ്. 1995 മുതൽ തുടങ്ങി. ഞാൻ അത് കഴിഞ്ഞ പ്രാവശ്യവും പറഞ്ഞതാണ്. 1995-ൽ തുടങ്ങി എങ്കിലും അന്നൊന്നും ആരും ജനുവരി 1 മുതൽ നടപ്പിലാക്കണമെന്ന് തീരുമാനിച്ചില്ല. അന്ന് ഒരു കമ്മിറ്റിയെ പഠിക്കാൻ വച്ചു. ആ കമ്മിറ്റി പഠിച്ച റിപ്പോർട്ട് ഇപ്പോഴാണ് അംഗീകരിച്ച് നടപ്പിലാക്കുന്നത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2000 ജനുവരി 1 മുതൽ ഇത് നടപ്പിലാക്കണമെന്ന് നരസിംഹറാവുവിന്റെ കാലത്തോ ദേവഗൗഡയുടെ കാലത്തോ ഗുജ്റാളിന്റെ കാലത്തോ തീരുമാനിച്ചിട്ടില്ല. ആ തീരുമാനമെടുത്തത് 1999 നവംബർ മാസത്തിൽ വാജ്പേയി ഗവൺമെന്റാണ്. വാജ്പേയി ഗവൺമെന്റ് തീരുമാനമെടുത്തത് എങ്ങനെയാണ്. സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരെയും ധനകാര്യ വകുപ്പുമന്ത്രിമാരെയും വിളിച്ചുകൂട്ടി. അന്ന് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയുമുണ്ടായിരുന്നു. ഐകകണ്ഠ്യേന അംഗീകരിച്ച ഒരു കാര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ വന്നതാണ്. ഇത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വരെ പ്രതികൂലമായി ബാധിക്കുമെന്ന് പറയാനുള്ള കാരണം, നമ്മുടെ സംസ്ഥാനത്തിലെ കാർഷിക മേഖല തകരുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കഴിഞ്ഞ പ്രാവശ്യം സംസാരിക്കുമ്പോൾ പറഞ്ഞു. ഇത് എന്റെ കുഞ്ഞല്ല, 1995-ലെ കുഞ്ഞാണെന്നാണ്. 1995-ൽ ഇങ്ങനെയൊരു കുഞ്ഞില്ല, ഒരു ചർച്ചയേ നടന്നിട്ടുള്ളൂ. അങ്ങനെ ഒരു കുഞ്ഞ് ഉണ്ടായിട്ടില്ല. ഉണ്ടെങ്കിൽ ഇന്ദ്രജിത്ത് ഗുപ്തയെല്ലാം അവിടെ എതിർക്കുമായിരുന്നു. അതിനുശേഷവുമുണ്ടായില്ല. അതാണ് സത്യം. ഇത് ബി.ജെ.പി.യുടെ സൃഷ്ടിയാണ്. അതിന് നിങ്ങളും അറിഞ്ഞോ അറിയാതെയോ നിന്നുകൊടുത്തു എന്നുള്ളത് ഒരു സത്യമാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇൻഡ്യാ രാജ്യത്ത് നികുതി ഏകീകരിക്കുന്നതുകൊണ്ട് പ്രയോജനമുണ്ടെന്നുള്ള പക്ഷക്കാരൻ തന്നെയാണ് ഞാൻ. പക്ഷേ, അതിന്റെ പേരിൽ നമ്മുടെ രാജ്യത്തിലെ സമ്പന്നൻമാരൊക്കെ രക്ഷപ്പെടുകയും നമ്മുടെ രാജ്യത്തിലെ പാവപ്പെട്ട കൃഷിക്കാരൻ നശിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഒരിക്കലുമുണ്ടാകാൻ പാടില്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. അതുപോലെ നികുതി നിർദ്ദേശങ്ങൾ വരുമ്പോൾ എന്താണ് ചെയ്യേണ്ടത് ? സാധാരണരീതിയിൽ ഒരു നികുതി നിർദ്ദേശത്തിന്റെ ശാസ്ത്രീയമായ സമീപനമെന്നുപറയുന്നത് അവരുടെ സാമ്പത്തിക കഴിവിനനുസരിച്ച് മാത്രമേ ഓരോരുത്തരുടേയും ചുമലിലേക്ക് അത് വരാൻ പാടുള്ളൂ. അല്ലാതെ വന്നാൽ വലിയ ഇംബാലൻസുണ്ടാകും. അതാണ് പുതിയ നികുതി നിർദ്ദേശം ഏർപ്പെടുത്തുമ്പോഴും നികുതി ഘടന മാറ്റുമ്പോഴും ഏതൊരു സർക്കാരും ആലോചിക്കേണ്ട കാര്യം. അതാണ് അതിന്റെ ബേസിക്കായിട്ടുള്ള കാര്യം. അതല്ലാതെ നമ്മുടെ നാട്ടിലെ പാവപ്പെട്ട ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുകയാണെങ്കിൽ വില വർദ്ധനവുണ്ടാകും. അത് പാവപ്പെട്ട ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രതികൂലമായി ബാധിക്കും. അത് നോക്കാനുള്ള ബാദ്ധ്യത സർക്കാരിനുണ്ട്. ഇൻഡ്യയിലെ മുഴുവൻ ധനകാര്യ വകുപ്പുമന്ത്രിമാരും കൂടിയിരുന്നുവെന്ന് പറഞ്ഞാൽ ബി.ജെ.പി.യുടെ ആ കാര്യം നമുക്ക് അംഗീകരിക്കാൻ കഴിയുകയില്ല. എന്നാൽ തന്നെ ഞാൻ പറയുന്നു, ഇൻഡ്യാ രാജ്യത്തെല്ലാം ഒരു നികുതിയാക്കുന്നതിന് വിരോധമില്ല. പക്ഷേ,

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ വേണം ? ഇത് ചുരുങ്ങിയ തോതിലേക്ക് കൊണ്ടുവരണ്ടേ ? ഇവിടെ വർദ്ധിപ്പിക്കുകയല്ലേ ചെയ്തത് ? ഭൂരിപക്ഷം സാധനങ്ങൾക്കും നികുതി വർദ്ധിപ്പിച്ചു. ഞാൻ ഒരു കാര്യംകൂടി പറയട്ടെ. ആ നികുതി നിർദ്ദേശങ്ങളെക്കുറിച്ച് പറയുമ്പോൾ അങ്ങ് ഒരു കാര്യം എപ്പോഴും പറയുന്നതെന്താണ് ? അപ്പുറത്തുള്ള ആളുകളൊക്കെ പറയുന്നതെന്താണ് ? കോൺഗ്രസ് കൊണ്ടുവന്നതാണ്. കോൺഗ്രസ്സിന്റെ സാമ്പത്തിക നയത്തിന്റെ ഭാഗമാണ്. അല്ലെങ്കിൽ ഡബ്ലിയു.ടി.ഒ.യിൽ അംഗമായതുകൊണ്ടാണ് എന്നൊക്കെയാണ്. ഡബ്ലിയു.ടി.ഒ.യുടെ ചെറിയ കൈയൊക്കെ ഇതിന്റെ പുറകിലുണ്ട്. സത്യമാണ്. അതൊന്നും മറച്ചു പിടിച്ചിട്ട് കാര്യമില്ല. അതിൽ ഇപ്പോൾ അറിഞ്ഞോ അറിയാതെയോ നമ്മളും വീഴുകയാണ്. ഞങ്ങൾ എതിർക്കാൻ തയ്യാറാണ്. ഞങ്ങൾ ഇവിടെ തെളിയിക്കാൻ അമന്റുമെന്റ് കൊണ്ടുവരുന്നുണ്ട്. അമന്റുമെന്റ് കൊണ്ടുവരുന്നത് കൃഷിക്കാരനെ ബാധിക്കുന്ന കാര്യങ്ങളെക്കുറിച്ചാണ്. ഞാൻ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കട്ടെ. ഇപ്പോൾ കേന്ദ്ര ധനകാര്യവകുപ്പുമന്ത്രി യശ്വന്ത് സിൻഹ ബഡ്ജറ്റ് കൊണ്ടുവന്നിരിക്കുന്നു. അതിലേക്ക് കണ്ണോടിച്ചാൽ ഒരുകാര്യം വളരെ വ്യക്തമാകും. യൂറിയയ്ക്ക് ടാക്സ് കൂട്ടിയിട്ടില്ലേ ? യൂറിയയ്ക്ക് 15 ശതമാനത്തോളം വില വർദ്ധനവുണ്ടാക്കി. അതിനെ ഇവിടെ അപ്പുറത്തും ഇപ്പുറത്തും ഒരുപോലെ എതിർക്കുകയല്ലേ ? നമ്മളെല്ലാവരും എതിർക്കുകയല്ലേ ? ഭക്ഷ്യസബ്സിഡി കുറച്ചിരിക്കുന്നു. ഞങ്ങൾ എതിർക്കുന്നു. നിങ്ങൾ എതിർക്കുന്നു. നമ്മൾ ഇവിടെ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയില്ലേ ? നമ്മൾ മാത്രമാണോ ? ബി.ജെ.പി.യിലെ മുന്നണിയിലുള്ള കക്ഷികൾ, സമതാപാർട്ടി, ജനതാദൾ (യു), ഡി.എം.കെ., തെലുങ്കുദേശം തുടങ്ങി എല്ലാവരും എതിർക്കുന്നു. അതേ സമീപനമല്ലേ നമ്മുടെ സർക്കാരും ഇപ്പോൾ കൈക്കൊള്ളുന്നത് ? രണ്ടര ശതമാനമുള്ള രാസവളം-യൂറിയ ഉൾപ്പെടെയുള്ള 27 ഇനം ഇതിന്റെ ഷെഡ്യൂളിൽ കൊടുത്തിരിക്കുന്നു. കേന്ദ്ര ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്ന നമ്മൾ എന്താണ് ചെയ്യുന്നത് ? കേന്ദ്രം ചെയ്യുന്നത് തന്നെയാണ്. രണ്ടര ശതമാനം നാല് ശതമാനമാക്കി വർദ്ധിപ്പിക്കുകയാണ്. കേന്ദ്രത്തിനെ കുറ്റപ്പെടുത്തിയാൽ മാത്രം മതിയോ ? നമ്മളും ആ കാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യേണ്ടതല്ലേ ? നമ്മുടെ നാട്ടിലെ പാവപ്പെട്ട കൃഷിക്കാരന്റെ ഉൽപ്പന്നങ്ങൾക്കെല്ലാം വില ഇടിയുമ്പോൾ കേന്ദ്ര ഗവൺമെന്റ് യൂറിയയ്ക്ക് വില കൂട്ടുന്നത് തെറ്റാണ്. അതിനെതിരായി ഒറ്റക്കെട്ടായി നീങ്ങാൻ നമുക്ക് സാധിക്കണം. അങ്ങനെ നീങ്ങാൻ ശ്രമിക്കുമ്പോൾ നമ്മൾ ഇവിടെ ചെയ്യുന്നതെന്താണ് ? നമ്മൾ രണ്ടര ശതമാനം എന്നുള്ളത് 4 ശതമാനമാക്കി കൃഷിക്കാരനെ പിഴിഞ്ഞെടുക്കാൻ ശ്രമിക്കുന്നു. ഇത് ശരിയായ സമീപനമാണോ ? നമ്മൾ തമ്മിൽ ഈ കാര്യത്തിൽ അഭിപ്രായവ്യത്യാസം വേണ്ട. കേന്ദ്ര ഗവൺമെന്റിന്റെ നയത്തോട് ഞങ്ങൾക്ക് യോജിപ്പില്ല. സാമ്പത്തിക നയത്തിൽ പല കാര്യങ്ങളോടും ഞങ്ങൾക്ക് വിയോജിപ്പാണുള്ളത്. നിങ്ങൾക്ക് യാതൊരു സംശയവും വേണ്ട. ഞാൻ ഒരു കാര്യം വ്യക്തമാക്കാനാഗ്രഹിക്കുകയാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എന്നു പറയുന്ന പാർട്ടിക്ക് ഒരു left of the centre line അല്ലാതെ എടുക്കാൻ കഴിയുകയില്ല. ഈ രാജ്യത്ത് 1939-ൽ പ്ലാനിംഗ് അംഗീകരിച്ച ദേശീയ രാഷ്ട്രീയ പ്രസ്ഥാനം ആണ് കോൺഗ്രസ്സ്. അന്നാണ് ജവഹർലാൽ നെഹ്റു ചെയർമാനായിക്കൊണ്ടുള്ള പ്ലാനിംഗ് കമ്മിഷനുണ്ടാക്കിയത്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടി. ഭരണഘടനയുണ്ടാക്കി. പ്ലാനിംഗ് കമ്മീഷനെ ഞങ്ങളുണ്ടാക്കി. പ്ലാനിംഗ് അംഗീകരിച്ച രാഷ്ട്രീയ പ്രസ്ഥാനമാണ് കോൺഗ്രസ്. ഞങ്ങൾക്ക് അതിന് ആവേശം കിട്ടിയത് സോവിയറ്റ് റഷ്യയിൽ നിന്നാണ്. അന്നത്തെ എ.ഐ.സി.സി.യുടെ പ്രൊസീഡിംഗ്സിൽ ജവഹർലാൽ നെഹ്റുവിന്റെ പ്രസംഗമെടുത്ത് നോക്കിയാൽ അത് കാണാൻ കഴിയും. അത് കഴിഞ്ഞ് ആവടിയിൽ സോഷ്യലിസ്റ്റ് പാറ്റേൺ ഓഫ് സൊസൈറ്റിയെന്ന് പറഞ്ഞവരാണ് ഞങ്ങൾ. ഞങ്ങൾ അത് കഴിഞ്ഞ് ഭുവനേശ്വറിൽ വച്ച് യാതൊരു സംശയവും കൂടാതെ ഡെമൊക്രാറ്റിക് സോഷ്യലിസമെന്ന് പറഞ്ഞവരാണ്. ഞങ്ങളെ സംശയിക്കേണ്ട. ഞങ്ങൾക്ക് ഒരു left of the centre line അല്ലാതെ ഞങ്ങളുടെ പാർട്ടിക്ക് എടുക്കാൻ കഴിയുകയില്ല. അല്ലാത്ത ലൈൻ എടുത്താൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഇൻഡ്യൻ നാഷണൽ കോൺഗ്രസല്ലാതായി മാറുമെന്നുള്ള കാര്യം നമുക്കറിയാം. അതുകൊണ്ട് left of the centre line മാത്രമേ ഞങ്ങൾ എടുക്കുകയുള്ളൂ. ആ കാര്യത്തിലൊന്നും സംശയം വേണ്ട. ഞങ്ങൾ ഇതൊക്കെ പറയുമ്പോൾ ഇവിടെ പറയുന്നത് എന്താണ് ? നിങ്ങൾ എന്തുകൊണ്ട് ഡബ്ലിയു.ടി.ഒ.യിൽ അംഗമായിയെന്നുള്ളതാണ് ? ഞാൻ ഒരൊറ്റ കാര്യം മാത്രം പറയട്ടെ. ഇത് ഡബ്ലിയു.ടി.ഒ.യുമായി ബന്ധപ്പെട്ട കാര്യമാണ്. ഞാൻ വളരെ ക്ലിയറായി പറയാം. ചില കാലത്ത് ചില മാറ്റങ്ങളുണ്ടാകും. ആ മാറ്റങ്ങൾ ലോകത്ത് നടക്കുമ്പോൾ ഞങ്ങൾക്ക് അംഗീകരിക്കാതെ പോകാൻ കഴിയുകയില്ല. സോവിയറ്റ് ബ്ലോക്കിന്റെ തകർച്ച ഞങ്ങളെയൊക്കെ തകർത്തു. അതൊക്കെ കാണാതെ പോയിട്ട് കാര്യമില്ല. ഞാൻ നിങ്ങളോട് ഒരുകാര്യം ചോദിക്കട്ടെ, ഡബ്ലിയു.ടി.ഒ.യിൽ അംഗമായ ചൈന അനുവർത്തിക്കുന്ന നിലപാട് വാജ്പേയിയുടെ നിലപാട് ആയിരിക്കുമോ ? ആയിരിക്കുകയില്ലെന്നാണ് എന്റെ വിശ്വാസം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ചൈന നമുക്ക് താരതമ്യം ചെയ്യാൻ കഴിയാത്ത മാതിരി കൈയടക്കിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ അവർക്ക് അനുകൂലമാണ് ഡബ്ലിയു.ടി.ഒ.

ശ്രീ. ആര്യാടൻ മുഹമ്മദ് : President Jiang zemin said in Beijing on January 19... ഇത് ഏതാണെന്ന് അറിയാമോ ? News from China, January 26. അതിൽ പറയുന്ന കാര്യം എന്താണെന്ന് അറിയാമോ ? "China's efforts to enter the WTO, which has lasted for 13 years, means the country wants to participate more fully in international competition, Jiang said." Jiang stressed that China must continue to open its markets wider to the rest of the world, and fully utilize overseas capital, technology resources and advanced management skills to further develop its economy...അതിനുവേണ്ടിയാണ് ചൈന ഡബ്ലിയു.ടി.ഒ.യിൽ ചേർന്നത്. ശരിയാണ്, അതിനെ അനുകൂലിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് ഞങ്ങളും ചേർന്നത്. അല്ലാതെ ശ്രീ. വാജ്പേയിയുടെ ലൈനല്ല. Jiang Zemin പറയുന്നു 13 വർഷമായി ഇതിന് ശ്രമിക്കുന്നു. യു.എഫ്. ഗവൺമെന്റ് അംഗീകരിച്ചതല്ലേ. അവരുടെ കാലത്തല്ലേ ആദ്യത്തെ ഡബ്ലയു.ടി.ഒ.യിൽ പങ്കെടുത്തത്. അതൊക്കെ ശരിയായിരുന്നു. പക്ഷേ, അത്

LIBRARY ARCHIVES Kerala Legislative Assembly

വച്ച് അമേരിക്ക പറയുന്നതുപോലെ മുഴുവൻ നടപ്പാക്കാൻ കഴിയുകയില്ല. ഇവിടെ ഇപ്പോൾ നമ്മൾ എന്താണ് കാണുന്നത്. ഇവിടെ എയർപോർട്ട് വിൽക്കുന്നു ഞങ്ങൾ അംഗീകരിക്കുകയില്ല. അതേ കൂട്ടത്തിൽ ഒരു ചെറിയ കാര്യം കൂടി എനിക്ക് പറയാനുണ്ട്. നമ്മുടേത് ഇടതുപക്ഷ ചിന്താഗതിയുള്ള ഒരു സർക്കാരല്ലേ. നമ്മുടെ കടലൊക്കെ വിൽക്കണമോ സർ, ആലോചിക്കേണ്ടതല്ലേ, ആലോചിക്കാൻ വേണ്ടി പറയുകയാണ്. വിഴിഞ്ഞം പോർട്ട് 800 കോടി രൂപയ്ക്ക് കുമാർ ഗ്രൂപ്പിന് കൊടുത്തിരിക്കുകയാണ്. 30 കൊല്ലത്തേക്ക്. ആ കരാറിലെ വ്യവസ്ഥ എന്താണ് ? 30 കൊല്ലം കൂടി എക്സ്റ്റന്റ് ചെയ്യാം. അത് കൊടുത്തത് നിങ്ങളാണ്. അത് ഞങ്ങൾ പറയുമ്പോൾ നിങ്ങൾ എതിരാണ്. ഞാൻ ഒരു കാര്യം പറയാം എന്റെ അഭിപ്രായത്തിൽ കഴിയുമെങ്കിൽ ഇതൊന്നും കൊടുക്കാതെ നോക്കണം. നമ്മൾ എറണാകുളത്ത് എയർപോർട്ട് ഉണ്ടാക്കിയില്ലേ 51 ശതമാനം ഷെയറും നമ്മുടെ കൈയിലാണ്. എന്തുകൊണ്ട് ആ ലൈനിൽ ചിന്തിച്ചുകൂടാ. ഇവിടെ പോയി പോയി എവിടെ വരെ പോയി. മട്ടാഞ്ചേരിയിൽ ഒരു പാലം വരെ നമ്മൾ 13 കൊല്ലത്തേക്ക് ഒരു കമ്പനിയെ ഏൽപ്പിക്കുന്ന ഗതികേടിലേക്ക് വരെ കേരളം പോയാൽ ഇൻഡ്യയിലെ ബാക്കിയുള്ള സംസ്ഥാനങ്ങളുടെ സ്ഥിതി എന്താകും. നിങ്ങളെ എതിർക്കുകയല്ല, നിങ്ങൾ ആലോചിക്കാൻ വേണ്ടി പറയുകയാണ്. ഇടവഴി വരെ കൊടുക്കുന്ന സ്ഥിതിയാണ്. ഞാൻ പറയുന്നത് ആ എയർപോർട്ട് കൊടുക്കുന്നത് നമ്മൾ എതിർക്കുമ്പോൾ കേരളത്തിലെ ജനങ്ങളെ നമ്മുടെ കൂടെ നിർത്തണമെങ്കിൽ ഈ പാലം വരെ ഈ രൂപത്തിൽ കൊടുക്കാതെ നമ്മൾ നിർത്തണ്ടെ. നമുക്ക് നിർത്താൻ കഴിയണ്ടെ. ജനങ്ങളുടെ ഇടയിൽ ഇതിനെക്കുറിച്ചുള്ള അഭിപ്രായം എന്തായിരിക്കും. ഞാൻ നിങ്ങൾ ചിന്തിക്കാൻ വേണ്ടി പറയുകയാണ്. അതിന്റെയൊക്കെ ഭാഗമായിട്ടാണ് ഞാൻ നേരത്തെ പറഞ്ഞതുപോലെ ജനറൽ എഗ്രിമെന്റ് ഓൺ ട്രേഡ് ആന്റ് താരിഫ്. അതാണ് 'ഗാട്ട്' അതിന്റെ ഭാഗമായിട്ടാണ് എല്ലാ സംസ്ഥാനങ്ങൾക്കും ഏക നികുതിയെന്നുള്ളത് വന്നത്. ആ നിയമം വരുമ്പോൾ ഇവിടെ ചെയ്യുന്നത് എന്താണ് ? നമ്മുടെ സംസ്ഥാനത്തുള്ളവർ വളരെ മര്യാദക്കാർ. നമ്മൾ ഡിസംബർ 31-ന് നോട്ടിഫിക്കേഷനിറക്കി ശ്രീ. വാജ്പേയിയുടെ മുന്നിൽ, ബി.ജെ.പി.യുടെ മുന്നിൽ, കേരളം പോലത്തെ ഒരു സംസ്ഥാനം സൗത്ത് ഇന്ത്യയിലില്ല. തമിഴ്നാട് 31-ാം തീയതി നോട്ടിഫിക്കേഷനും ഓർഡിനൻസുമിറക്കിയില്ല. ആന്ധ്ര ഇറക്കിയില്ല, കർണ്ണാടക ഇറക്കിയില്ല, പോണ്ടിച്ചേരി ഇറക്കിയില്ല. നമ്മുടെ സംസ്ഥാനമിറക്കി. ഒന്നാം തീയതി തന്നെ നമ്മുടെ സംസ്ഥാനം നടപ്പിലാക്കി, ശരി. നടപ്പിലാക്കിയതിന് ശേഷമുള്ള സ്ഥിതിയാണ് പറയേണ്ടത്. സൗത്തിൻഡ്യയിൽ ഞങ്ങൾ ഭരിക്കുന്ന സംസ്ഥാനം കർണ്ണാടക മാത്രമാണ്. നമ്മുടെ ഉൽപ്പന്നമായ കാഷ്യൂവിന് 8 ശതമാനം നികുതി ഇവിടെ, കർണ്ണാടകയിൽ 2 ശതമാനം, എന്നിട്ടും സബ്ജക്ട് കമ്മിറ്റിയിൽ അത് മാറ്റിയില്ലല്ലോ. ഇവിടെ അത് തന്നെ കൊണ്ടു വന്നില്ലേ. അതുകൊണ്ട് വീണ്ടും പറയേണ്ടി വരികയാണ്. ശർക്കര പാവപ്പെട്ടവന്റെത് അല്ലേ. കർണ്ണാടകത്തിൽ ഒരു ശതമാനം ഇവിടെ 4 ശതമാനം. ഏകീകരിക്കാനാണോ ഇതെന്ന് ഞാൻ ചോദിക്കുകയാണ്. മൈദ കർണ്ണാടകത്തിൽ സീറോ പോയിന്റ് ഇവിടെ 4 ശതമാനം അരിക്ക് ഇപ്പോൾ കേന്ദ്രം സബ്സിഡി എടുത്തു കളയുകയാണ്. ആ സമയത്ത് കർണ്ണാടകയിൽ സീറോ പോയിന്റ് നമ്മുടെ സംസ്ഥാനത്ത് ഒരു

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം. ഏകീകരിക്കുകയാണെങ്കിൽ ഈ സീറോ പോയിന്റ് കൊണ്ടു വരണ്ടെ. ഗോതമ്പിന് കർണ്ണാടകയിൽ സീറോ പോയിന്റ്... പെട്രോളിന്റെയും ഡീസലിന്റെയും പറഞ്ഞതാണ് ഞാൻ വീണ്ടും പറയുന്നില്ല. ബഹുമാനപ്പെട്ട ബാലൻവൈദ്യർ ഒരു കാര്യം ഇവിടെ പറഞ്ഞു. അദ്ദേഹത്തിന് സാധാരണ ആളുകളുമായിട്ട് ബന്ധമുള്ളതുകൊണ്ട് കുറെ കാര്യങ്ങളൊക്കെ അറിയാം. തമിഴ്നാട് ഗവൺമെന്റിന്റെ ഒരു ലെറ്റർ ഞാൻ ഇവിടെ വായിക്കാം. ഓർഡർ വന്നത് 21 ഫെബ്രുവരി 2000, Sales Tax for Khadi and Village Industries Products in Tamilnadu I am to invite kind attention to your D.O. letter cited and to inform you that orders were issued by this Government during the year 1967 granding exemption from the tax payable under the Madras General Sales Tax Act, 1956 where such products are sold by the Khadi and Village Industries Board, subject to the condition that they should deal only in goods enumerated in such schedule of Village Industries falling within the purview of the Khadi and Village Industries Commission Act, 1956. As per the above orders, the products sold by the Khadi and Village Industries Board which are coming within the purview of Khadi and Village Industries Commission Act, 1956 are exempted from payment of tax. തമിഴ്നാട്ടിൽ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് 1956-ലെ ഷെഡ്യൂളിൽ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും ടാക്സ് ഒഴിവാക്കിക്കൊണ്ട് ഫെബ്രുവരി 21-ാം തീയതി അവിടെ ഓർഡർ ഇറക്കി. ആ ഓർഡർ ആണ് ഞാൻ വായിക്കുന്നത്. അതും ഇൻഡ്യയിലെ ഒരു സംസ്ഥാനമാണ്. ആ സംസ്ഥാനത്ത് ഏകീകരണമുണ്ട്. ഈ സംസ്ഥാനത്തെ മുഴുവൻ ഖാദി സംഘങ്ങളും തകരാൻ പോകുകയാണ്. ഖാദി സംഘങ്ങൾക്ക് ടാക്സ് കൊണ്ട് വന്നിരിക്കുകയാണ്. എസ്.എസ്.ഐ. യൂണിറ്റ് തുടങ്ങിയ കാലത്ത് 7 ശതമാനം എക്സംപ്ഷൻ ഉണ്ട്. ഇവിടെ പുതുതായിട്ട് യൂണിറ്റൊന്നും വരില്ല. എന്നാൽ നിലവിലുള്ള യൂണിറ്റുകൾക്ക് 7 ശതമാനം എക്സംപ്ഷൻ ഉണ്ട്. ആ 7 ശതമാനം എക്സംപ്ഷൻ ഉള്ളതുകൊണ്ട് അവർക്കില്ല. എസ്.എസ്.ഐ. യൂണിറ്റുകൾക്ക് കൂടുതൽ ടാക്സ് ഏർപ്പെടുത്തിയതുകൊണ്ട് ഈ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് മുഴുവൻ തകർന്ന് തരിപ്പണമാകും. അതേയവസരത്തിൽ തമിഴ്നാടിന്റെ ഓർഡർ ഞാൻ വായിച്ചല്ലോ അവിടെ ഖാദി വ്യവസായങ്ങൾക്കില്ല. അവിടത്തെ പ്രോഡക്ട്സ് ഇങ്ങോട്ടുകൊണ്ടു വരും. അവർക്ക് മാർക്കറ്റ് ഉണ്ടാക്കികൊടുക്കാൻ ഉതകുന്നതാണ് ഈ നികുതി നിർദ്ദേശം. ഇവിടെ ഇഞ്ചിക്ക് നികുതി കുറച്ചില്ല. ഏലത്തിന് കുറച്ചില്ല. പെപ്പറിന് കുറയ്ക്കുമെന്നു പറഞ്ഞു. റബ്ബറിന് കുറച്ചില്ല, കപ്പയ്ക്കു നികുതി, കാപ്പിക്ക് നികുതി, കൃഷിക്കാരന്റെ ഉൽപ്പന്നത്തിന് മുഴുവൻ നികുതി ഏർപ്പെടുത്തി അതിനെ തകർത്തു. ഒരു കാര്യം ഞാൻ പറയട്ടെ. ബഹുമാനപ്പെട്ട മന്ത്രിയോട് വളരെ ബഹുമാനത്തോടുകൂടി പറയുന്നു. അങ്ങ് സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞു ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന്റെ ആക്ടിന്റെ ഷെഡ്യൂൾ മുഴുവൻ ഒഴിവാക്കുമെന്ന്. ഈ റിപ്പോർട്ടിൽ അത് കണ്ടിട്ടില്ലല്ലോ. എന്നിട്ട് എന്താണ് പറയുന്നത്. അടയ്ക്കയ്ക്ക് ടാക്സ് കുറയ്ക്കാം. പെപ്പറിന്റെ ടാക്സ് കുറയ്ക്കാം. ഏലത്തിന്റേത് കുറയ്ക്കാം. ബാക്കിയൊന്നും കുറയ്ക്കുകയില്ല എന്ന്. നാളികേരം, റബ്ബർ, ഇഞ്ചി ഇതൊന്നും കുറച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്തിന് അധികം പറയുന്നു. ഇവിടെ കൊണ്ടുവന്നിട്ട് എന്താണ് പറയുന്നത് Section 10 of the Sales Tax Act അതിൽ കുറയ്ക്കാനുള്ള അധികാരം സർക്കാരിനുണ്ട്. ഇവിടെ ഇട്ടു എന്നുവച്ച് പിന്നെ നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്യാമെന്നാണ് പറയുന്നത്. എന്നുപറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ് ? എന്താണ് നമ്മുടെ ഉദ്ദേശം. അത് 4 ശതമാനമാക്കാനാണെങ്കിൽ എന്തുകൊണ്ട് ഈ ബില്ലിൽ അതിന് പ്രൊവിഷൻ വച്ചുകൂടാ. അപ്പോൾ പ്രൊവിഷൻ വച്ചാൽപോരാ. ഒരു വർഷത്തേക്ക് എക്സ്റ്റെന്റ് ചെയ്യണം. എന്നിട്ട് ആ പാവങ്ങൾ കൂട്ടായിട്ട് ഇവിടെ വരണം. ഓരോ വർഷവും വരണം. ആറാറ് മാസം കൂടുമ്പോൾ വരണം. വല്ല കാര്യവുമുണ്ടോ ബഹുമാനപ്പെട്ട മന്ത്രി. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നില്ല. ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇതിന്റെ എക്സ്റ്റെൻഷനും മറ്റും വേണ്ടി ഇത് ദുരുപയോഗപ്പെടുത്തിയാൽ കുറ്റം പറയാൻ പറ്റുമോ ? അതിനുള്ള വ്യവസ്ഥയല്ലേ ഇത്. ഈ നോട്ടിഫിക്കേഷൻ എന്തിനിറക്കുന്നു. നിങ്ങൾ ഇപ്പോൾ ഇത് കൊണ്ടുവന്നിട്ട് നോട്ടിഫിക്കേഷനിൽ 4 ആക്കുന്നു. ഞാൻ പറയുന്നു, ഇന്ന് ഈ സഭ കൂടുമ്പോൾ ഈ സഭയുടെ മുമ്പിൽ പെപ്പറിന്റെ ടാക്സ് എത്രയാണ് ? നിങ്ങൾ നോട്ടിഫിക്കേഷനിറക്കി 4 ശതമാനം ആക്കും. ഇതിൽ കൊണ്ടുവന്നിരിക്കുന്നത് 8 ശതമാനം ഓരോന്നിനും നോട്ടിഫിക്കേഷനിറക്കാൻ എന്താവശ്യമാണ്. ഞാൻ പറയുന്നു അതൊക്കെ മിസ്യൂസ് ചെയ്യാനുള്ള അവസരങ്ങളുണ്ടാകും. സബ്ജക്ട് കമ്മിറ്റിയിൽ പോയിവന്നിട്ട് സ്കാഷ്, സോഡാ തുടങ്ങിയ സാധനങ്ങൾക്കൊക്കെ ടാക്സ്. ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി, സബ്ജക്ട് കമ്മിറ്റിയിൽ വന്ന ഭേദഗതിയിൽ.....ഫ്രൂട്ട് ജ്യൂസിന് ടാക്സ് കൊടുക്കണം. തട്ടുകടയിൽ പോയി ഫ്രൂട്ട് ജ്യൂസ് കുടിച്ചാൽ 20 ശതമാനം ടാക്സ് കൊടുക്കണം. ഒറിജിനൽ ബില്ലിൽ ഇല്ലാത്ത കാര്യമാണ്. തട്ടുകടയിൽ നിന്നും ഫ്രൂട്ട് ജ്യൂസ് പോലും കുടിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കണോ ? ഏതായാലും ആദ്യം സബ്ജക്ട് കമ്മിറ്റിയിൽ പോയി വന്നപ്പോൾ ചെയ്തത് എന്താണ്. മോർ, തൈര് അതായത് മിൽക്ക് പ്രോഡക്റ്റ്സ്... ബോട്ടിൽഡ് ഓർ നോട്ട്, എന്നാണ്. ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി ബോട്ടിൽഡ് ഓർ നോട്ട്. ഓർ നോട്ട് എന്നുപറഞ്ഞാൽ ബോട്ടിൽ ചെയ്യാത്തത്. അത് മോരാണ്. മോർ മിൽക്ക് പ്രോഡക്ടാണ്. അതിനുവരെ ടാക്സ് കൊണ്ടുവന്നിരിക്കുന്നു. ഉപ്പുവരെയുണ്ട്. ഏതായാലും പപ്പടത്തെ അതിൽ നിന്നും ഒഴിവാക്കി. മഹാഭാഗ്യം. ട്രേഡ് മാർക്കുള്ള പപ്പടത്തിനുമാത്രം മതി. ബാക്കിയുള്ളതിന് ഒഴിവാക്കി. ഏതായാലും കൃഷിക്കാരന്റെമേൽ കൊണ്ടുവന്ന ഈ ടാക്സ് മുഴുവൻ ഒഴിവാക്കണം. അതുപോലെ ഫെർട്ടിലൈസറിന്റെ കാര്യം. അതും ഒഴിവാക്കണം. അതുപോലെ ഖാദിയുടെ ടാക്സും പൂർണ്ണമായും ഒഴിവാക്കണം. പാവപ്പെട്ട ജനങ്ങളെ ബാധിക്കുന്ന എല്ലാ ടാക്സും ഒഴിവാക്കണം. ഞാൻ അന്നു പറഞ്ഞതു പോലെ റിവോൾവർ, ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയ്ക്കൊക്കെ ടാക്സ് കൂട്ടണം. അതുമാത്രമാണ് എനിക്കു പറയാനുള്ളത്.

ശ്രീ. തമ്പാനൂർ രവി : സർ, ഈ വിൽപ്പനനികുതി ഭേദഗതി വളരെ ദൂരവ്യാപകമായ വിലക്കയറ്റമാണ് നമ്മുടെ സംസ്ഥാനത്ത് സൃഷ്ടിച്ചിരിക്കുന്നത്. 1995-ൽ ഡൽഹിയിൽ ധനകാര്യവകുപ്പുമന്ത്രിമാരുടെ യോഗം കൂടിയപ്പോഴും അതിനുശേഷം മുഖ്യമന്ത്രിമാരുടെയും ധനകാര്യവകുപ്പുമന്ത്രിമാരുടെയും യോഗം

LIBRARY ARCHIVES Kerala Legislative Assembly

1999 നവംബറിൽ കൂടിയപ്പോഴും ഉണ്ടായിരുന്ന ധാരണയ്ക്ക് വിരുദ്ധമായി... മോങ്ങാനിരുന്ന നായയുടെ തലയിൽ തേങ്ങാ വീണു എന്നു പറഞ്ഞതുപോലെ ഇതെല്ലാം അവസരത്തിൽ ഉപയോഗിച്ചുകൊണ്ട് ഇതിന്റെ മറവിൽ ഭയങ്കരമായ വിൽപ്പന നികുതി എല്ലാ ഇനങ്ങളിലും കൂട്ടുന്ന ഒരു നടപടിയായിട്ടാണ് കേരള

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

ഗവൺമെന്റ് ഇതിനെ കണ്ടിരിക്കുന്നത്. അതിരൂക്ഷമായ സാമ്പത്തിക തകർച്ചയിൽ നിൽക്കുന്ന, നികുതി സമയബന്ധിതമായി പിരിച്ചെടുക്കാൻ കഴിയാത്ത ഒരു നല്ല ധനകാര്യ മാനേജ്മെന്റില്ലാത്ത കേരളത്തിൽ നല്ല ഉദ്ദേശത്തോടുകൂടി കൊണ്ടുവന്ന ഈ നിയമഭേദഗതിയെ ഇവർ നാലുവർഷക്കാലം ചെയ്ത തെറ്റുകൾ തിരുത്താനുള്ള ഒരു സംവിധാനമാക്കി മാറ്റിയിരിക്കുന്നുവെന്നാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക നിലനിൽപ്പിന് നികുതികൾ അത്യാവശ്യമാണ്. നികുതി പിരിക്കണ്ടായെന്ന് നമുക്കാർക്കും പറയാൻപറ്റില്ല. കേരളത്തിന്റെ നിലനിൽപ്പുതന്നെ അതിന്റെ അടിസ്ഥാനത്തിലാണ്. വളരെ ശുഷ്കമായ ഖജനാവാണ് നമുക്കുള്ളത്. ആ ശുഷ്കമായ ഖജനാവിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഇനം എന്നുപറയുന്നത് സെയിൽസ് ടാക്സ് പിരിവ് തന്നെയാണ്. ബാക്കി പിരിവുകളൊക്കെയുണ്ടെങ്കിലും കൂടുതലും സെയിൽസ്ടാക്സ് തന്നെയാണ്. കാർഷികാദായ നികുതിയും മോട്ടോർ വാഹന നികുതിയുമൊക്കെയുണ്ടെങ്കിലും നമ്മുടെ വരുമാനത്തിന്റെ സിംഹഭാഗവും വിൽപ്പനനികുതിതന്നെയാണ്. എന്നുവിചാരിച്ച് ഈ നിയമഭേദഗതിയുടെ പേരിൽ കേരളത്തിലെ സാധാരണക്കാർക്ക് താങ്ങാൻകഴിയാത്ത നികുതി അടിച്ചേൽപ്പിച്ചിരിക്കുകയാണ്. കേരളത്തിന്റെ സാമ്പത്തികസ്ഥിതിതന്നെ വളരെ മോശമാണ്. 'പണ്ടേ ദുർബല പിന്നെ ഗർഭിണിയും' എന്നസ്ഥിതിയിലാണ് ഇപ്പോൾ നിൽക്കുന്നത്. ഇപ്പോൾ 177 ഇനങ്ങളിലായി ഒരിക്കലും നമുക്ക് സഹിക്കാൻ കഴിയാത്ത നികുതികളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. രണ്ടുമൂന്നു പ്രധാനപ്പെട്ട കാര്യങ്ങൾ പറയാം. കേന്ദ്ര ഗവൺമെന്റ് 31-12-2002 വരെ വ്യവസായ സംരംഭകർക്ക് ആനുകൂല്യം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇവിടെ ഈ ബില്ലിൽ കേരള ഗവൺമെന്റ് 31-12-2000 വരെ മാത്രമേ പ്രഖ്യാപിച്ചിട്ടുള്ളൂ. അതുപോലെ പുതിയ വ്യവസായങ്ങളാരംഭിക്കുവാനും നിലവിലുള്ള വ്യവസായങ്ങളുടെ വികസനത്തിനും കേന്ദ്രഗവൺമെന്റ് ഒരുപോലെയാണ് ആനുകൂല്യം കൊടുക്കുന്നത്. അങ്ങനെ കേന്ദ്ര ഗവൺമെന്റ് ആനുകൂല്യം കൊടുക്കുമ്പോൾ കേരള ഗവൺമെന്റ് നിലവിലുള്ള വ്യവസായങ്ങളുടെ വികസനത്തിന് പുതിയ കണ്ടീഷനും നിബന്ധനകളും വയ്ക്കുകയാണ്. ഇതുപോലെ പല കാര്യങ്ങളിലും അപ്രതീക്ഷിതമായി ഇവിടുത്തെ ആളുകൾക്ക് യോജിക്കാൻ കഴിയാത്ത നികുതി അടിച്ചേൽപ്പിക്കുന്ന ഒരു സംവിധാനത്തിലൂടെയാണ് പോകുന്നത്. കർണ്ണാടകയിലെ കാര്യമൊക്കെ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞു. അവിടെ അരിക്കും ഗോതമ്പിനും ഗോതമ്പ് ഉല്പന്നങ്ങൾക്കും മൈദയടക്കമുള്ള സാധനങ്ങൾക്കും നികുതി പൂർണ്ണമായും എടുത്തുകളഞ്ഞു. ഇവിടെ മൈദയ്ക്ക് 4 ശതമാനം നികുതി. അരിക്ക് 1 ശതമാനം നികുതി. പഞ്ചസാര കേന്ദ്രം വിലക്കി. അവിടെ ഉപയോഗിക്കുന്നത് ശർക്കരയാണ്. ശർക്കരയ്ക്ക് 4 ശതമാനമാണ് ടാക്സ്. കർണ്ണാടകയിൽ നികുതി 1 ശതമാനം. ഇപ്പോൾ നികുതി ഏകീകരണം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഈ പറയുന്ന ട്രെയ്ഡ് മത്സരം ഒഴിവാക്കി സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ഭേദഗതി കൊണ്ടുവന്നത് എങ്കിലും കേരളത്തിൽ ഈ അവസ്ഥ ഉപയോഗിച്ച് ഇരുട്ടടി എന്നപോലെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഒരു സമീപനം സ്വീകരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതുപോലെ മറ്റൊരു പ്രധാനമായ കാര്യം കാപ്പി, റബ്ബർ, ജാതിക്ക, ഗ്രാമ്പു, തുടങ്ങിയവയ്ക്ക് ഏർപ്പെടുത്തിയ നികുതി എത്രയാണ്. കേരളത്തിൽ ആകപ്പാടെ സാമ്പത്തിക പ്രതിസന്ധിയാണ്. കർഷകർ പ്രയാസം അനുഭവിക്കുകയാണ്. അവരുടെ ഉൽപ്പന്നങ്ങൾക്കൊന്നും വില ലഭിക്കുന്നില്ല. ഉല്പാദനചെലവ് വളരെ കൂടുതലുമാണ്. ആ സാഹചര്യത്തിൽ അടയ്ക്കയ്ക്ക് 8 ശതമാനമാണ് നികുതി ഏർപ്പെടുത്തിയിരിക്കുന്നത്. എന്തിനാണത് ? അടയ്ക്കാകൃഷിക്കാരുൾപ്പെടെ എല്ലാവരും ദുരിതമനുഭവിക്കുന്ന ഈ കാലഘട്ടത്തിൽ അടയ്ക്കയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന 8 ശതമാനം നികുതി പൂർണ്ണമായും പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന് ഗവൺമെന്റ് തയ്യാറാകണം. അതുപോലെ 3-ാം ഷെഡ്യൂളിൽ 12-ാം ക്രമനമ്പരിൽ പറയുന്ന ബേക്കറി ഉല്പന്നങ്ങളുടെ കാര്യം. ബിസ്ക്കറ്റ്, ബന്ന്, ബ്രെഡ് ഒഴികെയുള്ള...ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെ ചെറുകിട ഖാദി കർഷകരാണ് ഈ ഉല്പന്നം ഉണ്ടാക്കുന്നത്. അതിന് 8 ശതമാനമാണ് നികുതി. അതിന്റെ അർത്ഥം രൂക്ഷമായ തൊഴിലില്ലായ്മയുള്ള കേരളത്തിൽ നാട്ടിൻ പുറങ്ങളിലുള്ള ഈ വ്യവസായം പൂർണ്ണമായും തകരുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് ആ നികുതി പൂർണ്ണമായും പിൻവലിക്കണം. അതുപോലെ 26-ാം നമ്പരായി പറഞ്ഞിരിക്കുന്ന കാലിത്തീറ്റയുടെ കാര്യം. നമ്മുടെ കാർഷിക മേഖലയാകെ തകർന്നു. കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് പിടിച്ചുനിൽക്കാൻ കഴിയുന്നത്, നാട്ടിൻപുറത്തെ പട്ടിണി മാറുന്നത് രണ്ട് ആടോ അല്ലെങ്കിൽ രണ്ട് എരുമയോ ഒക്കെ വളർത്തി അതിന്റെ പാലെടുത്ത് വിറ്റ് ഉപജീവനം നടത്തുന്നതുകൊണ്ടാണ്. ഇപ്പോൾത്തന്നെ ഉല്പാദനത്തിന്റെ വിലയ്ക്കനുസരിച്ച് പാൽ ലഭിക്കുന്നില്ലായെന്ന് വ്യാപകമായ പരാതിയുണ്ട്. കാലിത്തീറ്റ വലിയ വിലയുള്ള സാധനമാണ്. അതിനാൽ 26-ാം ഷെഡ്യൂളിൽ പറയുന്ന കാലിത്തീറ്റയുടെ നികുതി പൂർണ്ണമായും പിൻവലിക്കണം. നമ്മുടെ കാർഷികരംഗം തകർന്നു. നാട്ടിൻപുറത്ത് തൊഴിലില്ല. റബ്ബർ കൃഷി തകർന്നു. എല്ലാ കൃഷിയും തകർന്നു. കന്നുകാലികളെ വളർത്തി ജീവിക്കുന്ന പാവപ്പെട്ട കർഷകനെ സഹായിക്കാൻ കാലിത്തീറ്റയുടെ നികുതി പൂർണ്ണമായും പിൻവലിക്കണം.

ശ്രീ. കെ. ബാബു : ഗവൺമെന്റിന്റെ പ്രതീകമായി ഫാക്സ് വന്നിരിക്കുകയാണ്. ഇന്നത്തെ മലയാള മനോരമ പത്രത്തിൽ ഒരു വനിത വരച്ച കാർട്ടൂൺതന്നെ ഫാക്സ് മുഖ്യൻ എന്നുപറഞ്ഞുകൊണ്ടാണ്. ഫാക്സ് മുഖ്യൻ ഈ ഫാക്സ് ഒന്ന് ഉപയോഗിച്ചിരുന്നെങ്കിൽ ഇൻഡ്യ മുഴുവനുമുള്ള സംഭവങ്ങൾ മനസ്സിലാക്കി ഈ ടാക്സ് ഏകീകരണത്തിൽ ഇതുപോലെ വെട്ടിലാകേണ്ടി വരില്ലായിരുന്നുവെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി : അതാണ് ഞാൻ ആമുഖമായി പറഞ്ഞത്. ഈ സർക്കാർ എല്ലാ കാര്യങ്ങളിലും 50 വർഷം പുറകിലാണ്. സ്വാതന്ത്ര്യലബ്ധിക്ക് 49 വർഷം പിൻപിലാണ്. എല്ലാ കാര്യങ്ങളിലും. ഇവിടെ ആരു നോക്കുന്നു. ആരും നോക്കുന്നില്ല, എങ്കിൽ ഇങ്ങനെ വരില്ലായിരുന്നു. സംസ്ഥാന ഗവൺമെന്റിനെ സഹായിക്കുവാൻവേണ്ടി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഈ നിയമഭേദഗതി ഇവിടെ പാവപ്പെട്ടവരെ കൂടുതൽ പാവപ്പെട്ടവരാക്കുവാൻവേണ്ടി മാത്രം ഉപകരിച്ചിരിക്കുകയാണ്. ഇതാണ് അവരുടെ സമീപനം, എല്ലാ കാര്യത്തിലും. 49-ാം നമ്പരിൽ പറഞ്ഞിരിക്കുന്ന തൈര്, ബട്ടർ മിൽക്ക്, ഇത് കേരളത്തിൽ പൂർണ്ണമായും ഉല്പാദിപ്പിക്കുന്നുണ്ട്. തൈരും ബട്ടർമിൽക്കും കേരളത്തിൽ ഉല്പാദിപ്പിക്കുന്നതിനു പൂർണ്ണമായും നികുതി ഒഴിവാക്കുവാൻ നടപടി സ്വീകരിക്കണം. 104-ാം നമ്പരിൽ പറയുന്ന പേന, ബാൾപ്പെൻ, റീഫിൽസ് തുടങ്ങിയ സാധനങ്ങൾക്ക് 8 ശതമാനം നികുതി ചുമത്തിയിട്ടുണ്ട്. മഷിക്ക് നികുതിയില്ല എന്നാണ്. ഇവിടെ ഒരു മാസം എത്ര മഷിയാണ് ഉപയോഗിക്കുന്നത് ? മഷിക്ക് നികുതിയില്ല. ബാൾപെന്നിന്റെയും റീഫിൽസിന്റേയും നികുതി പൂർണ്ണമായി ഒഴിവാക്കണം. സ്കൂൾ ഒക്കെ തുറക്കാറായി. ട്യൂഷൻ ഫീസും പാഠപുസ്തകങ്ങളുടെ വില വർദ്ധനവും നോട്ടുബുക്കിന്റെ വിലവർദ്ധനവും ഒക്കെയായി കേരളത്തിലെ രക്ഷകർത്താക്കൾ വളരെയേറെ പ്രയാസപ്പെടുന്ന സ്ഥിതിയിലാണ്. അതുകൊണ്ട് 104-ൽ പറഞ്ഞിരിക്കുന്ന പേന, ബാൾപ്പെൻ, റീഫിൽസ് തുടങ്ങിയ സാധനങ്ങളുടെ 8 ശതമാനം നികുതി എടുത്തുമാറ്റണം എന്നാണ് എനിക്ക് പറയുവാനുള്ളത്. 108-ൽ പറഞ്ഞിരിക്കുന്ന മണ്ണെണ്ണ, നാഫ്ത തുടങ്ങിയ ഇന്ധനങ്ങൾക്കുള്ള നികുതി പൂർണ്ണമായി ഒഴിവാക്കണം എന്നാണ് എന്റെ അഭ്യർത്ഥന. 114-ൽ പറഞ്ഞിരിക്കുന്ന പ്ലേയിംഗ് കാർഡ്സിന്റെ നികുതി 28 ശതമാനം ആകട്ടെ. കുഴപ്പം എന്താണ് ? 20 ശതമാനം ആക്കാമല്ലോ ; ഇവിടെ ചെയ്തിരിക്കുന്നത് സാധാരണ ജനങ്ങളെ ബാധിക്കുന്ന നിത്യജീവിതവുമായി ബന്ധപ്പെടുന്ന, പട്ടിണി കിടക്കുന്ന ആളുകളെ ബാധിക്കുന്ന നികുതി ക്രമാതീതമായി കൂടുകയും ആവശ്യമില്ലാത്ത കാര്യങ്ങൾക്ക് നികുതി കുറയ്ക്കുകയും ചെയ്യുന്ന ഒരു സമീപനമാണ്. ഉദാഹരണം, 39-ാം ക്രമനമ്പരിൽ വെളിച്ചെണ്ണയ്ക്ക് 4 ശതമാനവും 12-ാം ക്രമനമ്പരിൽ കാണിച്ചിരിക്കുന്ന ശുദ്ധീകരിച്ച വെളിച്ചെണ്ണയ്ക്കും ഒരേ നികുതി ചുമത്തിയിരിക്കുന്നു. ഇതിന്റെ ലോജിക് മനസ്സിലാകുന്നില്ല. അങ്ങ് മറുപടി പറയുമെന്ന് പ്രതീക്ഷിക്കുന്നു. 143-ാം നമ്പരിൽ പറഞ്ഞിരിക്കുന്ന ഇറക്കുമതി പഞ്ചസാരയ്ക്ക് 4 ശതമാനം നികുതി ചുമത്തിയിരിക്കുന്നു. കർണ്ണാടകയിൽ ശർക്കരയ്ക്ക് 1 ശതമാനം, ഇവിടെ 4 ശതമാനം. ഇവിടെയുള്ള തകരാർ എന്താണ് ? ഇവിടെ നികുതി പിരിക്കുന്നതല്ല പ്രശ്നം. നികുതി പിരിക്കുന്നതിൽ കാണിക്കുന്ന കുറ്റകരമായ അനാസ്ഥയാണ്. ഇവിടെ പല കാര്യങ്ങളിലും ഓരോ വർഷവും ടാർജറ്റ് നിശ്ചയിക്കുന്നു. ടാർജറ്റ് നിശ്ചയിക്കുന്നത് പൊട്ടക്കണ്ണൻ മാവിൽ എറിയുന്നതുപോലെയാണ്. ഓരോ വർഷത്തെയും കണക്ക് എടുത്ത് ഈ വർഷം 2,000 കോടിരൂപ പിരിക്കണമെങ്കിൽ അടുത്ത വർഷം 30 ശതമാനം. സാധാരണ ശരാശി കാണുന്നത്, ഓരോ സമ്പത്തിക വർഷവും 25 ശതമാനം തൊട്ട് 35 ശതമാനം ടാക്സ് കൂടുന്ന സംവിധാനമാണ്. ഇതിൽ യാഥാർത്ഥ്യ ബോധമുണ്ടോ ? ഓരോ വർഷവും പുതിയ ഉല്പന്നങ്ങൾ മാർക്കറ്റിൽ വരും. നികുതി പിരിവിൽ ശാസ്ത്രീയമായ സമീപനം

നടത്തണം. അതുപോലെ അരിയേഴ്സ് പിരിച്ചെടുക്കുന്ന കാര്യങ്ങൾ, ചെക്ക് പോസ്റ്റിൽ നടക്കുന്ന നികുതി ചോർച്ച, ചെക്ക് പോസ്റ്റിൽ നടക്കുന്ന അഴിമതി, നികുതി ഫിക്സ് ചെയ്യുന്ന കാര്യത്തിലുള്ള അശാസ്ത്രീയമായ സമീപനം മാറ്റണം. ചെക്ക് പോസ്റ്റിലെ ടാക്സ് ചോർച്ച ഒഴിവാക്കണം. അവിടെയുള്ള ചോർച്ച നിർത്താൻ കഴിയണം. അരിയേഴ്സ് പിരിച്ചെടുക്കുന്ന കാര്യത്തിൽ പ്രത്യേക സംവിധാനം ഉണ്ടാകണം. എനിക്ക് നിർദ്ദേശിക്കുവാനുള്ളത് നികുതി പിരിവിലേയും ചെക്ക് പോസ്റ്റിലേയും പ്രശ്നങ്ങൾ മനസ്സിലാക്കി നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിലുള്ള തടസ്സം എന്താണെന്ന് മനസ്സിലാക്കിക്കൊണ്ട്, ഇടുന്ന ടാർജറ്റ് അച്ചീവ് ചെയ്യാൻ കഴിയാത്ത സാഹചര്യം പഠിക്കുവാൻവേണ്ടി സാമ്പത്തിക രംഗത്തെ ഉന്നതരായ ആളുകളും ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന ഒരു ഉന്നതാധികാര സമിതി രൂപീകരിച്ച് ഈ പ്രശ്നം മുഴുവൻ പഠിക്കണം. ചെക്ക് പോസ്റ്റിലെ ചോർച്ച, ടാക്സ് പിരിക്കുവാൻ കഴിയാത്തത്, അരിയേഴ്സ് മുഴുവൻ പിരിക്കുന്നതിനെക്കുറിച്ച് ഒരു നല്ല സമീപനം സ്വീകരിച്ച് (കമ്മിറ്റിയെവച്ച്) ഇത് പരിശോധിപ്പിക്കണം. കട പരിശോധന വേണ്ട എന്ന അഭിപ്രായക്കാരനല്ല ഞാൻ. കട പരിശോധന കുറെക്കൂടി ലിബറലായിട്ടുള്ള, അവരെക്കൂടി കോൺഫിഡൻസിൽ എടുത്തുകൊണ്ടുള്ള ഒരു സമീപനം സ്വീകരിച്ചുകൊണ്ട് വഴക്കിന്റെ മാർഗ്ഗമല്ല, അനുരഞ്ജന മാർഗ്ഗം സ്വീകരിക്കണം. അതേസമയം ടാക്സ് നമുക്ക് ചോർന്നു പോകാനും പാടില്ല. ആ നിലയിൽ ധനാഗമ മാർഗ്ഗങ്ങൾ ഉണ്ടാക്കുവാൻ വഴിയുള്ളപ്പോൾ കേന്ദ്രം തന്നെ ഈ നിയമത്തിന്റെ മറവിൽ മാത്രം കേരളീയരായ പാവപ്പെട്ടവരെ ഇങ്ങനെ പീഡിപ്പിക്കുന്ന സമീപനം മാറ്റി പ്രശ്നങ്ങൾ പഠിച്ച് അതിൽ സാങ്കേതിക പരിഹാരം കാണാനുള്ള ഒരു സമീപനം കൂടി സ്വീകരിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. പാലോട് രവി : സർ, മന്ത്രി സ്വീകരിച്ച സമീപനത്തിന് വിരുദ്ധമായിട്ടാണ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഡൽഹിയിലെ സമ്മേളനത്തെക്കുറിച്ചും ഡൽഹിയിലെ സമ്മേളനത്തിനുശേഷം ഇറക്കിയ ഓർഡിനൻസിനെക്കുറിച്ചും നിരാകരണ പ്രമേയത്തിൽ പറയുകയുണ്ടായി. നമ്മുടെ ധനകാര്യവകുപ്പുമന്ത്രി "അന്ധൻ ആനയെ കണ്ട" സ്ഥിതിയിലാണ് എത്തിയിരിക്കുന്നത്. കുരുടൻ ആനയെ കണ്ട കാര്യം അറിയാമല്ലോ ? ഡൽഹിയിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ ടാക്സ് റേറ്റ് പൊതുവേ മാറ്റണമെന്ന്, നമ്മുടെ സംസ്ഥാനത്ത് ഒരു മന്ത്രിയും ധനകാര്യവകുപ്പു മന്ത്രിമാർ ആരും ആവശ്യപ്പെട്ടില്ല. ടാക്സ് റേറ്റ് മുമ്പ് മാറ്റിയിട്ടില്ല. കഴിഞ്ഞ വർഷം കേന്ദ്രഗവൺമെന്റ് വളരെ താല്പര്യപൂർവ്വം വിളിച്ചുകൂട്ടിയ മുഖ്യമന്ത്രിമാരുടെയും ധനകാര്യവകുപ്പുമന്ത്രിമാരുടെയും കോൺഫറൻസിനുപോയിട്ട് "അന്ധൻ ആനയെ കണ്ട" സമീപനത്തോടുകൂടിയാണ് ധനകാര്യവകുപ്പുമന്ത്രി തിരിച്ച് വന്നത്. ധനകാര്യവകുപ്പുമന്ത്രി ആരെയും വിശ്വാസത്തിൽ എടുത്തിട്ടില്ല. ഈ സഭയെ വിശ്വാസത്തിൽ എടുത്തിട്ടില്ല. റവന്യൂ ടാക്സ് ശാസ്ത്രീയമായി പുനഃസ്ഥാപിക്കുന്നതിന് എത്ര രേഖകൾ നമ്മുടെ കേരളത്തിലുണ്ട്. ഈ സ്റ്റേറ്റിന്റെ പശ്ചാത്തലം നോക്കി, ഒരു പൂർണ്ണ കൺസ്യൂമർ സ്റ്റേറ്റ് എന്നുള്ള നിലയിൽ നമ്മുടെ സംസ്ഥാനത്ത് നികുതി പുനഃസ്ഥാപിക്കുന്നതിനെക്കുറിച്ച് വളരെ വിദഗ്ദ്ധമായ റിപ്പോർട്ടുകൾ ധനകാര്യവകുപ്പുമന്ത്രിയുടെ മേശപ്പുറത്തില്ലേ ;

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ മുമ്പിലില്ലേ ? ജസ്റ്റിസ് രാധാകൃഷ്ണമേനോൻ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന്റെ കയ്യിലില്ലേ ? ഇതൊന്നും ആധികാരികമായി നോക്കാതെ ഇങ്ങനെ ഒരു ഏകീകരണം, പൂർണ്ണമായുള്ള ഏകീകരണം, അങ്ങേക്ക് ഇത് എവിടെനിന്നു കിട്ടി ? ഈ സ്റ്റേറ്റിനെക്കുറിച്ച് ആവശ്യാധിഷ്ഠിതമായ ഒരു ഏകീകരണം ഞാൻ ഈ സഭയിൽ ചൂണ്ടിക്കാണിച്ചതാണ്. അതല്ലേ നമുക്ക് പറ്റുകയുള്ളൂ. അതല്ലേ തമിഴ്നാട് സ്വീകരിച്ചിരിക്കുന്നത് ? അവരുടെ ചില ഉല്പന്നങ്ങളെക്കുറിച്ച് കേന്ദ്രം പറഞ്ഞു, കേന്ദ്രം ഭരിക്കുന്ന ഭരണകക്ഷികളിലൊന്നാണ് ഡി.എം.കെ. തമിഴ്നാട് ഭരിക്കുന്ന ഡി.എം.കെ. ഗവൺമെന്റ് വളരെ ആർജ്ജവത്തോടുകൂടിയ അവരുടെ ഉല്പന്നങ്ങളെ സംബന്ധിച്ചിടത്തോളം, പരുത്തി, എണ്ണ, മറ്റു ചില ഉല്പന്നങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ആർജ്ജവത്തോടുകൂടിയ സമീപനമാണ് സ്വീകരിച്ചത്. "അന്ധൻ ആനയെ കണ്ട" സമീപനം അല്ല അവർ സ്വീകരിച്ചത്. അവർ പറഞ്ഞു, സ്റ്റേറ്റിന്റെ സാമ്പത്തിക ഘടനയെ തകിടം മറിക്കും, നമ്മുടെ സാമ്പത്തിക മേഖലയുടെ നട്ടെല്ല് തകർക്കും. അതുകൊണ്ട് ആ മേഖലയിൽതൊടാൻ പാടില്ല. കൺസൻസ്സിൽ പോയി മടങ്ങി വന്നതല്ലേ ; ധനകാര്യവകുപ്പുമന്ത്രിയെയും മുഖ്യമന്ത്രിയെയും ജയിലിൽ അടയ്ക്കുമോ ? ഈ കാര്യത്തിൽ നമ്മുടെ ധനകാര്യവകുപ്പുമന്ത്രി എന്ത് ലാഘവബുദ്ധിയാണ് കാണിച്ചിരിക്കുന്നത്. പഴം, പച്ചക്കറി, മത്സ്യമാംസാദികൾ, മുട്ട, പൂക്കൾ, സമുദ്രോല്പന്നങ്ങൾ, തുണിത്തരങ്ങൾ എന്നുവേണ്ട എല്ലാ മേഖലകളിലും പൂർണ്ണമായ ടാക്സ് ഏകീകരണം ആരാണ് അങ്ങേക്ക് ഉപദേശിച്ച് തന്നത് ? കേരളം പോലുള്ള സ്റ്റേറ്റിൽ ഈ ഗവൺമെന്റിൽ ആരാണ് അങ്ങേക്ക് ഉപദേശിച്ച് തന്നത് ? ഞങ്ങൾ സൂചിപ്പിച്ചു, ഓരോ പട്ടികയും എടുക്കാം. നമ്മുടെ കാർഷിക മേഖലയെ സംബന്ധിച്ച് തലയിൽ കൈവച്ച് വിളിക്കുന്നവരാണ് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ. കാർഷിക ഉല്പന്നങ്ങളെ സംബന്ധിച്ചിടത്തോളം വളരെ അപകടകരമായ സമീപനം, വിലവർദ്ധനവ് വരുത്തിവയ്ക്കുന്ന സാഹചര്യം, ഈ ഉൽപ്പന്നങ്ങളെ സംബന്ധിച്ച് ഉണ്ടാക്കിയിട്ടുണ്ട്. ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചൂണ്ടിക്കാണിച്ചതാണ്. വിയോജനക്കുറിപ്പ് ഇവിടെ ഇരിപ്പുണ്ട്. അങ്ങേക്ക് അറിയില്ലേ ? കാർഷിക ഉൽപ്പന്നങ്ങളുടെ സ്ഥിതി ? എല്ലാ മേഖലയിലും, കർഷകർക്ക് നാളെ കുറച്ചുകൂടി ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ, യൂറിയയുടെ കാര്യം ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. 15 ശതമാനം മുതൽ 20 ശതമാനംവരെ വർദ്ധനവ് ഉണ്ടായിരിക്കുകയാണ്. ഡൽഹിയിൽനിന്ന് ധനകാര്യവകുപ്പുമന്ത്രി കൊണ്ടുവന്ന പുതിയ നികുതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എന്തു മാത്രം വിലക്കയറ്റമാണ് ആ രംഗത്ത് ഉണ്ടാക്കിയത്. അതേ മേഖലയിൽ തന്നെ കാർഷിക ഉല്പന്നങ്ങളായ കാപ്പി, അടയ്ക്ക, കുരുമുളക്, കച്ചോലം, ഏലം, റബ്ബർ ഇവയെയൊക്കെ സംബന്ധിച്ച് ഓരോന്നോരോന്നായി ഈ സഭയിൽ പറഞ്ഞില്ലേ ? ഇവിടെ പ്രസംഗിച്ചാൽ മാത്രം മതിയോ ? ഞാൻ ചോദിക്കട്ടെ, ഏകീകരണം കൊണ്ടുവന്ന് ഇവിടെ പണം കൂടുതൽ എടുക്കാമെന്നാണോ ? നമ്മുടെ സംസ്ഥാനത്തിന്റെ കഴിഞ്ഞ വർഷത്തെ കണക്ക് എന്താണ് ? കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ട് ഞാൻ കഴിഞ്ഞ തവണ സഭയിൽ ചൂണ്ടിക്കാണിച്ചതാണ്. ലേറ്റസ്റ്റായിട്ട് എന്താണ് പറഞ്ഞിരിക്കുന്നത്, In the case of Sales Tax, the collection was only

LIBRARY ARCHIVES Kerala Legislative Assembly

Rs. 3366.62 crores as against the budget estimate of Rs. 3828 crores. The shortfall being Rs. 461.38 crores. സർ, ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 461 കോടി രൂപ ഷോർട്ട്ഫോൾ, റവന്യൂ കളക്ഷനിൽ ഇത്രയേറെ ഷോർട്ട്ഫോൾ വന്നിരിക്കുന്നു. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അത്യാവശ്യമായി ലഭിക്കേണ്ട നികുതികൾ കളക്ട് ചെയ്തെടുക്കുന്നതിന്, സഭയിൽ കൊണ്ട് വന്നിരിക്കുന്ന നികുതി നിർദ്ദേശങ്ങൾ കളക്ട് ചെയ്തെടുക്കുന്നതിനു പകരം പരിപൂർണ്ണമായ ഏകീകരണമെന്നുള്ള മുദ്രാവാക്യം, ആഗോളവൽക്കരണം, ഉദാരവൽക്കരണമെന്നൊക്കെ പറയുന്നതുപോലെ ഒരു പുതിയ മുദ്രാവാക്യവുമായി നമ്മുടെ ധനകാര്യവകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മടങ്ങിവന്നിട്ട് എല്ലാത്തിനും ഒരു ഏകീകരണമാണ്. എല്ലാത്തിന്റെയും ടാക്സ് റേറ്റ് കൂട്ടുന്നു. ഇത് ആരോടെങ്കിലും ആലോചിച്ച്, സഭയുമായി ആലോചിച്ച്, തന്റെ മേശപ്പുറത്തിരിക്കുന്ന റിപ്പോർട്ടുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ, ഇവയൊന്നും പരിഗണിക്കാതെയുള്ള നിർദ്ദേശങ്ങളാണ് കൊണ്ടുവന്നിരിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ ഇവിടെ എല്ലാവരും യോജിക്കുന്നതാണ്. ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതാണ്. നമ്മുടെ മത്സ്യത്തൊഴിലാളികൾക്ക് പുതിയ നൂറ്റാണ്ടിൽ, സാങ്കേതികവിദ്യയുടെ നീരാളിപ്പിടുത്തം നടക്കുന്ന കാലഘട്ടത്തിൽ നമ്മുടെ സമുദ്രോൽപ്പന്നങ്ങളെ സംരക്ഷിക്കാൻ എന്തുമാത്രം കാര്യങ്ങളാണ് നമ്മുടെ സീസൺ സമയങ്ങളിൽ നമ്മളെടുക്കുന്നത് ? അതിന് ഗവൺമെന്റിനു ബാധ്യതയുണ്ട്. ഇപ്പോൾ എന്താണ് ചെയ്തിരിക്കുന്നത് ? ഇപ്പോൾ ചെയ്തിരിക്കുന്നത്, ഔട്ട്ബോർഡ് എൻജിന് നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളെ പൂർണ്ണമായും ടാക്സിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഞങ്ങൾ ആ കാര്യങ്ങൾ ആവർത്തിച്ചു പറഞ്ഞതാണ്, ഞങ്ങൾ പറഞ്ഞു അത് ചെയ്യരുതെന്ന്. ടാക്സ് കൊണ്ടുവരരുതെന്നു പറഞ്ഞു. കയർ പിരിക്കുന്ന തൊഴിലാളികൾക്ക് കൈകൊണ്ട് കയറു പിരിച്ച് കൈ അനങ്ങാൻ പറ്റാതെ വരുമ്പോൾ അവർക്ക് ചെറിയൊരു റാട്ടു വച്ചുകൊടുക്കാൻ, ചെറിയൊരു മോട്ടോർ വച്ചുകൊടുക്കാൻ തീരുമാനമെടുത്തു. അതു തൊഴിലാളികൾക്കാശ്വാസമായി. അതുപോലെയാണോ ഔട്ട്ബോർഡ് എൻജിൻ ? ഏതാണ്ട് 10 ഹോഴ്സ് പവർ വരെയുള്ള ഔട്ട്ബോർഡ് എൻജിനു ടാക്സില്ലായിരുന്നു. ഞങ്ങളിതു സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതാണ്. അതു ചെവിക്കൊള്ളാൻ ഗവൺമെന്റ് തയ്യാറായില്ല, അതിനു ടാക്സ് ഏർപ്പെടുത്തിയിരിക്കുകയാണ്. നമ്മുടെ തീരപ്രദേശത്തെ ലക്ഷോപലക്ഷം തൊഴിലാളികൾ ആശ്രയിക്കുന്ന ചെറിയ കൊതുമ്പുവള്ളത്തിൽ കൊണ്ടുവയ്ക്കുന്ന മോട്ടോറിന് ഔട്ട്ബോർഡ് എൻജിന് ടാക്സ് കൊണ്ട് വന്നിരിക്കുന്നു. എന്താണ് ഗവൺമെന്റിന്റെ വരുമാനം ? നാന്നൂറും അഞ്ഞൂറും കോടി രൂപ എക്സൈസിന്റെയും സെയിൽസ് ടാക്സ് കളക്ഷൻ സമയത്ത് പിരിച്ചെടുക്കാതെയും പിടിപ്പുകേടു കാണിച്ചിരിക്കുന്ന, കെടുകാര്യസ്ഥത കാണിച്ചിരിക്കുന്ന ഒരു മേഖലയിൽ നിന്നുകൊണ്ട് ജീവിതഭാരം കൊണ്ട് ജീവിക്കാൻ നിവൃത്തിയില്ലാതെ പട്ടിണിയുമായി മല്ലിടുന്ന കേരളത്തിലെ മത്സ്യതൊഴിലാളികൾക്ക് ഇത് ദുരിതമായി മാറുമെന്ന് സബ്ജക്ട് കമ്മിറ്റിയിൽ ഞാൻ ചൂണ്ടിക്കാണിച്ചതല്ലേ ? തീരപ്രദേശത്തെ ബാധിക്കുമെന്നു പറഞ്ഞില്ലേ ? അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും സബ്ജക്ട് കമ്മിറ്റിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതല്ലേ ? ഉണ്ടായില്ല. ഒരു മാറ്റവുമുണ്ടായില്ല. പിന്നെയെങ്ങനെ വിയോജനകുറിപ്പ് എഴുതാതെ ഇരിക്കും ? ഇതാണു ഗവൺമെന്റിന്റെ സമീപനം. സർ, നമ്മുടെ റെഡിമെയ്ഡു വസ്ത്രങ്ങളുടെ സ്ഥിതി എന്താണ് ? എത്ര ശതമാനമാണ് നികുതി കൂട്ടിയിരിക്കുന്നത് ? തമിഴ്നാട്ടിൽ തൊഴിലാളികൾക്ക് കൂലി കൊടുക്കേണ്ട. അവർക്കു കൊടുക്കുന്നതു മതി. അവിടെ സേവന-വേതന വ്യവസ്ഥകളില്ല. അവിടെ മിനിമം കൂലിയില്ല. ഇവിടെ എന്തുചെയ്തിരിക്കുന്നു ? ഈ സംസ്ഥാനത്ത് റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് ടാക്സ് കൂട്ടിയിരിക്കുന്നു. എന്താണു സംഭവിക്കാൻ പോകുന്നത് ? കൺസ്യൂമർ സ്റ്റേറ്റ് എന്നുള്ള നിലയിൽ നമ്മുടെ സ്റ്റേറ്റിനു വ്യാപകമായ വിലക്കയറ്റമുണ്ടാകാൻ പോകുന്നു. റെഡിമെയ്ഡ് വസ്ത്രങ്ങളെ സംബന്ധിച്ചിടത്തോളം ശ്രീ. ആര്യാടൻ മുഹമ്മദ് ചൂണ്ടിക്കാണിച്ചു. ഖാദി ഉൽപ്പന്നങ്ങൾ, റെഡിമെയ്ഡു വസ്ത്രങ്ങൾ, ഭക്ഷ്യസാധനങ്ങൾ എന്നിവയുടെ സ്ഥിതി എന്താണ് ? എന്നെ അത്ഭുതപ്പെടുത്തിയ മറ്റൊരു കാര്യം, വിലയേറിയ രത്നങ്ങൾക്കും കല്ലുകൾക്കും നികുതി 15 ശതമാനത്തിൽ നിന്ന് ഒരു ശതമാനത്തിലേക്ക് തിരിച്ചു കുറച്ചു കൊണ്ടുവന്നിരിക്കുന്നു. കുറച്ചതെന്താണെന്നു മനസ്സിലാകുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികഘടനയെ അട്ടിമറിയ്ക്കത്തക്ക തരത്തിൽ കൂടുതൽ ജീവിതഭാരം അടിച്ചേൽപ്പിക്കത്തക്ക തരത്തിലാണ് നികുതിനിർദ്ദേശങ്ങൾ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ടാണ് ഞങ്ങൾ വിയോജനക്കുറിപ്പ് എഴുതുന്നത്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ആന്റണി രാജു)

ശ്രീ. ജോണി നെല്ലൂർ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബിൽ അക്ഷരാർത്ഥത്തിൽ കേരളത്തിലെ കാർഷിക മേഖലയെ തകർക്കുന്നതാണ്. ഇത്രമാത്രം കാർഷികമേഖലയെ തകർക്കുന്ന ഒരു ബിൽ ഇതിനുമുമ്പ് കേരളത്തിലുണ്ടായിട്ടില്ല. നികുതി ഏകീകരണമാണ് അദ്ദേഹം ഇതിനു പറയുന്ന കാരണമെങ്കിൽ ഇത് നികുതി ഏകീകരിക്കുന്നു എന്നുള്ളതിന്റെ പേരിൽ കാർഷിക മേഖലയെ തകർക്കുകയാണ്. പൊതുവേ കേരളത്തിൽ കാർഷിക മേഖല തകർന്നടിഞ്ഞുകിടക്കുകയാണ്. തകർന്നു കിടക്കുന്ന കാർഷിക മേഖലയെ വീണ്ടും തകർച്ചയിലേക്കു നയിക്കുന്ന അശാസ്ത്രീയമായ നികുതി നിർദ്ദേശങ്ങൾ കൊണ്ടു കുത്തിനിറച്ചിരിക്കുന്ന ഒരു നിയമനിർമ്മാണമാണ് ഇവിടെ നടത്താൻ പോകുന്നതെന്നു ഓർക്കുമ്പോൾ എനിക്ക് അങ്ങേയറ്റം വിഷമമുണ്ട്. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ഇതിന്റെ പൊതു ചർച്ച നടന്ന അവസരത്തിൽ വളരെ വിശദമായി കാര്യങ്ങൾ പറയുകയുണ്ടായി. കാർഷികമേഖലയിലുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് സൂചിപ്പിച്ചു. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോയതുകൊണ്ട് എന്താണ് പ്രയോജനമുണ്ടായത് ? ഇവിടെ പറഞ്ഞ അഭിപ്രായങ്ങളൊന്നും നോക്കാനോ ഇവിടെ പറഞ്ഞ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താനോ ഗവൺമെന്റും ബന്ധപ്പെട്ട മന്ത്രിയും തയ്യാറായില്ല. പൊതുചർച്ചയിൽ പങ്കെടുത്തു പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട ഒരു കാര്യം, ഞാൻ ആവർത്തിക്കുന്നില്ലെങ്കിലും പൊതുവേ കാർഷിക മേഖലയുടെ സ്ഥിതിയെക്കുറിച്ച് ചുരുക്കം ചില കാര്യങ്ങളെക്കുറിച്ച് പറയാതിരിക്കാൻ നിർവ്വാഹമില്ല. റബ്ബറുല്പന്നങ്ങളുടെ നികുതി ഇവിടെ ഏകീകരിക്കുന്നു എന്നാണ് പറഞ്ഞത്. പത്തു ശതമാനമായിരുന്ന റബ്ബർ ഉല്പന്നങ്ങളുടെ നികുതി 12 ശതമാനത്തിലേക്ക് വർദ്ധിച്ചിരിക്കുന്നു. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ഇതോടുകൂടി തകരുകയാണ്. റബ്ബറിന്റെ പൊതുവെയുള്ള ഇന്നത്തെ വിലക്കുറവുമൂലം റബ്ബർ കൃഷിക്കാർ

12 NOON] അനുഭവിക്കുന്ന ബുദ്ധിമുട്ട് അങ്ങേയ്ക്കറിയാവുന്നതാണ്. റബ്ബറധിഷ്ഠിത വ്യവസായങ്ങളൊക്കെ തകരാൻ പോകുന്നു. സിന്തറ്റിക് റബ്ബറിന്റെ നികുതി 12.5 ശതമാനമായിരുന്നത് ഏകീകരണത്തിന്റെ പേരിൽ 12 ശതമാനമായി കുറച്ചിരിക്കുന്നു. പോളിയൂറിത്തീൻ ഫോമുകളുടെയും മറ്റും നികുതി അഞ്ചു ശതമാനമായിരുന്നു. ഇൻഡ്യയിൽ പോളിയൂറിത്തീൻ കൊണ്ടുവരാൻ പാടില്ല, അതു നിരോധിക്കണം എന്നു പറയുന്നവരാണ്. റബ്ബറിന് വില കൂട്ടണമെന്ന് അപ്പുറത്തിരിക്കുന്നവരും എല്ലാവരും ശക്തിയായി ആവശ്യപ്പെടുന്നു. അങ്ങനെയെങ്കിൽ പോളിയൂറിത്തീൻ ഫോമുകൾ നമ്മുടെ രാജ്യത്ത് കൊണ്ടുവരരുത് എന്നു പറയുന്ന അപ്പുറത്തിരിക്കുന്ന ആളുകളോട് ചോദിക്കുകയാണ്. പോളിയൂറിത്തീൻ ഉല്പന്നങ്ങൾക്ക് അഞ്ചു ശതമാനം ടാക്സുണ്ടായിരുന്നത് നാലു ശതമാനമാക്കി കുറച്ചിരിക്കുന്നു. അത് ഇറക്കുമതിയെ പ്രോൽസാഹിപ്പിക്കാൻ ഇടവരുന്നു. ചുരുക്കത്തിൽ റബ്ബറിന്റെ കാര്യം മാത്രമെടുത്താൽ, റബ്ബറിന് 12 ശതമാനം നികുതി ഏർപ്പെടുത്തിക്കൊണ്ട് ഇവിടെ നിയമം കൊണ്ടുവരുമ്പോൾ കേരളത്തെ സംബന്ധിച്ച് റബ്ബറിന് മൊത്തം വാങ്ങൽ നികുതി 192 കോടി രൂപയാണ്. സർക്കാരിന് ഈയിനത്തിൽ 16 കോടി രൂപയോളം വരുമാനമുണ്ടാകുമെന്നുള്ളതു ശരിയാണെങ്കിൽപ്പോലും കേരളത്തിലെ ഏതാണ്ട് 9 ലക്ഷം റബ്ബർ കൃഷിക്കാരെ പ്രത്യക്ഷമായി ബാധിക്കുന്ന, അവരെ ആശ്രയിച്ചു ജീവിക്കുന്ന ഏതാണ്ട് പത്തിരുപത് ലക്ഷത്തോളം തൊഴിലാളികളെയും മറ്റുള്ളവരേയും ബാധിക്കുന്ന ഗൗരവമായ പ്രശ്നത്തിൽ 16 കോടി രൂപ ഗവൺമെന്റിന്റെ ഖജനാവിലേക്ക് ലഭിക്കുമെന്നുള്ള ഒറ്റ കാരണത്താൽ റബ്ബർ കൃഷിക്കാരോട് ഇത്രയും ദ്രോഹം ചെയ്യുന്ന ഒരു നികുതി നിർദ്ദേശമടങ്ങുന്ന ഒരു ബില്ല് എങ്ങനെ മനസ്സാക്ഷിയുള്ള ആളുകൾക്ക് അംഗീകരിക്കാനാകും ? കാർഷികമേഖലയെ തകർക്കുക എന്നതു മാത്രമാണ് ഏകീകരണത്തിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കീടനാശിനികളുടെ പോലും നികുതി വർദ്ധിപ്പിച്ചിരിക്കുന്നു. നികുതി ഇല്ലായിരുന്നു. അതിനും നികുതി കൊണ്ട് വന്നിരിക്കുന്നു. വളം, യൂറിയ തുടങ്ങിയവയുടെ കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറയുകയുണ്ടായി. അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. അക്ഷരാർത്ഥത്തിൽ പറഞ്ഞാൽ കേരളത്തിൽ കാർഷികമേഖലയെ തകർക്കുന്ന നികുതി നിർദ്ദേശങ്ങളാണ് കൊണ്ടുവന്നിരിക്കുന്നത്. നികുതി ഏകീകരണമെന്ന് പറഞ്ഞു. എവിടെയാണ് ഏകീകരിച്ചത് ? ഇതാണോ ഏകീകരണം ? ഏകീകരണത്തെ പിൻതാങ്ങുന്നവരാണ് നമ്മളൊക്കെ. ഇത് ഏകീകരണമല്ല. ഏകീകരണത്തിന്റെ മറവിൽ, കേരളത്തിലെ സാമാന്യജനങ്ങളെ നശിപ്പിക്കാൻ വേണ്ടിയുള്ള ഒരു നിയമം ആണിത്. ഏകീകരണ നിയമമാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് പറയുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. പാലോട് രവിയും പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. അയൽ സംസ്ഥാനങ്ങളായ പോണ്ടിച്ചേരി, കർണ്ണാടകം, തമിഴ്നാട് എന്നിവിടങ്ങളിലൊക്കെ നികുതി ഏകീകരിക്കണ്ടേ ? അവിടത്തെ കർഷകരെ സംരക്ഷിക്കാൻ വേണ്ടി അവിടത്തെ സാധാരണക്കാരെ സംരക്ഷിക്കാൻ വേണ്ടി ആ ഗവൺമെന്റ് നടപടികളെടുക്കുന്നു. ഇവിടെ കാഷ്യൂനട്ടിന് എട്ടു ശതമാനം നികുതി ഏർപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ പ്രധാനപ്പെട്ട ഉൽപ്പന്നമാണ്. കർണ്ണാടകത്തിൽ രണ്ടു ശതമാനമാണ് നികുതി. അരിയുടെ കാര്യത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഭക്ഷ്യസാധനങ്ങൾക്ക് എന്തിനാണ് ഇവിടെ നികുതി ഏർപ്പെടുത്തിയിരിക്കുന്നത് ? ഭക്ഷ്യസാധനങ്ങൾക്ക് നികുതി ഏർപ്പെടുത്തിയാൽ സർക്കാരിനു കിട്ടുന്ന തുക എത്രയാണ് ? ഒരു ശതമാനം നികുതി ഇവിടെ ഏർപ്പെടുത്തിയിരിക്കുകയാണ്. തമിഴ്നാട്ടിൽ നികുതിയില്ല, കർണ്ണാടകത്തിൽ ഇല്ല, പോണ്ടിച്ചേരിയിൽ ഇല്ല. അരി, ഗോതമ്പ്, മൈദ തുടങ്ങിയ ഉല്പന്നങ്ങൾക്കൊന്നും തമിഴ്നാട്ടിലും കർണ്ണാടകത്തിലും പോണ്ടിച്ചേരിയിലും നികുതിയില്ലാത്തപ്പോൾ കേരളത്തിൽ ഇതിനൊക്കെ നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. അരിക്കും ഗോതമ്പിനും മാത്രം എന്തിനാണ് ഈ നികുതി ഏർപ്പെടുത്തിയിരിക്കുന്നത് ? അതിന്റെ പേരിൽ ഒരു പക്ഷേ, ഖജനാവിലേക്ക് അല്പം പണം വരുമെന്ന് ബഹുമാന്യനായ മന്ത്രി അവകാശപ്പെട്ടുവെന്നുവരാം. പക്ഷേ, ഈ ഭക്ഷ്യധാന്യങ്ങൾ ഇവിടെ കൊണ്ട് വരുമ്പോൾ വാങ്ങിക്കഴിക്കുന്നത് ഇവിടുത്തെ പാവപ്പെട്ട ആളുകളല്ലേ ? ഈ പിച്ചച്ചട്ടിയിൽ കൈയിട്ടുവാരിയിട്ടുവേണോ നികുതിയുണ്ടാക്കാൻ ? തമിഴ്നാട്ടിൽ അരിക്കും ഗോതമ്പിനും നികുതിയില്ല. എന്തിനാണ് കേരളത്തിൽ ഒരു ശതമാനം നികുതി ഏർപ്പെടുത്തിക്കൊണ്ട് ഈ പാവപ്പെട്ട ആളുകളെ ഉപഭോക്താക്കളെ ഇത്രമാത്രം ബുദ്ധിമുട്ടിക്കുന്നത് ? ഭക്ഷ്യസാധനങ്ങൾക്ക് നികുതി ഏർപ്പെടുത്തിയിരിക്കുന്നു. ഒരുദാഹരണം പറയട്ടെ, ഒരു ക്വിന്റൽ അരിക്ക് കേരളത്തിൽ 1215 രൂപയാണ് വില. തമിഴ്നാട്ടിലാണെങ്കിൽ അതിന് 1200 രൂപ. ഇവിടെ ഒരുക്വിന്റൽ അരിക്ക് 15 രൂപ കൂടുതലാണ്. അതനുസരിച്ച് ഇവിടെ ഉപഭോക്താവ് കൂടുതൽ കൊടുക്കണ്ടേ ? അങ്ങേക്കറിയാമല്ലോ കേരളത്തിന്റെ അതിർത്തി തമിഴ്നാടല്ലേ ? പോണ്ടിച്ചേരിയല്ലേ ? അവിടെ അരിക്കും ഗോതമ്പിനും നികുതിയില്ല. അതിവിടെ കൊണ്ടുവരുമ്പോൾ നികുതി.

ശ്രീ. ജി. സുധാകരൻ : സർ, അങ്ങ് വളരെയധികം ചോദ്യം അങ്ങയോട് തന്നെ ചോദിക്കുന്നു ; അതെന്തുകൊണ്ടാണ് ?

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ അങ്ങേക്കും കൂടി വേണ്ടിയാണ് പറയുന്നത്. അങ്ങേക്ക് പറയാനുള്ള ബുദ്ധിമുട്ട് എനിക്കറിയാം. അതുകൊണ്ട് അങ്ങേക്കുകൂടി വേണ്ടി പറയുകയാണ്. മൈദ, ഗോതമ്പ് എന്നിവയുടെ ഉല്പന്നങ്ങൾക്ക് കേരളത്തിൽ 810 രൂപ ഒരു ക്വിന്റലിന് വരുമ്പോൾ തമിഴ്നാട്ടിൽ 800 രൂപയേയുള്ളൂ. പാവപ്പെട്ടവരെ സഹായിക്കുന്ന ഒരു ഗവൺമെന്റാണോ ഇത് ? അങ്ങനെയെങ്കിൽ ഇതുപോലുള്ള പിച്ചച്ചട്ടിയിൽ കൈയിട്ടുവാരുന്ന രീതിയിലുള്ള ഈ നികുതി നിർദ്ദേശങ്ങൾ പിൻവലിക്കണം. അതാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. നികുതി സ്വരൂപിക്കാൻ നമുക്ക് മറ്റെത്രയോ മാർഗ്ഗങ്ങളുണ്ട് ? ആ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ നിലപാടെന്താണ് ? കേരളത്തിൽ കോടിക്കണക്കിന് രൂപയുടെ നികുതി ഖജനാവിലേക്ക് മുതൽക്കൂട്ടിക്കൊണ്ടിരിക്കുന്നു. പുറത്തുനിന്നും കൊണ്ട് വരുന്ന കോഴിക്ക് 10 ശതമാനം നികുതി ഏർപ്പെടുത്തിക്കൊണ്ട് ഇവിടെ ഒരുത്തരവുണ്ടായി. Kerala Poultry Growers Association ആ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും ഗവൺമെന്റിനും നിവേദനങ്ങൾ കൊടുത്തിട്ടുണ്ട്. കേരളത്തിലെ ഇറച്ചിക്കോഴി വളർത്തൽ മേഖല കഴിഞ്ഞ കുറെ വർഷമായി പ്രതിസന്ധിയെ നേരിടുകയാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ഉല്പാദന ചെലവിൽ നിന്നും താഴ്ന്നവിലയ്ക്ക് വൻതോതിൽ ഇറച്ചിക്കോഴി കടത്തിക്കൊണ്ടുവരുന്നതാണ് ഈ പ്രതിസന്ധിക്കുകാരണം. ഇത് മുൻകൂട്ടി കണ്ടുകൊണ്ട് പുറമേ നിന്നും കൊണ്ടുവരുന്ന കോഴിക്ക് 10 ശതമാനം നികുതി ഏർപ്പെടുത്തിക്കൊണ്ട് എസ്.ആർ.ഒ. നമ്പർ 495/90/ഇ.എസ്.ടി. ആയിട്ട് ഒരുത്തരവ് ഇവിടെ ഇറക്കി. കേരളത്തിലെ കർഷകർ ഉല്പാദിപ്പിച്ച് വിൽക്കുന്ന കോഴിക്ക് നികുതി ഒഴിവാക്കി നൽകുകയും ചെയ്തു. 10 ശതമാനം നികുതി നിർദ്ദേശിച്ചുകൊണ്ടുള്ള എസ്.ആർ.ഒ. 495/90/ഇ.എസ്.ടി. ക്യാൻസൽ ചെയ്യാൻ പോകുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തമിഴ്നാട്ടിൽ നിന്നും കോഴിയെ ഇവിടെ കൊണ്ടുവന്ന് യഥേഷ്ടം വില കുറച്ചുവിറ്റ് കേരളത്തിലെ കോഴി കൃഷിക്കാരെ മുഴുവൻ തകരാറിലാക്കുന്ന, കഷ്ടത്തിലാക്കുന്ന ആ നിലപാടിന് കൂട്ടുനിൽക്കാനെന്നോണം ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന 10 ശതമാനം നികുതി പിൻവലിക്കാനുള്ള നീക്കം നടക്കുന്നതായി അറിയുന്നു. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ആ കാര്യത്തെക്കുറിച്ച് അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പ്രതിപാദിക്കുമെന്ന് ഞാൻ കരുതുകയാണ്. ആ ഇനത്തിൽ കോടിക്കണക്കിന് രൂപയുടെ വരുമാനം നമ്മുടെ ഖജനാവിനുണ്ടാകുന്ന കാര്യമാണ്. മറ്റൊരുകാര്യം എനിക്ക് പറയാനുള്ളത് ഇവിടെ Garments Manufacturers Association of Kerala റെഡിമെയ്ഡ് വസ്ത്രങ്ങളെക്കുറിച്ച് പറഞ്ഞു. തൊഴിലില്ലായ്മയുടെ കാര്യത്തിൽ വളരെയേറെ ബുദ്ധിമുട്ടുനുഭവിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. 40 ലക്ഷം ചെറുപ്പക്കാർ തൊഴിലില്ലാതെ നമ്മുടെ സംസ്ഥാനത്ത് ബുദ്ധിമുട്ടുന്നു. അങ്ങനെയുള്ള ഒട്ടേറെ ചെറുപ്പക്കാർ സ്വന്തമായി തൊഴിൽ കണ്ടെത്താനുള്ള മാർഗ്ഗത്തെക്കുറിച്ചാലോചിച്ച് സംസ്ഥാനത്തിന്റെ പല ഭാഗത്തും ഇന്ന് ചെറുകിട യൂണിറ്റുകൾ, ഗാർമെന്റ്സ് മാനുഫാക്ചറിംഗ് യൂണിറ്റുകൾ തുടങ്ങി മാനുഫാക്ചറേഴ്സായി മാറിയിട്ടുണ്ട്. ഏതാണ്ട് 3000-ത്തോളം യൂണിറ്റുകൾ ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവരെ സംബന്ധിച്ച് അവിടെനിന്നും ഇവിടെനിന്നുമൊക്കെ വായ്പയെടുത്ത് തുടങ്ങിയിരിക്കുന്ന ചെറിയ സ്ഥാപനങ്ങളാണ് അത്. ആ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന അതിമനോഹരമായ ഏറ്റവും പുതിയ ഫാഷനിലുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ വിപണിയിൽ വിറ്റഴിക്കുവാൻ കഴിയാത്ത വിധത്തിൽ മറ്റുള്ള സംസ്ഥാനങ്ങളിൽനിന്നും റെഡിമെയ്ഡ് വസ്ത്രങ്ങൾ യഥേഷ്ടം ഇങ്ങോട്ട് വരികയാണ്. എനിക്ക് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് നമ്മുടെ സംസ്ഥാനത്തെ ചെറുപ്പക്കാരെ പ്രോൽസാഹിപ്പിക്കാൻ വേണ്ടി, സ്വയംതൊഴിൽ കണ്ടെത്താനുള്ള ആ പ്രേരണ ലഭിച്ചുകൊണ്ട് മുന്നോട്ടുവരുന്ന ചെറുപ്പക്കാരെ സംരക്ഷിക്കാൻ വേണ്ടി നമ്മുടെ സംസ്ഥാനത്തുല്പാദിപ്പിക്കുന്ന റെഡിമെയ്ഡ്

LIBRARY ARCHIVES Kerala Legislative Assembly

വസ്ത്രങ്ങൾ, 25 ലക്ഷം രൂപവരെ വിറ്റുവരവുള്ള നിർമ്മാതാക്കളെ, വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കണമെന്നാണ്. ഞാൻ കാർഷികമേഖലയെ കുറിച്ച് ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഇവിടെ ടാക്സ് പിരിക്കുമ്പോൾ ഏകീകരണം വേണം, അതിനോട് യോജിപ്പാണ്. ടാക്സ് പിരിക്കുമ്പോൾ ഏകീകരിച്ച നിരക്കുണ്ടാക്കുക നല്ല കാര്യമാണ്. അത് പിരിക്കുന്ന സമയത്ത് ആദ്യ പോയിന്റിൽ ടാക്സ് ഈടാക്കുക എന്നുള്ള രീതി അവലംബിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഫസ്റ്റ് പോയിന്റിൽ ടാക്സ് ഈടാക്കുന്ന ഒരു സമ്പ്രദായത്തിലേക്ക് ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രിയും ധനകാര്യ വകുപ്പും നടപടി സ്വീകരിക്കണം. ലാസ്റ്റ് പോയിന്റിൽ ടാക്സ് ഈടാക്കുക എന്നുള്ള ഒരു നീക്കം വിജയകരമാവുകയില്ല. വിജയിക്കണമെങ്കിൽ ഫസ്റ്റ് പോയിന്റിൽ ടാക്സ് ഈടാക്കുന്ന നടപടിയിലേക്ക് പോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരുകാര്യം കൂടി പറയാനുണ്ട്. സെയിൽസ് ടാക്സും പർച്ചേസ് ടാക്സും രണ്ടും കൂടി ഒന്നായി പരിഗണിക്കണം. കേരളത്തിലെ കൃഷിക്കാരുടെമേൽ യാതൊരുവിധ സെയിൽസ് ടാക്സും ചുമത്തരുതെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതിനുപകരം അവരുടെ ഉല്പന്നങ്ങൾ വിൽക്കാൻ വരുന്ന കച്ചവടക്കാരിൽനിന്നും പർച്ചേസ് ടാക്സ് ഈടാക്കണം. കൃഷിക്കാരൻ കൊണ്ടുവരുന്ന ഉല്പന്നങ്ങൾക്ക് പർച്ചേസ് ടാക്സ് കൂടി കണക്കിലെടുത്താണ് കച്ചവടക്കാർ വിലകൊടുക്കുന്നത്. അതുകൊണ്ട് കൃഷിക്കാരിൽനിന്നും സെയിൽസ് ടാക്സ് ഈടാക്കാനുള്ള യാതൊരു നീക്കവും ഉണ്ടാകാൻ പാടില്ല. അത് പർച്ചേസ് ടാക്സ് എന്നുള്ള നിലയിൽ കച്ചവടക്കാരിൽ നിന്നും ഈടാക്കാനുള്ള നടപടി ഉണ്ടാകണം. മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നും സാധനങ്ങൾ നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരുമ്പോൾ എൻട്രി ടാക്സ് ഈടാക്കുന്നുണ്ട്. മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തിലേക്ക് കൊണ്ടുവരുന്ന സാധനങ്ങൾക്ക് at the point of entry ആയിട്ട് എൻട്രി ടാക്സ് ഈടാക്കണം. ഇങ്ങനെ എൻട്രി ടാക്സ് ഈടാക്കുന്ന സാധനങ്ങൾക്ക് വീണ്ടും സെയിൽസ് ടാക്സ് ഏർപ്പെടുത്തുന്ന സമ്പ്രദായം ശരിയല്ല. അത് ശരിയായ കീഴ്വഴക്കമല്ല. അത് അതവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്തുല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, ഉല്പാദിപ്പിക്കുന്ന സ്ഥാനത്തുവച്ചുതന്നെ ടാക്സ് ചുമത്തി ഈടാക്കുന്ന ഒരു സമ്പ്രദായം കൊണ്ട് വരണം. അങ്ങനെ ഉല്പാദിപ്പിക്കുന്ന സ്ഥലത്ത് ടാക്സ് ചുമത്തിയാൽ പിന്നീട് അത് വിൽക്കുന്ന സ്ഥലത്ത് യാതൊരു കാരണവശാലും ടാക്സ് ഈടാക്കാൻ പാടില്ല. കേരളത്തിലെ ജനജീവിതത്തെ അങ്ങേയറ്റം ദുഃസ്സഹമാക്കുന്ന വിധത്തിലുള്ള നികുതി നിർദ്ദേശങ്ങളടങ്ങിയ ബിൽ, കാർഷിക മേഖലയെ പ്രത്യേകിച്ചും തകർച്ചയിലേക്ക് നയിക്കുന്ന ഈ നികുതി നിർദ്ദേശങ്ങൾ പാടെ പിൻവലിക്കുവാൻ ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി തയ്യാറാകണമെന്നുമാത്രം അഭ്യർത്ഥിച്ച് കൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. കണാരൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വില്പന നികുതി നിരക്കുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഏകീകരിക്കുന്നത് സന്തോഷമുള്ള കാര്യമാണ്. 1995-ൽ തന്നെ ഡൽഹിയിൽവച്ച് ധനകാര്യവകുപ്പുമന്ത്രിമാരുടെ യോഗം ചേർന്ന് വില്പന നികുതി ഏകീകരിക്കണമെന്നുള്ള തീരുമാനമെടുത്തിരുന്നു. വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നികുതികൾ ഒന്നായി ചേർത്ത്, വ്യത്യസ്ഥമായിട്ടുള്ളത് ഇതിൽ ഏകീകരിക്കണമെന്നുള്ളതാണ്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

(അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ)

ആ ഏകീകരണ ഭേദഗതി കൊണ്ടുവന്നത് ഏറ്റവുമധികം സന്തോഷമുള്ള കാര്യമാണ്. നമ്മുടെ സംസ്ഥാന ഖജനാവിന്റെ പ്രധാനപ്പെട്ട വരുമാനം ഈ നികുതി വരുമാനമാണ്. 6207 കോടി രൂപയാണ് മൊത്തം റവന്യൂ വരുമാനം, ഇതിൽ 4650 കോടി രൂപ നികുതിവരുമാനമാണ്. വില്പന നികുതി 3367 കോടി രൂപയാണ്. ഇതുകാണിക്കുന്നത് നമ്മുടെ സ്റ്റേറ്റിന്റെ ആകെ വരുമാനത്തിന്റെ മുക്കാൽ ഭാഗം കിട്ടിക്കൊണ്ടിരിക്കുന്നത് വില്പനനികുതിയിൽ നിന്നുമാണ്. അതുകൊണ്ടാണ് ഇത് ഏറ്റവും പ്രധാനപ്പെട്ടതാണെന്ന് ഞാൻ പറയാൻ കാരണം. വില്പന നികുതിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ 1997-98-ൽ ചെറിയൊരു വർദ്ധനവുണ്ടായി. 9 ശതമാനമാണ് വർദ്ധിച്ചിട്ടുള്ളത്. ഉപഭോഗവസ്തുക്കളുടെ വില വർദ്ധനവ് കണക്കിലെടുത്താൽ ഇത് ആശാവഹമല്ല, നിരാശാവഹമാണ്. എന്നാൽ ഗുരുതരമായ ഒരു അവസ്ഥ നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിനെപ്പറ്റി വളരെ ശ്രദ്ധാപൂർവ്വം ആലോചിക്കേണ്ടതുണ്ട്. ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കുന്ന നികുതിയെങ്കിലും തിരിച്ചടയ്ക്കേണ്ട ബാധ്യതയും ചുമതലയും വ്യാപാരി സമൂഹത്തിനുണ്ട്. അവർ മുഖേനയാണ് നമുക്ക് നികുതി കിട്ടിക്കൊണ്ടിരിക്കുന്നത്. അവർ ഇന്ന് സംഘടിതശേഷി ഉപയോഗിച്ച് ഗുണ്ടകളേയും ആശ്രിതന്മാരേയും നിലനിർത്തിക്കൊണ്ട് നികുതി ഇല്ലാതാക്കാൻ വേണ്ടിയുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അത്തരത്തിലുള്ള ഒരു അവസ്ഥ കേരളത്തിൽ വന്നുചേർന്നിട്ടുണ്ട്. അങ്ങോട്ടുമിങ്ങോട്ടും കൊടുത്തു കൊണ്ടിരിക്കുന്ന നികുതികൾ യഥാസമയം അടയ്ക്കാതെ, വാങ്ങിയ നികുതികൾ ഗവൺമെന്റിലേക്ക് അടയ്ക്കുന്നതിനുപകരമായി അതുകൊടുക്കാൻ പാടില്ലെന്നു പറയുന്ന ഒരു വിഭാഗം ആളുകൾ വളർന്നു വന്നിരിക്കുകയാണ്. അവർ സംഘടിതശേഷി ഉപയോഗിക്കുന്നു. ഗുണ്ടകളെ അണിനിരത്തുന്നു. അത്തരത്തിലുള്ള അവസ്ഥയാണ് ഇവിടെ വളർന്നുകൊണ്ടിരിക്കുന്നത്. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് കൊണ്ടിരിക്കുന്നു. നികുതി വെട്ടിപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നു. നികുതി പിരിവ് ഉദ്യോഗസ്ഥന്മാർ കടകളിൽ കയറാൻ അനുവദിക്കുകയില്ല എന്നു പ്രഖ്യാപിക്കുന്നു.

ശ്രീ. കെ. ബാബു : സംസ്ഥാനത്ത് നികുതി പിരിവ് കുറഞ്ഞാലും ഒരു പ്രത്യേക ചാനലിലൂടെ നികുതി പിരിവ് സജീവമായി നടക്കുന്നുണ്ട് എന്നുള്ള കാര്യം മെമ്പർക്ക് അറിയാമോ ?

ശ്രീ. എ. കണാരൻ : ഇന്നലെ വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ നേതൃത്വത്തിൽ അതിന്റെ പ്രസിഡന്റ് നാസ്സറുദ്ദീന്റെ നേതൃത്വത്തിലുള്ള ഒരു പ്രകടനം ഇന്നലെ എനിക്ക് കാണാൻ കഴിഞ്ഞു. അവർ പറയുകയാണ് നികുതി പിരിവ് ഉദ്യോഗസ്ഥന്മാർ കട പരിശോധിക്കാൻ വന്നാൽ കയ്യും കാലും

LIBRARY ARCHIVES Kerala Legislative Assembly

അടിച്ചൊടിക്കുമെന്ന്. ഒരു തെമ്മാടി സംഘം ഇവിടെ വളരുകയാണ്. ഇതുകേട്ടപ്പോൾ എനിക്ക് ലജ്ജ തോന്നി. എന്നിട്ട്, കടകളിൽ സെയിൽസ്ടാക്സ് ഉദ്യോഗസ്ഥന്മാർ വരാതിരിക്കുന്നത് വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ സംഘടനയുടെ നേട്ടമാണെന്നു പ്രഖ്യാപിക്കുന്നു. ഈ ജാഥയിലെ മുദ്രാവാക്യം കേട്ടപ്പോൾ ജനങ്ങളെല്ലാം ഞെട്ടിപ്പോയി. ഞാനും ഞെട്ടിപ്പോയി. നികുതി പിരിക്കാൻ ഉദ്യോഗസ്ഥന്മാർ കടകളിൽ ചെന്നതിൽ പ്രതിഷേധിച്ച് ജാഥ നടത്തിയപ്പോൾ ഇവിടത്തെ പ്രതിപക്ഷ എം.എൽ.എ.മാർ ഓടിച്ചെന്ന് നാസ്സുറുദ്ദീനെ മാലയിട്ടു സ്വീകരിക്കുകയാണുണ്ടായത്. ലജ്ജാകരം, നാണക്കേട്. കടകൾ പരിശോധിക്കാൻ പാടില്ല എന്നാണോ കോൺഗ്രസ്സ് പാർട്ടി പറയുന്നത്.

ശ്രീ. ചെർക്കളം അബ്ദുള്ള : കേരളത്തിലെ വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ ഹർത്താലിന് ഇന്നലെ കേരളത്തിലെ ചെറുതും വലുതുമായ എല്ലാ കടകളും അടച്ച് പൂർണ്ണമായും ഹർത്താൽ ആചരിച്ചു. എന്നാൽ അതുപോലെ വേറൊരു വ്യാപാരി വ്യവസായി ഏകോപന സമിതിയുമുണ്ടെന്നുള്ളത് അറിയാമല്ലോ ? ആ സമിതി അപ്പോൾ എവിടെയായിരുന്നു എന്ന് സംശയം ജനങ്ങൾക്കുണ്ട്.

ശ്രീ. എ. കണാരൻ : സർ, ആളുകൾ ടാക്സ് ശരിക്കും കൊടുത്തിട്ടുണ്ടോ അതു കണക്കിൽ ചേർത്തിട്ടുണ്ടോ എന്നു പരിശോധിക്കാൻ വേണ്ടി ഉദ്യോഗസ്ഥന്മാർ ചെല്ലുമ്പോൾ ആ ഉദ്യോഗസ്ഥന്റെ കയ്യും കാലും അടിച്ചൊടിക്കണമെന്ന് പറയുന്നത്, നിങ്ങൾ ആ പാർട്ടിക്ക് അനുകൂലമാണോ ? കടകൾ പരിശോധിക്കാതിരിക്കാൻ വേണ്ടിയാണ് ഈ സംഘമുണ്ടാക്കിയിട്ടുള്ളത് എന്നാണ് പറയുന്നത്. ഇതാണ് ഇന്നത്തെ അവസ്ഥ. കച്ചവടക്കാർ നികുതി കൊടുക്കേണ്ടതാണ്. ഇതു പാവങ്ങളെ പറ്റിക്കലാണ്. വൻകിട കച്ചവടക്കാരാണ് നികുതി നൽകേണ്ടത്.

ശ്രീ. പി. ജെ. ജോയി : ഈ വ്യാപാരി വ്യവസായി ഏകോപന സമിതി എന്നു പറഞ്ഞ് ഒരു സംഘടന രൂപീകരിച്ച് ശ്രീ. അച്ചുതാനന്ദൻ ഉദ്ഘാടനം നടത്തിയത് ഓർമ്മിക്കാതെയാണോ അങ്ങ് സംസാരിക്കുന്നത്. അങ്ങയുടെ ഈ സംസാരം അവർക്ക് എതിരായിട്ടു കൂടിയല്ലേ ?

ശ്രീ. എ. കണാരൻ : ഞാൻ ഇന്നലെ കണ്ട ജാഥയുടെ കാര്യമാണ് പറഞ്ഞത്. ***ഏകോപനസമിതിയുടെ കെട്ടിടം, ആറു കോടി രൂപയുടേത് 50 ലക്ഷം രൂപയ്ക്കു വിറ്റു. ***ആ നേതൃത്വത്തിൽ നടത്തിയ ജാഥയ്ക്ക് സ്വീകരണം നൽകാൻ ഇവിടെ നിന്ന് നിങ്ങൾ ഓടിപ്പോയി പൂമാലയിട്ട് സ്വീകരിച്ചത്, ലജ്ജാകരമല്ലേ ? എന്റെ കൈയിൽ എല്ലാത്തിന്റേയും കണക്കുണ്ട്. ഞാൻ പറയാൻ പോകുകയാണ്.

ശ്രീ. സി. എഫ്. തോമസ് : എല്ലാ വിഭാഗങ്ങൾക്കും കേരളത്തിൽ സംഘടനകളുണ്ട്. വ്യാപാരികൾ തെറ്റും ശരിയുമൊക്കെ ചെയ്യുന്നവരുണ്ടാകും. നമ്മുടെ സമൂഹത്തിൽ ഏതു വിഭാഗമാണ് തെറ്റും ശരിയും ചെയ്യാത്തത്. വ്യാപാരി

*** ബഹുമാനപ്പെട്ട അദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായി ഏകോപന സമിതിയുടെ സംസ്ഥാന അധ്യക്ഷനായ നാസ്സുറുദ്ദീനെ സംബന്ധിച്ച്, ***അദ്ദേഹത്തിന് മറുപടി പറയാൻ വയ്യാത്ത ഈ വേദിയിൽ വച്ച് സംസാരിക്കുന്നത് ഓർഡറിലാണോ ? ആ പരാമർശം അങ്ങ് രേഖയിൽ നിന്ന് നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

മി.ഡെ. സ്പീക്കർ : ആ പരാമർശം രേഖയിലുണ്ടാവില്ല.

ശ്രീ. എ. കണാരൻ : ഇവിടെ പത്തു ലക്ഷം രൂപ വരെ വിറ്റുവരവുള്ള കച്ചവടക്കാരൻ 750 രൂപയാണ് രജിസ്ട്രേഷൻ ഫീസ് നൽകേണ്ടത്. 250 രൂപ ബോണ്ട് ആയിട്ടാണ് നൽകേണ്ടത്. അങ്ങനെ ആയിരം രൂപ ഒരു കൊല്ലം കൊടുക്കണം. അപ്പോൾ അൻപതു ലക്ഷം രൂപയ്ക്ക് കൊടുക്കേണ്ട രജിസ്ട്രേഷൻ ഫീസ് എത്രയാണെന്നറിയാമോ ? 50 ലക്ഷത്തിന് മേലേയുള്ള ഓരോ ലക്ഷത്തിനും എത്ര രൂപ വീതമാണ് കൊടുക്കേണ്ടത് ? ഈ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി, ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാൻ വേണ്ടി, റോഡുണ്ടാക്കുന്നതിനുവേണ്ടി, രോഗികളെ ചികിത്സിക്കുന്നതിനുവേണ്ടി, പാലം പണിയുന്നതിനുവേണ്ടി, നികുതി പിരിക്കാൻ ചെല്ലുന്ന ആളിന്റെ കയ്യും കാലും അടിച്ചൊടിക്കാൻ പറയുന്നത് ശരിയാണോ ? നിങ്ങൾ നികുതി പിരിക്കാൻ പാടില്ലെന്ന് പറയുന്നതിനെപ്പറ്റി പറയുക. വില്പന നികുതി ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നും ചെറിയ വീഴ്ച വന്നിട്ടുണ്ട്. അവർ അസസ്സ്മെന്റ് കൃത്യസമയത്ത് നടത്തുന്നില്ല. സംസ്ഥാന ഖജനാവിന് നഷ്ടമുണ്ടാകാത്ത തരത്തിൽ അസസ്മെന്റുകൾ നടത്തുന്നില്ല. അതിൽ വീഴ്ചയുണ്ട്. അത് തെറ്റ് തന്നെയാണ്. 1998-99-ലെ ടെസ്റ്റ് ആഡിറ്റിൽ മാത്രം 1859 കേസ്സുകളിൽ നികുതി ചോർച്ചയുണ്ടായിട്ടുണ്ട്. ഇത് അവരുടെ ഭാഗത്തു നിന്നു വന്ന തെറ്റാണ്. ഇതിന്റെ ഫലമായി 207 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഇതിൽ 174 കോടി രൂപ ടേൺ ഓവർ അസസ്മെന്റ് ചെയ്തതിന്റെ ഫലമായി കുറഞ്ഞു പോയതാണ്. ഇങ്ങനെയുള്ള ചില തെറ്റുകളുണ്ട്. 1999 ജൂൺ മാസം അവസാനം വരെ 4001 ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽ വിശദീകരണം കിട്ടാതെ കുടിശ്ശികയായി കിടക്കുകയാണ്. ഇതിൽ കെട്ടിക്കിടക്കുന്നത് 1068 കോടി രൂപയാണ്. ഇത് വില്പന നികുതി ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയുടെ ഫലമാണ്. അത് അവർ തിരുത്തണം. നാസ്സുറുദ്ദീന്റെ കാര്യം പറയാം. കോഴിക്കോട് വ്യാപാര ഭവനെന്നു പറയുന്ന ഒരു കച്ചവടസ്ഥാപനമുണ്ട്. നവംബർ 17-ാം തീയതി രജിസ്റ്റർ ചെയ്തു, നവംബർ 17-ാം തീയതി 50 ലക്ഷം രൂപയ്ക്ക് സ്വന്തം സഹോദരന് വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ പ്രസിഡന്റായ നാസ്സുറുദ്ദീൻ വിറ്റു. 167 കട മുറികൾ, വാടകയ്ക്കു നൽകുന്ന ഒരു ഹാൾ, ഒരു ലൈബ്രറി, 100 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാൻ കഴിയുന്ന സ്ഥലം, 81 സെന്റുള്ള കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗത്തുള്ള 35000 സ്കയർ ഫീറ്റുള്ള കെട്ടിട സമുച്ചയം. ഇതിന് തൊട്ടടുത്തുള്ള സ്ഥലം ഒരു സെന്റിന് 8 ലക്ഷം രൂപയ്ക്കാണ് വിറ്റത്. അതേ രജിസ്ട്രാർ ഓഫീസിൽ നിന്ന് രജിസ്റ്റർ ചെയ്ത ഈ സ്ഥലം, പത്തു പന്ത്രണ്ടു ലക്ഷം രൂപ ഒരു സെന്റിനു കിട്ടാവുന്ന ഈ സ്ഥലം ആറേഴു കോടി രൂപ വിലമതിക്കുന്ന സ്ഥലം വെറും 50 ലക്ഷം

*** ബഹുമാനപ്പെട്ട അദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

രൂപയ്ക്കു സ്വന്തം സഹോദരനു വിറ്റയാളാണ് ഇദ്ദേഹം. അതിനെതിരായി ഏകോപന സമിതിയിൽപ്പെട്ടവർ അവിടെ സമരം നടത്തുകയാണ്. ഗവൺമെന്റിന് ലഭിക്കേണ്ട ഒരു കോടി രൂപ, നിങ്ങളും ഞങ്ങളും ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും ശമ്പളത്തിനുവേണ്ടി ഉപയോഗിക്കുന്ന, ഈ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി ഉപയോഗിക്കാവുന്ന ഒരു കോടി രൂപ തട്ടിപ്പു നടത്തിയിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് 12,000 രൂപയ്ക്കു മേലെ നികുതി നൽകണം. ഇത്തരം തട്ടിപ്പു സംഘങ്ങളെ പിടികൂടാനുള്ള നടപടിയുണ്ടാകണം. ഈ തട്ടിപ്പുസംഘങ്ങളെ പിടികൂടാൻ ഒരു സംവിധാനമുണ്ടാക്കിയാൽ നമുക്ക് പുതിയ നികുതിയൊന്നും വേണ്ട. ഒരു കൂട്ടം തട്ടിപ്പ് സംഘം ഇവിടെ വിലസുകയാണ്. എന്നോട് ദേഷ്യം പിടിച്ചതുകൊണ്ടോ, ഞാൻ സംസാരിക്കുമ്പോൾ എടുത്തു ചാടിയതുകൊണ്ടോ ഗുണമില്ല. ഇന്നലെ ജാഥ നയിച്ചുവന്ന നാസ്സുറുദ്ദീൻ ഇതിന്റെ നേതാവാണ്. ഈ രാജ്യത്തെ തട്ടിപ്പ് സംഘം കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് എള്ളുണ്ട തിന്നിട്ടുണ്ടെന്നുള്ള വിവാദവും ഉണ്ടായിട്ടുണ്ട്. ഈ തട്ടിപ്പ് സംഘം ഇവിടെ വിലസുകയാണ്. എന്നിട്ട് ഇവിടെ പറയുന്നത് ഉദ്യോഗസ്ഥന്മാർ കേസ് എടുത്തുവെന്നാണ്. ഞാൻ അതിനെപ്പറ്റി കൂടുതലായി സംസാരിക്കുന്നില്ല. ഈ ഒരവസ്ഥയുണ്ടെന്ന് മനസ്സിലാക്കാൻ വേണ്ടി മാത്രം പറഞ്ഞതാണ്. എനിക്ക് ഈ സംഘത്തോട് വിരോധമൊന്നുമില്ല. പക്ഷേ, അടങ്ങാത്ത അമർഷമുണ്ട്. ഈ രാജ്യത്തെ പാവപ്പെട്ട ജനവിഭാഗങ്ങൾ ഉപയോഗിക്കേണ്ട ഈ നികുതി പണം, അതുപോലെ വ്യാപാരികൾ, വ്യവസായികൾ പാവപ്പെട്ടവൻ കൊടുത്തുകൊണ്ടുണ്ടാക്കിയ വ്യാപാര ഭവൻ എന്നുപറയുന്ന സമുച്ചയം സ്വന്തം ജ്യേഷ്ഠനുവേണ്ടി 50 ലക്ഷം രൂപ വെട്ടിപ്പ് നടത്തിയ അത്തരം നടപടിയോട് എനിക്ക് അടങ്ങാത്ത അമർഷമുണ്ട്. മനസ്സിലാക്കിക്കൊ. എനിക്ക് അദ്ദേഹത്തോട് വ്യക്തിപരമായ വിരോധമില്ല. പക്ഷേ, ആ നടപടിയോട് എനിക്ക് അമർഷമുണ്ട്. ഞാൻ കമ്മ്യൂണിസ്റ്റുകാരനായതുകൊണ്ട് എനിക്ക് അമർഷമുണ്ട്. കോൺഗ്രസ്സുകാർക്ക് എന്തുകൊണ്ടാണ് അമർഷമുണ്ടാകാത്തത്. ഇല്ലെങ്കിൽ തെളിയിക്കണം എന്നുള്ളതാണ് പ്രശ്നം. അതുപോലെതന്നെ നികുതി ഉദ്യോഗസ്ഥന്മാർ കേസെടുത്തതായിട്ടുള്ള മൂവായിരത്തോളം കേസുകൾ പിൻവലിക്കണമെന്നാണ് അദ്ദേഹം പറയുന്നത്. ഇത് ശ്രീ. സുധാകരൻ മനസ്സിലാക്കണം. ഞാൻ ഇന്നലെ പുറത്ത് കേട്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട് ആ ഉറപ്പ് പാലിക്കണമെന്ന്. കേൾക്കണോ കേസിൽ ആരൊക്കെയാണ് പ്രതിയെന്ന്. ടെലഫോൺ ബൂത്ത് ഏജന്റ്, തട്ടുകടക്കാരൻ, പച്ചക്കറിക്കടക്കാരൻ ഇവരൊക്കെയാണ്. ഇവരെക്കൊണ്ട് ഗോ ഗോ വിളിപ്പിച്ച്, ആഭാസങ്ങൾ വിളിച്ച് പറഞ്ഞ്, ചീത്ത പറഞ്ഞ് ഷട്ടർ താഴ്ത്തി എന്നിട്ട് ഇവരുടെയൊക്കെ പേരിലാണ് കേസ്. മഹാപാപം. പാവപ്പെട്ടവനെക്കൊണ്ട് ഗോ ഗോ വിളിപ്പിക്കുക. ഇവിടെ ഒരു പുതിയ അവസ്ഥ വന്നുകൊണ്ടിരിക്കുന്നു ഈ പാവപ്പെട്ടവരുടെ പേരിൽ കേസ് എടുപ്പിച്ച് ജയിലിൽ പറഞ്ഞയയ്ക്കുകയാണ്. ഈ പാവപ്പെട്ട തട്ടുകടക്കാരനേയും പച്ചക്കറിക്കടക്കാരനേയും കേസിൽ പ്രതിയാക്കിയിട്ട് ഈ പ്രമാണിമാർ ഇവിടെ വിലസുകയാണ്. തകർത്തെറിഞ്ഞ പഴയ ഫ്യൂഡലിസം, എന്റെ പ്രിയപ്പെട്ട ആന്റണി, തകർത്തെറിഞ്ഞ പഴയ നാടുവാഴ്ച ജന്മി വ്യവസ്ഥ പുതിയ രൂപത്തിൽ പട്ടണങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. നമ്മൾ ഇത്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കണം. അവർക്കുവേണ്ടി ഗോ ഗോ വിളിക്കാൻ നിങ്ങൾ പോകരുതെന്ന് മാത്രമേ എനിക്ക് ഇതിനെപ്പറ്റി പറയുവാനുള്ളൂ. വേറൊരു പ്രശ്നം എനിക്ക് പറയുവാനുള്ളത് ചില കാര്യങ്ങളിൽ വേഗം വേഗം തീർപ്പ് കല്പിക്കണം. ഈ രാജ്യത്തെ ജനങ്ങളെ സഹായിക്കാൻ കഴിയുന്ന ചിലതെല്ലാം വേഗം വേഗം മാറ്റം വരുത്തണം. ചെറുകിട വ്യവസായ യൂണിറ്റുകൾ നിർമ്മിക്കുന്ന ചെരുപ്പ്, സോപ്പ്, തുണി എന്നിവയ്ക്കു നികുതി വേണ്ട, അവർക്ക് എട്ട് ശതമാനമുണ്ടായിരുന്ന നികുതി 12 ശതമാനമായി വർദ്ധിപ്പിച്ചു. അവരെ നിരാശപ്പെടുത്തേണ്ട ആവശ്യമില്ല. അതുപോലെ ചൂരൽ, ഈറ, മുള എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന വസ്തുക്കൾക്ക് നികുതിയിളവ് നൽകണം. മണ്ണുകൊണ്ടുണ്ടാക്കുന്ന കരകൗശല വസ്തുക്കൾ ഇവയ്ക്കും നികുതിയിളവ് കൊടുക്കണം. ഇതിനൊക്കെ ഒരു ചെറിയ നികുതി മതി. അതേയവസരത്തിൽ കാർഷികോല്പന്നങ്ങളായ നാളികേരം, റബ്ബർ എന്നിവ ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ കേരളത്തിൽ തന്നെ നികുതിയിളവ് കൊടുത്ത് ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കണം. ജനകീയ വാഹനമായ സൈക്കിളിന് ഈ ഏകീകരണത്തിന്റെ ഭാഗമായി നാല് ശതമാനമായിരുന്ന വില്പന നികുതി എട്ട് ശതമാനമാക്കി വർദ്ധിപ്പിച്ചു. അങ്ങ് ശ്രദ്ധിക്കണം. ഇത് കേരളത്തിലെ സൈക്കിൾ ഡീലർമാരെ വളരെ വിഷമിപ്പിക്കുന്നുണ്ട്. ഇത് അങ്ങ് പുനഃപരിശോധിക്കണം. മദ്രാസ്സിൽ സൈക്കിളിന്റെ വില്പന നികുതി നാല് ശതമാനമേയുള്ളൂ. വയനാട്ടിലെ കാപ്പി കൃഷിക്കാരിൽ നിന്നും ഇഞ്ചി കൃഷിക്കാരിൽ നിന്നും കച്ചവടക്കാർ എട്ട് ശതമാനം നികുതി വാങ്ങുന്നു.

ശ്രീ. ജി. കാർത്തികേയൻ : ശ്രീ. കണാരേട്ടൻ സി.പി.ഐ.(എം)-ലെ പ്രധാനപ്പെട്ട നേതാവാണ്, പാർലമെന്ററി പാർട്ടി സെക്രട്ടറിയാണ്, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമാണ്. അദ്ദേഹം ഇവിടെ വളരെ ഗുരുതരമായ പ്രശ്നമാണ് അവതരിപ്പിച്ചു കൊണ്ടിരിക്കുന്നത്. അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കാതിരിക്കുന്നതിനുവേണ്ടി അങ്ങയുടെ പാർട്ടിയിൽപ്പെട്ട മറ്റൊരു ഗ്രൂപ്പിൽപ്പെട്ട ആൾതന്നെ വഴിതെറ്റിക്കാൻ ശ്രമിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എ. കണാരൻ : ഞാൻ വളരെ പ്രധാനപ്പെട്ട കാര്യം സംസാരിക്കുമ്പോഴാണ് ശ്രീ. ജി. കാർത്തികേയൻ ഈ കാര്യം പറയുന്നത്. ഇതൊക്കെ നമുക്ക് പിന്നെ സംസാരിക്കാം. കാർഷികോല്പന്നങ്ങൾ തമിഴ്നാട്ടിലെ പാവപ്പെട്ടവരിൽ നിന്നും കച്ചവടക്കാർ വാങ്ങുമ്പോൾ അവരിൽ നിന്നും നാല് ശതമാനം മുതൽ എട്ട് ശതമാനം വരെ നികുതി വാങ്ങുന്നുണ്ട്. ഇത്തരം കാര്യങ്ങൾ വളരെ ഗൗരവതരമായി ശ്രദ്ധിക്കണം. നികുതി തട്ടിപ്പ് തടയാൻ സംവിധാനമുണ്ടാക്കണം. ഇവിടെ കേരളത്തിൽ കോഴി വളർത്താനുള്ള സൗകര്യമുണ്ടായിരുന്നു. എല്ലാ വീടുകളിലും നാലഞ്ചു കോഴികളുണ്ടായിരുന്നു. പക്ഷേ, ഇന്ന് കോഴികളില്ല. ടിപ്പു കൊടുങ്ങല്ലൂരിൽ വന്നപ്പോൾ കൊടുങ്ങല്ലൂരിലെ കോഴിയെക്കണ്ടിട്ടാണ് മടങ്ങിപ്പോയത്. നമ്മുടെ കേരളത്തിൽ ഇപ്പോൾ ഇറച്ചി കോഴികളേ ഇല്ല. ഇപ്പോൾ മദ്രാസിൽ നിന്നും ഇറച്ചിക്കോഴികൾ വന്നുകൊണ്ടിരിക്കുകയാണ്. ഇറച്ചിക്കോഴികൾ വരുമ്പോൾ ചെക്ക്പോസ്റ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

തിട്ടപ്പെടുത്താൻ കൃത്യമായ സമ്പ്രദായമില്ലെന്നു പറഞ്ഞുകൊണ്ട് വൻപിച്ച നികുതി വെട്ടിപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. ഇരുപത്തിയൊൻപത് കോടി അൻപത്തി ആറ് ലക്ഷം രൂപയുടെ തട്ടിപ്പ് നടന്നിട്ടുണ്ടെന്നാണ് ഞാൻ വായിച്ചത്. മറ്റൊന്ന് വാഹനങ്ങളിലെ ബാറ്ററികൾ വിൽക്കുന്ന കാര്യത്തിൽ വൻ തട്ടിപ്പ് ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ബാറ്ററികൾക്ക് അയ്യായിരം രൂപവരെ വിലയുണ്ട്. എന്നാൽ കാർഷിക മേഖലയിലുപയോഗിക്കുന്ന ട്രാക്ടറിന്റെ ബാറ്ററിയുടെ വില 3800 രൂപയാണ്. മറ്റു വാഹനങ്ങളുടെ ബാറ്ററിയുടെ വില 5000 രൂപയുമാണ്. 1200 രൂപ സബ്സിഡിയുണ്ട്. ഈ ബാറ്ററി വാങ്ങിയിട്ട് മറ്റ് വാഹനങ്ങൾക്കുപയോഗിക്കാൻ കൊടുത്ത് നമ്മുടെ ഖജനാവിൽ നിന്ന് കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ പറയുന്നത്, തട്ടിപ്പാണ് ആദ്യം തടയേണ്ടത്. അതുപോലെ കേരളത്തിലെ അസംസ്കൃത ഉല്പന്നങ്ങൾ കേരളത്തിൽ കേന്ദ്രീകരിക്കപ്പെടുന്നില്ല. ഇവ മറ്റ് സംസ്ഥാനങ്ങളിൽ കൊണ്ടുപോയി ഉൽപ്പന്നമാക്കിയാണ് ഇവിടെ വിപണിയിൽ കൊണ്ടുവരുന്നത്. ഇത് നിരുത്സാഹപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. അതുപോലെ പെയിന്റ് വ്യവസായത്തിലെ അസംസ്കൃത പദാർത്ഥം നമ്മുടെ ടൈറ്റാനിയത്തിലെ ഉൽപ്പന്നമാണ്. അത് ഇവിടന്ന് മറ്റ് സംസ്ഥാനങ്ങളിൽ കൊണ്ടുപോയി പെയിന്റായിട്ട് ഇവിടെ കൊണ്ടുവരികയാണ്. അങ്ങനെ നിരവധി പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് ഈ തട്ടിപ്പ് തടയണം. നമ്മുടെ രാജ്യത്തെ അസംസ്കൃത സാധനംകൊണ്ട് ഇവിടെതന്നെ ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള സംവിധാനമുണ്ടാക്കണം. കോടാനുകോടി രൂപയുടെ സമ്പത്തുണ്ടാക്കാവുന്ന അനവധി സംവിധാനം ഇവിടെയുണ്ട്. അതിനെല്ലാമുള്ള ഏർപ്പാടുണ്ടാക്കണം. അലുമിനിയം നിർമ്മാണത്തിനാവശ്യമായ അയിരുകൾ അടങ്ങിയ മണ്ണ് ഇവിടെയാണുള്ളത്. പക്ഷേ, ഇത് മദിരാശിയിൽ കൊണ്ടുപോയിട്ടാണ് അവിടെ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെ എല്ലാ സാധനങ്ങളും ഇവിടെനിന്ന് കൊണ്ടുപോയിട്ടാണ് വിപണനത്തിനായി കൊണ്ടുവരുന്നത്. ഇതൊക്കെ നമ്മുടെ സംസ്ഥാനത്ത് തന്നെ ഉണ്ടാക്കിയാൽ ഈ രാജ്യത്തിലെ തൊഴിലാളികൾക്ക് തൊഴിലുണ്ടാകുന്ന ഒരു ഏർപ്പാടുണ്ടാകും. കാരംബോർഡിനുള്ള മരം കൊണ്ടുപോകുന്നത് ഇവിടെനിന്നുമാണ്. ആ മരം കൊണ്ടുപോയി ജലന്ധറിൽവച്ച് നിർമ്മിച്ചാണ് കാരംബോർഡായി ഇവിടെകൊണ്ടുവരുന്നത്. ഇത്തരം കാര്യങ്ങളെപ്പറ്റിയെല്ലാം നടപടിയുണ്ടാകണം. ഇങ്ങനെയായാൽ നമ്മുടെ രാജ്യത്തെ തൊഴിലാളികൾക്ക് തൊഴിലുണ്ടാകും. രാജ്യത്തെ സമ്പത്ത് വർദ്ധിപ്പിക്കാൻ സാധിക്കും. അതുകൊണ്ട് ഏകീകരണമെന്ന് പറയുന്നത് നല്ലതല്ല. ഇതിനെപ്പറ്റി പുനഃപരിശോധനയ്ക്കു വിധേയമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഇതിൽ ഒരുപാട് കാര്യങ്ങളുണ്ടായിരുന്നല്ലോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇതിൽ പറഞ്ഞ കാര്യങ്ങൾ നമ്മുടെ അമന്റുമെന്റിലുണ്ട്. ആ അമന്റ് മെന്റ് അംഗീകരിച്ചാൽ മതി.

മി. സ്പീക്കർ : മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, ഇവിടെ വില്പന നികുതി, ഫ്ളോർ റേറ്റ് ഏകീകരിക്കുന്ന ഓർഡിനൻസ് റിപ്ലെയ്സ് ചെയ്യാനുള്ള ബിൽ സബ്ജക്ട് കമ്മിറ്റിയിൽ പോയി. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലിൽ പൊതുവായ അഭിപ്രായങ്ങൾ പറയാനുള്ള അവസരമാണ്. എനിക്ക് അധികമൊന്നും പറയാനില്ല. രണ്ടുമൂന്നു മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രകടിപ്പിച്ച ആശങ്ക, അത് ബി.ജെ.പി. അല്ലെങ്കിൽ വേറൊരു ഗവൺമെന്റ് പറഞ്ഞത് നടന്നതല്ല. ഇതൊരു യുനാനിമസ് ഡിസിഷനാണ്. 1994-ലെ ഒരു ജനറൽ ഡിസ്കഷന്റെ കാര്യം ഞാൻ ആദ്യം പറഞ്ഞതാണ്. 1994-ൽ ഫിനാൻസ് മിനിസ്റ്റേഴ്സ് കോൺഫറൻസ് ഒരു കമ്മിറ്റിയെ സെലക്ട് ചെയ്തു. ആ കമ്മിറ്റി 1995-ൽ റിപ്പോർട്ട് സബ്മിറ്റ് ചെയ്തു കഴിഞ്ഞു. ആ റിപ്പോർട്ടാണ് ചർച്ച ചെയ്തത്. കേരളം ഉൾപ്പെടെ 29 സംസ്ഥാനങ്ങളിൽ 25 സംസ്ഥാനങ്ങളും നാല് കേന്ദ്രഭരണ പ്രദേശങ്ങളും റെപ്രസന്റ് ചെയ്തു. അവർ എല്ലാപേരും യുനാനിമസായി ഒപ്പിട്ട് അംഗീകരിച്ചതാണ്. 1-1-2000 തൊട്ട് ഫ്ളോർ റേറ്റ്സ് നടപ്പിലാക്കുന്നു. ഞാൻ ഈ ഓർഡിനൻസ് കൊണ്ടു വരേണ്ട സാഹചര്യത്തെ കുറിച്ച് പറഞ്ഞു. അതിന്റെ മിനിട്ട്സ് കിട്ടുന്നത് ഡിസംബർ 22-നാണ്. നവംബർ 19-നാണ് ഇത് വേണമെന്ന് തീരുമാനിക്കുന്നത്. ആ കൺസൻസസ്, ഒരു ഡിസിഷനായിട്ടുതന്നെ എല്ലാപേരുംകൂടി എടുത്തു. 1995-ൽ സബ്മിറ്റ് ചെയ്ത റിപ്പോർട്ടിനെപ്പറ്റി പഠിച്ച് റിപ്പോർട്ടിംഗ് ബാക്ക്, അതിനുവേണ്ടി ഇൻഡ്യയിലെ പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടികളിലെ വ്യത്യസ്ത പാർട്ടികൾ റെപ്രസെന്റ് ചെയ്യുന്ന ആറ് മുഖ്യമന്ത്രിമാരെ ചുമതലപ്പെടുത്തി. അവർ ഇൻ ടോട്ടോ 1995-ലെ റിപ്പോർട്ട് അംഗീകരിച്ചു. ഏത് കാലത്തും എല്ലാപേരും അംഗീകരിച്ച നികുതി ഏകീകരണമല്ല. യൂണിഫൈഡ് ഫ്ളോർ റേറ്റ്സ്; അതായത് ഒരു കമ്മോഡിറ്റിക്ക് നിശ്ചയിച്ച നികുതിയിൽനിന്നും താഴാൻ പാടില്ല. കാരണം ടാക്സ് റേറ്റ് വാർ അവസാനിപ്പിക്കണം. അവിടെ കുറയുന്നു, ഇവിടെ കുറെ കുറയുന്നു; അങ്ങനെയുള്ള ടാക്സ് റേറ്റ് വാർ അവസാനിപ്പിക്കണം. ഇതുവരെ കൂടിയ ഫിനാസ് മിനിസ്റ്റേഴ്സിന്റെ കോൺഫറൻസിലൊന്നും തത്ത്വത്തിനെതിരായി ഇതിനെ ആരും എതിർത്തിട്ടില്ല. പിന്നെ ഡബ്ല്യൂ.ടി.ഒ. ആണോ ഗാട്ട് ആണോ, അതിലേക്ക് ഞാൻ കടക്കുന്നില്ല, അതിനെ സംബന്ധിച്ച് എനിക്കറിയില്ല. പ്രസംഗം കേട്ടിട്ടുണ്ടെന്നല്ലാതെ ഗാട്ടിൽ എന്താണ് നടക്കുന്നതെന്നതിനെ സംബന്ധിച്ച് എനിക്കറിയില്ല. ഡബ്ല്യൂ.ടി.ഒ.യിലും ഞാൻ പങ്കെടുത്തിട്ടില്ല. ഡബ്ല്യൂ.ടി.ഒ.യുടെ മിനിട്ട്സും ഞാൻ കണ്ടിട്ടില്ല.

ശ്രീ. ടി. എം. ജേക്കബ്: സർ, ഇക്കാര്യത്തിൽ അങ്ങേക്ക് സംശയം ഉണ്ടെങ്കിൽ ആ സംശയം ദൂരീകരിക്കാൻ ഈ സഭയിലെ ഏറ്റവും വലിയ എക്സ്പെർട്ട് എന്നു പറയുന്നത് കൃഷിവകുപ്പുമന്ത്രി ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലാണ്. അദ്ദേഹവുമായിട്ട് അങ്ങ് സംസാരിച്ചാൽ സംശയം തീർന്നുകിട്ടും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : ഗാട്ടിനെപ്പറ്റി വേണമെങ്കിൽ സെമിനാർ വച്ചാൽ രണ്ട് മണിക്കൂർ പ്രസംഗിക്കാം. പക്ഷേ, അസംബ്ലിയിൽ ബില്ലിനെപ്പറ്റി ഒരു ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ കുറച്ചുകൂടി മാറ്റർ ഓഫ് ഫാക്ട്, കുറച്ചുകൂടി കോൺക്രീറ്റ് ആകണം എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ അഭിപ്രായങ്ങൾ പറയാത്തത്.

ശ്രീ. പി. പി. തങ്കച്ചൻ : അങ്ങ് വെളിയിൽ പറയുന്നതെല്ലാം ബോദ്ധ്യമായിട്ടാണോ ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഞാൻ വെളിയിൽ പറയേണ്ടത് വെളിയിൽ പറയും. ഇവിടെ പറയേണ്ടത് ഇവിടെ പറയും, വീട്ടിൽ പറയേണ്ടത് വീട്ടിൽ പറയും, everything has a place, everything in its place. നമ്മുടെ വീട്ടിൽ അടുക്കളയും ടോയ്‌ലെറ്റും വേണ്ടേ ? അടുക്കളയിൽ വച്ച് ചില കാര്യങ്ങൾ ചെയ്യാറുണ്ട്, ടോയ്‌ലെറ്റിൽ വച്ച് ചില കാര്യങ്ങൾ ചെയ്യാറുണ്ട്. പക്ഷേ, മാറി ചെയ്താൽ ആകെ അപകടമാകും. ഒരു വീട്ടിൽ അടുക്കളയും ടോയ്‌ലെറ്റും അനിവാര്യമാണ്. ടോയ്‌ലെറ്റിൽ ചെയ്യുന്നത് അടുക്കളയിലും അടുക്കളയിൽ ചെയ്യേണ്ടത് ടോയ്‌ലെറ്റിലും ചെയ്താൽ അത് മോശമാണെന്നുള്ളതുകൊണ്ട് ഞാൻ അസംബ്ലിയിൽ പറയേണ്ടതേ പറയുകയുള്ളൂ. ഇത് രേഖയിൽ ഉണ്ടായിരിക്കുന്നതിനു വേണ്ടിയാണ് ഞാൻ മൈക്കിലൂടെതന്നെ പറയുന്നത്. അത് രേഖയിൽ ചരിത്രപരമായ ഒരു ഉദ്ധരണി ആയിരിക്കും.

ശ്രീ. ജി. കാർത്തികേയൻ : ഞാൻ അങ്ങയെ ഡൈവർട്ട് ചെയ്യുന്നതിനു വേണ്ടിയല്ല പറയുന്നത്. ധനകാര്യവകുപ്പുമന്ത്രി എന്ന നിലയിലും ചില സന്ദർഭങ്ങളിൽ മുഖ്യമന്ത്രിയുടെ ചാർജ്ജ് വഹിക്കുന്ന മന്ത്രി എന്ന നിലയിലും ഗാട്ട് കരാറിനെക്കുറിച്ചും ഡങ്കൽ കരാറിനെക്കുറിച്ചും ഡബ്ല്യൂ.ടി.ഒ.യെക്കുറിച്ചും പല സന്ദർഭങ്ങളിലും അങ്ങ് ഇവിടെ പറഞ്ഞിട്ടുണ്ട്. അത് ആധികാരികമായ പരാമർശമല്ലെന്നാണോ അങ്ങ് ഇവിടെ പറയുന്നത് ?

ശ്രീ. ടി. ശിവദാസമേനോൻ : അല്ല. ബില്ലിന്റെ സെക്കന്റ് റീഡിംഗ് നടക്കുമ്പോൾ റിപ്ലൈയിൽ ഇതെല്ലാം കൊണ്ടുപോയി ഉൾക്കൊള്ളിക്കരുതെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. നേരെമറിച്ച് ബഡ്ജറ്റ് ഡിസ്ക്കഷനിൽ റിപ്ലൈ ചെയ്യുമ്പോൾ ഫിസ്ക്കൽ സിറ്റുവേഷൻ, പൊളിറ്റിക്കൽ സിനാരിയോ, which leads to the political, fiscal situation. അതെല്ലാം അതിന് മറുപടി പറയുമ്പോൾ പറയും, ഇത് ബില്ലിന്റെ സെക്കന്റ് റീഡിംഗിലുള്ള പരാമർശമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് ഒരു പുതിയ ലൈൻ എടുത്തു. വളരെ നന്നായി. സ്വാഗതാർഹമാണ്. നമ്മുടെ മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഒന്നാം വായനയിലും പറയും രണ്ടാം വായനയിലും പറയും മൂന്നാം വായനയിലും പറയും. എത്ര പറഞ്ഞാലും പുറത്തു പറയുന്നതുതന്നെ ഇവിടെയും പറയുന്ന എത്രയോ സംഭവങ്ങൾ ഉണ്ട്. ഇത് അവരെയൊന്നു ബോദ്ധ്യപ്പെടുത്താൻ അങ്ങ് ശ്രമിക്കുമോ ?

ശ്രീ. ടി. ശിവദാസമേനോൻ : അതിനൊരു മീഡിയേറ്ററിന്റെ ആവശ്യമില്ല. അവരുടെ ഒരു ഉത്തമ സുഹൃത്താണ് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ്. നേരെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തിയാൽ മതി.

മി. സ്പീക്കർ : ഏതായാലും ഇതൊന്നും സഭയിൽ വേണ്ട എന്നാണ് ചെയറിന് പറയാനുള്ളത്. സഭയ്ക്ക് പുറത്തായിക്കൊള്ളട്ടെ.

ശ്രീ. ടി. ശിവദാസമേനോൻ : സെക്കന്റ് റീഡിംഗിനെ സംബന്ധിച്ച് ഇവിടെ ഡിസ്ക്കഷൻ നടന്നു. അതിൽ ഇവിടെ വന്ന പരാമർശത്തിന് വേണമെങ്കിൽ മറുപടി പറയാം. കേരളത്തിലുള്ള കാർഷിക ഉല്പന്നങ്ങൾക്ക് നികുതി കൂടിയിട്ടുണ്ട്. ഏലം, കുരുമുളക് അതുപോലെ കുറെ ഇനങ്ങൾ പറഞ്ഞു. മത്സ്യതൊഴിലാളികളുടെ ഔട്ട്ബോർഡ് എഞ്ചിൻ, അതുപോലെ കൈത്തറി തൊഴിലാളികളുടെ ഖാദിയെപ്പറ്റിയുമൊക്കെ ഇവിടെ പറഞ്ഞു. ഖാദി ബോർഡിൽ ജി.ഒയിൽ ലിസ്റ്റ് ചെയ്ത ഇൻഡസ്ട്രീസ് ഉണ്ട്. ആ ഇൻഡസ്ട്രീസിന്റെ പ്രോഡക്ട്സിനെ നികുതിയിൽനിന്നും കംപ്ലീറ്റ് ഒഴിവാക്കുകയാണ്. നേരെമറിച്ച് ഖാദിയുടെ ഒരു ലൈസൻസ് വാങ്ങി ടി.വി., എയർ കണ്ടീഷണർ ഒക്കെ ഉണ്ടാക്കുന്ന ഫാക്ടറികളുണ്ട്. ആ ഫാക്ടറികളും കൂടി ഖാദിയുടെ ബോർഡ് വച്ച് ഇതൊക്കെ ഖാദി ഉല്പന്നങ്ങളാണ് എന്നു പറഞ്ഞാൽ സാധാരണ സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് കൊഴിഞ്ഞുപോകും. 100 സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് ഉണ്ട്. അതുകൊണ്ട് ആക്ചൽ ഖാദി ബോർഡിന്റെ നോട്ടിഫിക്കേഷനിലുള്ള ഇൻഡസ്ട്രീസിന്റെ ഷെഡ്യൂളിലെ മുഴുവനും ഒഴിവാക്കും ; നോ ഡൗട്ട്. കാർഷിക ഉല്പന്നങ്ങളിൽ കുറെ എണ്ണത്തിന്റെ കാര്യം ഞാൻ സബ്ജക്ട് കമ്മിറ്റിയിൽതന്നെ പറഞ്ഞു. അതെല്ലാം നോട്ടിഫിക്കേഷൻ ആയിക്കഴിഞ്ഞു. പിന്നെ ബഹുമാനപ്പെട്ട ആര്യാടൻ പറഞ്ഞതുപോലെ ചില ഹാൻഡ്മെയ്ഡ് സോപ്പുകൾ, ആ ജാതി കാര്യങ്ങൾക്കൊക്കെ നികുതി കളഞ്ഞു. അങ്ങനെ കുറെ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഇവിടെ വന്ന വിമർശനം ഉൾക്കൊണ്ടുകൊണ്ട് കൃഷിക്കാർക്കോ കൊച്ചു കൊച്ചുവ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന കേരളത്തിലെ ആളുകൾക്കോ ആർക്കുംതന്നെ ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. ഇനിയും വല്ല സജക്ഷൻസും ഉണ്ടെങ്കിൽ ചെയ്യാൻ കഴിയും. Section 10 of the K.G.S.T. Act എന്നു ഞാൻ പറയുന്നത്, അത് പറയാനുള്ള ആക്ട് ആണോ. അത് വകുപ്പല്ലേ. റബ്ബറിന് പർച്ചേസ് നികുതി എസ്.ടി.സി.ക്ക് ഒഴിവാക്കിയത് സെക്ഷൻ 10 ഉപയോഗിച്ചിട്ടാണ്. നമ്മൾ തന്നെ സബ്ജക്ട് കമ്മിറ്റിയിൽ ഇരുന്നിട്ട് ഒഴിവാക്കിയതാണ്. നിയമത്തിൽ ഭേദഗതി ഉണ്ടായാൽ അത് പെർമനന്റ് ആയിട്ടുള്ളവർക്കാണ്. നേരെമറിച്ച് സെക്ഷൻ 10 അനുസരിച്ച് നമുക്ക് നികുതി എല്ലാ സെക്ഷനും നോട്ടിഫിക്കേഷൻ അനുസരിച്ച് ഒഴിവാക്കാവുന്നതേയുള്ളൂ. ഒഴിവാക്കേണ്ടതെല്ലാം ഒഴിവാക്കി. ഞാൻ 3, 4 എണ്ണം എടുത്തു പറഞ്ഞു. എല്ലാ നികുതിയും ഒഴിവാക്കാൻ പറ്റുകയില്ല. നികുതി ഒഴിവാക്കുന്ന, ഇവിടുത്തെ പാവപ്പെട്ട കൃഷിക്കാർക്ക് വിഷമം ഉണ്ടാക്കുന്ന, ഉദാഹരണമായി ന്യൂസ് പ്രിന്റ് അങ്ങനെ കുറേ കാര്യങ്ങളുണ്ട്. ഇതെല്ലാം നികുതി മാറ്റിക്കൊണ്ടു വരികയാണ് ചെയ്തത്. 12 ശതമാനം ആയിരുന്നത് 8 ശതമാനം ആക്കി. 8 ശതമാനം ഉള്ളത് 4 ശതമാനം ആക്കി. ചിലത് 4 ശതമാനം ഇല്ലാതാക്കി. ഇങ്ങനെ പലതും കൊണ്ടുവന്നു. ടൈറ്റാനിയത്തിന്റേതാണ് മനസ്സിലാക്കേണ്ടത്. 1996-ൽ ഞാൻ വരുമ്പോൾ ടൈറ്റാനിയത്തിന് 25 ശതമാനം ആണ്. എന്നിട്ടും ഞാനത് 15 ശതമാനം ആക്കി കുറച്ചു കൊടുത്തു. അതെന്താണെന്നു വച്ചാൽ മത്സരം വന്നു, ടൈറ്റാനിയം ലാഭമില്ലാതെയായി. പിന്നെ ലാഭമായപ്പോൾ അവർ

LIBRARY ARCHIVES Kerala Legislative Assembly

20 ശതമാനം ആയിക്കോട്ടേ എന്ന് ഇങ്ങോട്ട് പറഞ്ഞു. അങ്ങനെ 20 ശതമാനം ആക്കി. മൂന്നു മാസം കൂടുമ്പോഴാണ് ഒഴിവാക്കുന്നത്. ആ മൂന്നു മാസം കഴിഞ്ഞപ്പോൾ to regain physical health viability. അത് 20 ശതമാനം ആക്കി. 10 ശതമാനം സർച്ചാർജ്ജ് കുറയും. ഇപ്പോൾ അതുകൊണ്ട് നടക്കാൻ പറ്റിയ രീതിയിൽ വ്യവസായ വകുപ്പിൽ നിന്നുള്ള നിർദ്ദേശാനുസരണം അത് താഴ്ത്തികൊടുത്തിട്ടുണ്ട്. ടൈറ്റാനിയം കുഴപ്പത്തിലാകുകയില്ല. യാതൊരു സംശയവും വേണ്ട. കുറച്ചുകൊണ്ട് നോട്ടിഫിക്കേഷനും ഇറക്കി കഴിഞ്ഞു.

ശ്രീ. പി. പി. തങ്കച്ചൻ : 15 ശതമാനം ആയിരുന്നത് 20 ശതമാനം ആക്കി.

ശ്രീ. ടി. ശിവദാസമേനോൻ : 15 ശതമാനം ആയിരുന്നത് ഞാൻ തൽക്കാലം കുറച്ചതാണ്. ഞാൻ വന്നപ്പോൾ 25 ശതമാനം ആയിരുന്നു. ഞാനും 25 ശതമാനത്തിൽ തന്നെ കണ്ടിന്യൂ ചെയ്യുമായിരുന്നു. അത് നല്ല ലാഭത്തിലായിരുന്നപ്പോഴാണ് 25 ശതമാനം. പക്ഷേ, ലാഭമല്ലാതായപ്പോൾ 15 ശതമാനം ആക്കി, for some months.....ബഹളം..... അവരുമായി ഞാൻ സംസാരിച്ചു. 8-ന്റെ സ്ലാഷിലേക്ക് കൊണ്ടുവന്നാൽ, റവന്യൂ വേണ്ട, ശമ്പളം കൊടുക്കണ്ട, എല്ലാ ആസ്പെക്ട്സും നോക്കണ്ട. അതുകൊണ്ട് 25 ശതമാനം ആക്കിയിരുന്ന ചരിത്രമാണ് കുറേക്കാലം നടന്നിരുന്നത്. 8-ആക്കി കൊണ്ട് സ്ലാഷ് ചെയ്യുക എന്നു പറഞ്ഞാൽ അതിന്റെ വേറെ ബുദ്ധിമുട്ടുകൾ നമുക്ക് വരും. എനിക്കിതിന് യാതൊരു പിടിവാശിയുമില്ല. ഫ്ളോർ റേറ്റ് യൂണിഫൈ ചെയ്യുന്നതിൽ നമുക്ക് ഗുണമേയുള്ളൂ. അതല്ല വേറൊരു തീരുമാനം അവിടെയുണ്ട്. ഈ ഫ്ളോർ റേറ്റ് നടപ്പിലാക്കുന്നതുകൊണ്ട് ഏതെങ്കിലും സ്റ്റേറ്റിൽ നഷ്ടം വരികയാണെങ്കിൽ Central Government will make good amount-എന്നൊരു ഫ്ളാറ്റ് തീരുമാനവുമുണ്ട്. ഇത് ആരും തുടങ്ങിയിട്ടില്ല. ആന്ധ്ര, കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങൾ ഓർഡിനൻസ് ഇറക്കി. പോണ്ടിച്ചേരി ഓർഡിനൻസ് ഇറക്കിയില്ല. പോണ്ടിച്ചേരി ഓർഡിനൻസ് ഇറക്കാത്തതിന് വളരെ ശക്തിയായിട്ട് നമ്മൾ എഴുതിയിരുന്നു. അങ്ങനെയാണെങ്കിൽ ഇത് നടന്നിട്ട് കാര്യമില്ലായെന്ന് നമ്മളും, തമിഴ്നാടും, കർണ്ണാടകയും എല്ലാവരും എഴുതിയിട്ടുണ്ട്. ഇത് ഒരു കൊല്ലത്തേക്ക് മാത്രമാണെന്ന് മനസ്സിലാക്കണം. 30-3-2001 വരെയേ ഈ സമ്പ്രദായം ഉള്ളൂ. 1-4-2001- മുതൽ പുതിയത് ക്രിയേറ്റ് ചെയ്യുകയാണ്. അത് വാല്യൂ ആഡഡ് ടാക്സ് ആണ്. വാല്യൂ ആഡഡ് ടാക്സിന്റെ ഇടയിലുള്ള ഒരു ഇന്റർിം അറേഞ്ച്മെന്റ് മാത്രമാണ്. വാല്യൂ ആഡഡ് ടാക്സ് എന്നു പറഞ്ഞാൽ എന്താണെന്നൊന്നും ഞാൻ പറയേണ്ടയാവശ്യമില്ല. നിങ്ങൾക്കൊക്കെ അറിയുന്നതാണ്. ആഡ് ചെയ്യുന്ന വാല്യൂവിനേ ടാക്സ് ഉള്ളൂ. റാ മെറ്റീരിയൽ കോസ്റ്റ്റൈറ്റ് ഓഫ് ചെയ്യും. മാനുഫാക്ചറേഴ്സിന് ഏറ്റവും സൗകര്യമുള്ള ഒരു കാര്യമാണ്. VAT വന്നാൽ മർച്ചന്റ്സിന് ടാക്സ് evade ചെയ്യാനും കഴിയില്ല. അതുകൊണ്ടാണ് എല്ലാ ആധുനിക രാഷ്ട്രങ്ങളിലും പുരോഗമിച്ച എല്ലാ രാജ്യങ്ങളിലും ടാക്സേഷൻ വാല്യൂ ആഡ് ചെയ്യുന്നത്. It is an universally accepted formula. അതുകൊണ്ട് വാല്യൂ ആഡഡ് ടാക്സ് 1-4-2001 തൊട്ട് വരും. അതുവരെയുള്ളത് ഇന്റർിം അറേഞ്ച്മെന്റാണ്. വ്യാപാരി വ്യവസായികളുടെ കാര്യത്തെ സംബന്ധിച്ച്,

LIBRARY ARCHIVES Kerala Legislative Assembly

കട ഇൻസ്പെക്ഷൻ വളരെ മര്യാദയ്ക്കും സമാധാനപരമായിട്ടുമാണ് നടത്തുന്നത്. പക്ഷേ, കട ഇൻസ്പെക്ട് ചെയ്യാതിരിക്കാൻ നിർവാഹമില്ല. അത് ഇൻസ്പെക്ട് ചെയ്യും. ഇൻസ്പെക്ട് ചെയ്യുന്നത് തടയും എന്നു പറഞ്ഞാൽ അത് നാട്ടിലെ നിയമം അനുസരിക്കില്ല എന്നു പറയുന്നതിന് തുല്യമാണ്. അതിൽ അനീതിയോ, ഹരാസ്മെന്റോ ഉണ്ടെങ്കിൽ ആ ഉദ്യോഗസ്ഥനെതിരായിട്ട് നടപടി എടുക്കും. Inspection is not harassment or raid. Inspection is going into the accounts. ആ അക്കൗണ്ട്സ് ശരിയായിട്ടല്ല നടന്നതെങ്കിൽ സ്റ്റോക്കും, അക്കൗണ്ട്സും നോക്കും. അത് നോക്കാൻ നിയമം അനുശാസിക്കുന്നുണ്ട്. ആ നിയമം അനുസരിച്ച് പ്രവർത്തിക്കാൻ ഉദ്യോഗസ്ഥൻമാർ ചെല്ലുമ്പോൾ അവർക്കുവേണ്ട backing കൊടുക്കേണ്ടതാണ്. അതിനെ സംബന്ധിച്ച് വല്ല കേസുകളോ കാര്യങ്ങളോ ഉണ്ടായിട്ടുണ്ടെങ്കിൽ അതെല്ലാം പിൻവലിക്കേണ്ട കേസുകളുണ്ടാവും. നിലനിർത്തേണ്ടതുണ്ടാവും. അതൊക്കെ ആ കേസിന്റെ സ്വഭാവവും സന്ദർഭവും അനുസരിച്ച് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് ചെയ്യാനുള്ളത് ചെയ്യും. അത് വ്യാപാരി വ്യവസായി ഏകോപന സമിതിയായാലും ഏതു ചേമ്പർ ഓഫ് കോമേഴ്സ് ആയാലും കോൺഫെഡറേഷൻ ആയാലും ഇവരോടൊക്കെ ഒരു കോൺഫ്രണ്ടേഷൻ ഗവൺമെന്റിന് ഇല്ല. അവരുടേയും കൂടി സഹകരണം തേടിക്കൊണ്ട് മാക്സിമം റവന്യൂ കളക്ട് ചെയ്യുക എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. അല്ലാതെ എല്ലാ കച്ചവടക്കാരോടുമുള്ള ഒരു കോൺഫ്രണ്ടേഷൻ, ഒരു യുദ്ധ പ്രഖ്യാപനം. ഒരു കാരണവശാലും ഈ ഗവൺമെന്റിന്റെ നയമല്ല. ഈ ഗവൺമെന്റിന്റെ നയം മർച്ചന്റ്സ് ട്രേഡിംഗ് കമ്മ്യൂണിറ്റിയുമായി ആശയവിനിമയം ചെയ്ത് അവരുടെ കൂടി സഹകരണം കൊണ്ട് ഇതു വിജയിപ്പിക്കുക എന്നുള്ളതാണ്. പക്ഷേ, നിയമ വിരുദ്ധമായി വല്ലതും ചെയ്താൽ നടപടിക്ക് വിധേയമാവുകയും ചെയ്യും. അത്രയേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കണാരൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ എന്റെ 104, 107 എന്നീ ഭേദഗതികൾ അവതരിപ്പിക്കുകയാണ്.

(104) In section 4(3) (c) of the Principal Act proposed to be amended by clause 2 for the words "one lakh fifty thousand rupees" substitute the words "two lakhs of rupees."

LIBRARY ARCHIVES Kerala Legislative Assembly

(107) In section 4 of the Principal Act proposed to be amended by clause 2 shall be renumbered as sub-clause (b) of that clause and before sub-clause (b) as so renumbered add the following as sub-clause (a) namely:- "(a) in the Kerala Central Sales Tax Act, 1963 (15 of 1963) (herein after referred to as the Principal Act) in clause (b) of sub-section (3) of section 4 for the words does not exceed twenty five thousand rupees" substitute the words "fifty thousand rupees."

ഭേദഗതി 104, എന്റെ അറിവ് ശരിയാണെങ്കിൽ 30,000 കേസുകൾ പെന്റിംഗ് കിടക്കുകയാണ്. ഒന്നര ലക്ഷം രൂപ എന്നുള്ളത് രണ്ട് ലക്ഷം രൂപ ആക്കുകയാണെങ്കിൽ കുറേക്കൂടി ഡിസ്പോസൽ ഉണ്ടാകും എന്നുള്ളതുകൊണ്ടാണ് ഞാനിത് പറഞ്ഞത്. അടുത്ത ഭേദഗതി രണ്ടാമത്തേത് പറയുന്നത് 25,000 രൂപ എന്നുള്ളത് 50,000 രൂപ ആക്കിയാൽ കുറേക്കൂടി അവിടെ കവർ ചെയ്യാൻ സാധിക്കും. അത് രണ്ടും അരിയേഴ്സ് ധാരാളം കിടക്കുകയാണ്. ഏകദേശം 30,000ത്തോളം കേസുകളുണ്ട് എന്നാണെന്റെ അറിവ്. അത് പെട്ടെന്ന് ഡിസ്പോസ് ചെയ്യുകയാണെങ്കിൽ ഇതേ മാറ്റു. ഇത് അതിനുള്ള ഒരു മാർഗ്ഗമാണ്. അതിന് വേണ്ടിയാണ് ഞാനിത് അവതരിപ്പിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ് : സർ, ഇതിനകത്ത് ഞാൻ കൊടുത്ത ഭേദഗതി ശ്രീ. ആര്യാടൻ കൊടുത്തതിന് സമാനമാണ്. അദ്ദേഹം പറയാത്ത ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഈ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ സെക്ഷൻ (4) ൽ പറയുന്നത്. ഇവിടെ ഇപ്പോൾ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി ഒരു ലക്ഷം രൂപയെന്നുള്ളത് ഒരു ലക്ഷത്തി അൻപതിനായിരം എന്നാക്കി മാറ്റിയിട്ടുണ്ട്. A Bench consisting of two or more members other than the Chairman or a Judicial member may dispose of any case where the amount of tax or penalty disputed in appeal does not exceed one lakh rupees. അതാണ് വർദ്ധിപ്പിച്ചത്. ഈ അപ്പലേറ്റ് ട്രൈബ്യൂണലിന് എമൗണ്ട് കൂട്ടണമെന്ന് ആഗ്രഹിച്ചപ്പോൾ ഒരു ലക്ഷം ഒന്നര ലക്ഷം ആക്കുന്നതിനേക്കാൾ നല്ലത് രണ്ടു ലക്ഷം ആക്കുകയാണ്. അത് ഗവൺമെന്റിനും ഗുണകരമായിട്ടുള്ളതാണ്.

മി. സ്പീക്കർ : അത് ഗവൺമെന്റ് തിരുമാനിക്കേണ്ടതാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, അത് ഒരു ലക്ഷത്തി അൻപതിനായിരം മതി.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ്, അങ്ങയുടെ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : പ്രസ്സുചെയ്യുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : Sir, I move the following amendment.

(375) In section 5 of the Kerala General Sales Tax Act, 1963 proposed to be amended by clause 3 of the Bill, after sub-clause (1), the following sub-clause shall be inserted, namely :- "(1A) for item (b) of clause (1) of sub-section (2c), the following item shall be substituted, namely :- "(b) by any dealer in foreign liquor as apecified in entries against serial number 60 of the First Schedule at the rate of 5 percent on the turn over at all points."

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഞാൻ എന്റെ 109-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

In section 5 (1) (iii) of the Principal Act proposed to be amended by clause 3 (1) for the words "eight percent" substitute the words "seven percent."

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ എന്റെ 112-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

In section 5 (3) (i) of the Principal Act proposed to be amended by clause 3 (2) (a) for the words "three percent" wherever they occur substitute the words "two and a half percent."

നിലവിലുള്ള മൂലനിയമത്തിൽ വ്യാവസായിക റാമെറ്റീരിയൽസ്, അല്ലെങ്കിൽ അതിന്റെ കോംപോണന്റ്സ് പാർട്ട്സ് വ്യാവസായിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനായി വിൽക്കുമ്പോൾ അതിന്റെ ടാക്സ് രണ്ടര ശതമാനം ആയിരുന്നു. അതിന് ഇപ്പോൾ മൂന്ന് ശതമാനമായിട്ട് വർദ്ധിപ്പിക്കുകയാണ്. അങ്ങനെ വർദ്ധിപ്പിക്കുന്നത് കേരളത്തിലെ ചെറുകിട വ്യാവസായിക മേഖലയെ ദോഷകരമായി ബാധിക്കും. പ്രത്യേകിച്ചും ഏകീകൃത ടാക്സ് വരാൻപോകുന്ന അവസരത്തിൽ കേരളം നികുതി വർദ്ധിപ്പിക്കാൻ തയ്യാറാകുന്നത്, ശരിയല്ല. ഇപ്പോൾ തന്നെ പല ചെറുകിട വ്യവസായങ്ങളും സിക്ക് യൂണിറ്റായി മാറുന്ന സാഹചര്യത്തിൽ പഴയതുപോലെ രണ്ടര ശതമാനം എന്നാക്കണമെന്നുള്ള എന്റെ അമെന്റുമെന്റ് ഞാൻ മൂവ് ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ എന്റെ 114-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

> In section 5 of the Principal Act proposed to be amended by clause 3, after item (b) of sub-clause (2) add the following as item (c) namely :- "(c) sub-section (3A) shall be renumbered as sub-section (3B) and before sub-section 3B as so renumbered add the following, namely :- (3-A) Notwithstanding anything and no industrial unit shall be liable to pay tax in respect of the sale of goods produced by that industrial unit if such industrial unit is financed by the Khadi Commission or the Kerala State Khadi and Village Industries Board for the production of such goods."

ഖാദി കമ്മീഷന്റെയോ ഖാദി ബോർഡിന്റെയോ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഇൻഡസ്ട്രീയൽ യൂണിറ്റുകൾ, ആ യൂണിറ്റുകളെ പൂർണ്ണമായി എക്സംപ്റ്റ് ചെയ്യാൻ വേണ്ടിയുള്ളതാണ് എന്റെ ഭേദഗതി. വളരെ നേരത്തേ ഞാൻ തമിഴ്നാടിന്റെ ഓർഡറൊക്കെ കാണിച്ചു, അവിടെ ബഹുമാനപ്പെട്ട ശ്രീ. കണാരൻ വരെ അനുകൂലിച്ച ഒരു കാര്യമാണ്. ശ്രീ. ബാലൻ വൈദ്യർ ഇന്നലെ ഇതിനുവേണ്ടി തന്നെയാണ് ഇതൊക്കെ കൊണ്ടുവന്നത്. ഈ സഭയിൽ ആ ഭാഗത്തും ഈ ഭാഗത്തുമെല്ലാം ഒരുപോലെ അഭിപ്രായമുള്ള ഒരു കാര്യമാണ്. രണ്ടു ഭാഗത്തും ഒരുപോലെ അഭിപ്രായമുള്ള ഒരു കാര്യത്തിൽ മന്ത്രി എന്തിന് എതിർക്കണം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ ഖാദി കമ്മീഷന്റെയും ഖാദി ബോർഡിന്റെയും സഹായത്തോടുകൂടി നടത്തുന്ന സ്ഥാപനങ്ങളെ ഒഴിവാക്കാൻ വേണ്ടിയുള്ള അമെന്റുമെന്റാണ്. ദയവുചെയ്ത് അത് അംഗീകരിക്കണം എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഭേദഗതി അവതരിപ്പിക്കുന്നുണ്ട്. തമിഴ്നാട്ടിലെ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന് ടാക്സ് കുറച്ചുകൊടുത്തത് നോട്ടിഫിക്കേഷനിലൂടെയാണ്. ആക്ടിൽ അല്ല. എനിക്ക് ആ ഗുഡ്സിന്റെ ലിസ്റ്റ് കിട്ടിയിട്ട് ആ ഷെഡ്യൂളിലേതിനെ ഒഴിവാക്കുമെന്ന് ഞാൻ പറഞ്ഞല്ലോ. തമിഴ്നാട്ടിലും ആക്ടിൽ അല്ല. ഒരു നോട്ടിഫിക്കേഷൻ കൊണ്ടാണ് അവർ ഒഴിവാക്കി കൊടുത്തിട്ടുള്ളത്. അതുപോലെ തന്നെയാണ് ഇവിടെയും ചെയ്യുന്നത്. അതുകൊണ്ട് എന്റെ ഭേദഗതിയോടു കൂടി 3-ാം വകുപ്പ്..... (ബഹളം.....)

ശ്രീ. ടി. ശിവദാസമേനോൻ : നോട്ടിഫിക്കേഷൻ ഇറക്കും.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, നോട്ടിഫിക്കേഷൻ ഇറക്കുമെന്ന് പറയുന്നു. ഇന്ന് കാലിക്കട്ടിൽ നിന്ന് വന്ന ആളുകൾ എന്നോട് പറഞ്ഞു അവർക്ക് ടാക്സ് കൊടുക്കാൻ പറഞ്ഞ് ഇരട്ടി പെനാൽറ്റി കൂട്ടി നോട്ടീസ് കൊടുത്തിട്ട് പലരും പൂട്ടാൻ പോകുകയാണെന്ന്. ഈ നോട്ടിഫിക്കേഷൻ മെത്തേഡ് വച്ചാൽ ഉണ്ടാകാവുന്ന അപകടമാണത്. അതുകൊണ്ട് നോട്ടിഫിക്കേഷൻ പോരാ, ഈ ബില്ലിൽ തന്നെ ഇത് എക്സംപ്റ്റ് ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1-1-ന് ഈ ഓർഡിനൻസ് നിലവിൽ വന്നു. അത് കൊടുക്കേണ്ടിവരും, അത് മടക്കിക്കൊടുക്കുന്ന ഇടപാടില്ല. അത് അടയ്ക്കേണ്ടിവരും. ഈ ബിൽ നിയമമായി വന്നാലേ ആ നോട്ടിഫിക്കേഷന്റെ ഡേറ്റ് ഏതാണോ ആ ഡേറ്റ് നോക്കിയിട്ടേ അതിന് ഒഴിവുള്ളൂ. അതുവരെ നിയമപ്രകാരമുള്ളത് കൊടുക്കണം. നോട്ടിഫിക്കേഷൻ വരുന്ന തീയതിക്കേ മാറുള്ളൂ. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ 375-ാം നമ്പർ ഭേദഗതി അംഗീകരിക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് അങ്ങയുടെ 114-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു ; പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ : ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 19

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ശ്രീ. സി. ടി. അഹമ്മദ് അലി
3. ശ്രീ. എ. കെ. ആന്റണി
4. ശ്രീ. കെ. ബാബു
5. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
6. ശ്രീ. ടി. എം. ജേക്കബ്
7. ശ്രീ. ജോണി നെല്ലൂർ
8. ശ്രീ. കെ. സി. ജോസഫ്
9. ശ്രീ. പി. ജെ. ജോയി
10. ശ്രീ. ജി. കാർത്തികേയൻ
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
13. ശ്രീ. ആര്യാടൻ മുഹമ്മദ്
14. ശ്രീ. എഴുകോൺ നാരായണൻ
15. ശ്രീ. തമ്പാനൂർ രവി
16. ശ്രീ. കെ. സുധാകരൻ
17. ശ്രീ. പി. പി. തങ്കച്ചൻ
18. ശ്രീ. തോമസ് ചാഴികാടൻ
19. ശ്രീ. കെ. സി. വേണുഗോപാൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ - 34

1. ശ്രീ. ആന്റണി രാജു
2. ശ്രീ. ടി. കെ. ബാലൻ
3. ശ്രീ. വി. കെ. ചന്ദ്രൻ
4. ശ്രീ. എം. ദാസൻ
5. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
6. ശ്രീ. ടി. കെ. ഹംസ
7. ശ്രീ. കെ. ഇ. ഇസ്മയിൽ
8. ശ്രീ. എം. വി. ജയരാജൻ
9. ശ്രീ. ടി. എസ്. ജോൺ
10. ശ്രീ. ജോസ് ബേബി
11. ശ്രീ. എ. കണാരൻ
12. ശ്രീ. എളമരം കരീം
13. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
14. ശ്രീ. പി. കെ. കുമാരൻ
15. ശ്രീമതി ആർ. ലതാ ദേവി
16. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
17. ശ്രീ. പിരപ്പൻകോട് മുരളി
18. ശ്രീ. പി. നാരായണൻ
19. ശ്രീ. കെ. പ്രകാശ് ബാബു
20. ശ്രീമതി എൻ. കെ. രാധ
21. ശ്രീ. കെ. രാധാകൃഷ്ണൻ
22. ശ്രീ. പി. രാഘവൻ
23. ശ്രീ. സി. കെ. രാജേന്ദ്രൻ
24. ശ്രീ. കെ. പി. രാജേന്ദ്രൻ
25. ശ്രീ. വി. പി. രാമകൃഷ്ണപിള്ള
26. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
27. ശ്രീ. യു. എസ്. ശശി

LIBRARY ARCHIVES Kerala Legislative Assembly

28. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ

29. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

30. ശ്രീ. ടി. ശിവദാസമേനോൻ

31. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

32. ശ്രീ. എം. പി. വർഗ്ഗീസ്

33. ശ്രീ. വർഗ്ഗീസ് വൈദ്യർ

34. ശ്രീ. പി. വിശ്വൻ

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 19

പ്രതികൂലിക്കുന്നവർ - 34 ,

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി അംഗീകരിക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

4-ാം വകുപ്പ്

മി. സ്പീക്കർ : ഭേദഗതി ഇല്ല.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5-ാം വകുപ്പ്

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ എന്റെ 119-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(119) In section 23 A(1) of the Principal Act proposed to be amended by clause 5 (1), the following shall be added at the end namely "and in the second provise, the words and figures "1st day of April, 1999" shall be substituted by the words and figures "31st day of January, 2000"

LIBRARY ARCHIVES Kerala Legislative Assembly

ഇത് സബ്ജക്ട് കമ്മിറ്റിക്ക് പോയ അവസരത്തിൽ 31st day of January, 2000 എന്നുള്ളത് മാറ്റി 20th day of March, 2000 എന്നാക്കി. ഞാൻ ഇവിടെ പറഞ്ഞിരിക്കുന്ന 119-ാമത്തെ ഭേദഗതി എന്നുപറയുന്നത് ഞാൻ സെക്കന്റ് പ്രൊവിസോയ്ക്കാണ് ആ ഭേദഗതി പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. ഇവിടെ പറഞ്ഞിരിക്കുന്നതനുസരിച്ച് ഇതിനകത്ത് Reduction of interest ആണ് ഈ 23 (എ) ഡീൽ ചെയ്യുന്നത്. സർ, ഇതിൽ ഫസ്റ്റ് പ്രൊവൈസോയിൽ പറയുന്നത് :

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. സി. ടി. അഹമ്മദ് അലി
4. ശ്രീ. എ. കെ. ആന്റണി
5. ശ്രീ. കെ. ബാബു
6. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
7. ശ്രീ. ടി. എം. ജേക്കബ്
8. ശ്രീ. ജോണി നെല്ലൂർ
9. ശ്രീ. കെ. സി. ജോസഫ്
10. ശ്രീ. പി. ജെ. ജോയി

LIBRARY ARCHIVES Kerala Legislative Assembly

11. ശ്രീ. ജി. കാർത്തികേയൻ
12. ശ്രീ. കെ. കെ. നായർ
13. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
14. ശ്രീ. കെ. എം. മാണി
15. ശ്രീ. ആര്യാടൻ മുഹമ്മദ്
16. ശ്രീ. എഴുകോൺ നാരായണൻ
17. ശ്രീ. പാലോട് രവി
18. ശ്രീ. തമ്പാനൂർ രവി
19. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
20. ശ്രീ. കെ. സുധാകരൻ
21. ശ്രീ. സി. എഫ്. തോമസ്
22. ശ്രീ. തോമസ് ചാഴികാടൻ
23. ശ്രീ. കെ. സി. വേണുഗോപാൽ
24. ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ - 49

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എൻ. ആർ. ബാലൻ
5. ശ്രീ. ടി. കെ. ബാലൻ
6. ശ്രീ. സി. പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
9. ശ്രീ. വി. കെ. ചന്ദ്രൻ
10. ശ്രീ. എം. ദാസൻ
11. ശ്രീ. പി. സി. ജോർജ്
12. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
13. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
14. ശ്രീ. എം. വി. ജയരാജൻ
15. ശ്രീ. ജോൺ ഫെർണാണ്ടസ്
16. ശ്രീ. എ. കണാരൻ
17. ശ്രീ. എൻ. കണ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. എളമരം കരീം
19. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
20. ശ്രീ. പി. കെ. കുമാരൻ
21. ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്
22. ശ്രീമതി ആർ. ലതാ ദേവി
23. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
24. ശ്രീ. മോൻസ് ജോസഫ്
25. ശ്രീ. പിരപ്പൻകോട് മുരളി
26. ശ്രീ. ടി. നാണു മാസ്റ്റർ
27. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
28. ശ്രീ. പി. നാരായണൻ
29. ശ്രീ. ടി. കെ.നൗഷാദ്
30. ശ്രീ. കെ. പ്രകാശ് ബാബു
31. ശ്രീമതി എൻ. കെ. രാധ
32. ശ്രീ. കെ. രാധാകൃഷ്ണൻ
33. ശ്രീ. പി. രാഘവൻ
34. ശ്രീ. സി. കെ. രാജേന്ദ്രൻ
35. ശ്രീ. പി. രാജു
36. ശ്രീ. രാജു എബ്രഹാം
37. ശ്രീ. വി. പി. രാമകൃഷ്ണപിള്ള
38. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
39. ശ്രീ. യു. എസ്. ശശി
40. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
41. ഡോ. സെബാസ്റ്റ്യൻ പോൾ
42. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
43. ശ്രീ. ടി. ശിവദാസമേനോൻ
44. ശ്രീ. പി. പി. സുലൈമാൻ റാവുത്തർ
45. ശ്രീ. പി. എസ്. സുപാൽ
46. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
47. ശ്രീ. എം. പി. വർഗ്ഗീസ്
48. ശ്രീ. വർഗ്ഗീസ് വൈദ്യർ
49. ശ്രീ. പി. വിശ്വൻ

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 24

പ്രതികൂലിക്കുന്നവർ - 49

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച മറ്റു ഭേദഗതികളും സഭ നിരാകരിച്ചു.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ടുരേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 24

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. സി. ടി. അഹമ്മദ് അലി
4. ശ്രീ. എ. കെ. ആന്റണി
5. ശ്രീ. കെ. ബാബു
6. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
7. ശ്രീ. ടി. എം. ജേക്കബ്
8. ശ്രീ. ജോണി നെല്ലൂർ
9. ശ്രീ. കെ. സി. ജോസഫ്
10. ശ്രീ. പി. ജെ. ജോയി
11. ശ്രീ. ജി. കാർത്തികേയൻ
12. ശ്രീ. കെ. കെ. നായർ
13. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
14. ശ്രീ. കെ. എം. മാണി
15. ശ്രീ. ആര്യാടൻ മുഹമ്മദ്
16. ശ്രീ. എഴുകോൺ നാരായണൻ
17. ശ്രീ. പാലോട് രവി
18. ശ്രീ. തമ്പാനൂർ രവി
19. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
20. ശ്രീ. കെ. സുധാകരൻ
21. ശ്രീ. സി. എഫ്. തോമസ്
22. ശ്രീ. തോമസ് ചാഴികാടൻ
23. ശ്രീ. കെ. സി. വേണുഗോപാൽ
24. ശ്രീ. ബി. വിജയകുമാർ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ - 49

1. ശ്രീ. അലി ഹസ്സൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എൻ. ആർ. ബാലൻ
5. ശ്രീ. ടി. കെ. ബാലൻ
6. ശ്രീ. സി. പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
9. ശ്രീ. വി. കെ. ചന്ദ്രൻ
10. ശ്രീ. എം. ദാസൻ
11. ശ്രീ. പി. സി. ജോർജ്
12. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
13. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
14. ശ്രീ. എം. വി. ജയരാജൻ
15. ശ്രീ. ജോൺ ഫെർണാണ്ടസ്
16. ശ്രീ. എ. കണാരൻ
17. ശ്രീ. എൻ. കണ്ണൻ
18. ശ്രീ. എളമരം കരീം
19. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
20. ശ്രീ. പി. കെ. കുമാരൻ
21. ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്
22. ശ്രീമതി ആർ. ലതാ ദേവി
23. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
24. ശ്രീ. മോൻസ് ജോസഫ്
25. ശ്രീ. പിരപ്പൻകോട് മുരളി
26. ശ്രീ. ടി. നാണു മാസ്റ്റർ
27. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
28. ശ്രീ. പി. നാരായണൻ
29. ശ്രീ. ടി. കെ.നൗഷാദ്
30. ശ്രീ. കെ. പ്രകാശ് ബാബു
31. ശ്രീമതി എൻ. കെ. രാധ

LIBRARY ARCHIVES Kerala Legislative Assembly

32. ശ്രീ. കെ. രാധാകൃഷ്ണൻ
33. ശ്രീ. പി. രാഘവൻ
34. ശ്രീ. സി. കെ. രാജേന്ദ്രൻ
35. ശ്രീ. പി. രാജു
36. ശ്രീ. രാജു എബ്രഹാം
37. ശ്രീ. വി. പി. രാമകൃഷ്ണപിള്ള
38. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
39. ശ്രീ. യു. എസ്. ശശി
40. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
41. ഡോ. സെബാസ്റ്റ്യൻ പോൾ
42. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
43. ശ്രീ. ടി. ശിവദാസമേനോൻ
44. ശ്രീ. പി. പി. സുലൈമാൻ റാവുത്തർ
45. ശ്രീ. പി. എസ്. സുപാൽ
46. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
47. ശ്രീ. എം. പി. വർഗ്ഗീസ്
48. ശ്രീ. വർഗ്ഗീസ് വൈദ്യർ
49. ശ്രീ. പി. വിശ്വൻ

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 24

പ്രതികൂലിക്കുന്നവർ - 49

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

12-ാം വകുപ്പ്

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(362) In the "Third Schedule" to the Principal Act proposed to be amended by clause 12 (i) shall be renumbered as item No. (ia) and before item No. (ia) as so renumbered add the following as item No. (i) namely :- "(i) After Serial No.3 and the entries against it add the following as Serial No. 3A namely : 3A. Any product manufactured by an industrial unit in the state working with the financial assistance rendered by the Kerala Khadi and Village Industries Board."

ശ്രീ. സി. എഫ്. തോമസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(364) In the "Third Schedule" to the Principal Act proposed to be amended by clause 12 (x) delete Serial No. 52 and the entry against it.

ശ്രീ. പി. ജെ. ജോയി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(366) In the "Third Schedule" to the Principal Act proposed to be amended by clause 12 after item No. (xi) add the following as item No. (xii) "(xii) tender coconut."

കരിക്കിന് നികുതി എടുത്തു കളയണമെന്ന നിയമം കഴിഞ്ഞ സഭയിൽ വന്നതാണ്. ഇപ്പോഴും 4 ശതമാനം നികുതിയിൽ നിൽക്കുകയാണ്. നമ്മുടെ നാട്ടിലെ തെങ്ങിന് വംശനാശം വരുന്ന സ്ഥിതിയിലേക്ക് വരികയാണ്. കൃഷി വകുപ്പുമന്ത്രി ഒട്ടേറെ പ്രോൽസാഹനങ്ങളും പ്രഖ്യാപനങ്ങളും നടത്തുന്നുണ്ട്. കരിക്ക് കൂടുതൽ ചെലവഴിക്കുവാൻ കഴിയുന്നതാണ്. അതുകൊണ്ട് നികുതി എടുത്തുകളയണമെന്നതാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇല്ല.

മി. സ്പീക്കർ : ശ്രീ. കെ. സി. വേണുഗോപാൽ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ. സി. വേണുഗോപാൽ അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(367) In the fourth schedule of the Principal Act proposed to be substituted by clause 13, the amounts against the following Serial Numbers shall be substituted as shown below namely :-

Serial No.	Amount changed
6	10
15	10
22	6

സർ, ഇതിനകത്ത് ക്രമനമ്പർ 6-ൽ പറഞ്ഞിരിക്കുന്നത് 12 ശതമാനമെന്നുള്ളത് 10 ശതമാനമാക്കണമെന്നാണ്. ജനറേറ്ററിന്റെ കാര്യമാണ്. എന്തായാലും ലോഡ് ഷെഡ്ഡിംഗ് സർക്കാർ പിൻവലിക്കുന്ന ലക്ഷണമില്ല. അപ്പോൾ ആളുകൾ ഓരോ ജനറേറ്റർ വാങ്ങി വയ്ക്കുന്നതാണ് നല്ലത്. അതുകൊണ്ട് ടാക്സ് കുറയ്ക്കണമെന്നാണ്. സാനിറ്ററി ഫിറ്റിംഗ്സിന്റെ കാര്യവുമുണ്ട്. അതു ഞാൻ നേരത്തേ പറഞ്ഞതാണ്. ലോഡ് ഷെഡ്ഡിംഗ് പിൻവലിച്ചോളാമെന്ന് സർക്കാർ നേരത്തേ പറഞ്ഞതാണ്. ഇതുവരെ പിൻവലിച്ചിട്ടില്ല. അതുകൊണ്ടാണ് ജനറേറ്ററിന്റെ ടാക്സ് കുറയ്ക്കണമെന്നു ഞാൻ പറയുന്നത്.

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(368) In the fourth schedule to the Principal Act proposed to be amended by clause 13 in column 3 against Serial Number 16 for '8' substitute '10'

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസാരിക്കുന്നില്ല.

(370) In the fourth schedule to the Principal Act proposed to be amended by clause 13 in column 3 against Serial Number 21 for "12" substitute "10"

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പാലോട് രവി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. പാലോട് രവി അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

ശ്രീ. ടി. എം. ജേക്കബ് : സർ, എന്റെ ഭേദഗതിയുണ്ട്.

മി. സ്പീക്കർ : അത് ഓർഡറിലല്ല. ടാക്സ് കൂട്ടാനല്ലേ ?

ശ്രീ. ടി. എം. ജേക്കബ് : റബ്ബറിന്റെ കാര്യമാണ്. അത് നാല് എന്നുള്ളത് എട്ടാക്കാൻ പറഞ്ഞു. എട്ടാമത്തതിനകത്ത് പന്ത്രണ്ടാക്കാൻ പറഞ്ഞു. ഒരെണ്ണം ഓർഡറിലാണ്.

മി. സ്പീക്കർ : അങ്ങനെ വരുമ്പോൾ ഒരു ഭേദഗതി ഓർഡറിലല്ലാതെ വരുമ്പോൾ ആ ഭേദഗതിയെ ഒഴിവാക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ഓർഡറിലുള്ളത് എടുത്താൽ മതി. ഓരോന്നിനും ഓരോ അമെൻന്റ് മെന്റ് കൊടുക്കേണ്ട എന്നു വിചാരിച്ചു ചെയ്തതാണ്. ഞാൻ 371-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്.

(371) In the fifth schedule of the Principal Act proposed to be amended by clause 14, the amounts occuring in column (4) and (8) against the following Serial Numbers shall be substituted as follows namely :-

Serial No. (1)	Rate of Tax (4)	Rate of Tax (8)
1	8	10
5	12	15
11	8	10

അതിനെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു. കൂടുതലായിട്ട് ആഡ് ചെയ്യുന്നില്ല.

ശ്രീ. കെ. എം. മാണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(372) In column (4) against serial No. 1 of the fifth Schedule to the Principal Act, proposed to be amended by clause 14, for the figure '10' substitute '8'

(373) In column (8) against serial No. 1 the fifth Schedule to the Principal Act, proposed to be amended by clause 14, for "12" substitute "10"

(374) In column (4) against serial No. 8 the fifth Schedule to the Principal Act, proposed to be amended by clause 14, for the figure "10" substitute "8"

സർ, റബ്ബറിന്റെ നികുതി 10 ശതമാനമെന്നുള്ളത് 12 ശതമാനമാക്കിയിരിക്കുകയാണ്. എനിക്ക് മനസ്സിലാക്കാൻ കഴിയാത്തത് എന്തിനാണ് ഈ നിയമം കൊണ്ടുവന്നത് എന്നാണ്. അയൽ സംസ്ഥാനങ്ങളുമായി ടാക്സ് വാർ ഒഴിവാക്കാനാണെന്ന് പറയുന്നു. റബ്ബറിന്റെ കാര്യത്തിൽ എവിടെയാണ് അയൽ സംസ്ഥാനങ്ങളുമായി ടാക്സ് വാറുള്ളത് ? അയൽ സംസ്ഥാനങ്ങളുമായി ടാക്സ് വാറില്ല. തമിഴ്നാടുമായിട്ടില്ല. എന്തിന്റെ പേരിലാണ് റബ്ബറിന്റെ പത്തു ശതമാനം നികുതി 12 ശതമാനമാക്കിയത് ? ബഹുമാനപ്പെട്ട മന്ത്രി ബഡ്ജറ്റു വരുമ്പോൾ നോക്കാമെന്നു പറഞ്ഞു. കാർഷികോൽപ്പന്നങ്ങളുടെ നികുതിയെ സംബന്ധിച്ചിടത്തോളം ഒരു വാക്കുപോലെ അദ്ദേഹം പറഞ്ഞിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : പറഞ്ഞിട്ടില്ല.

ശ്രീ. കെ. എം. മാണി : പറഞ്ഞില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : അറേഞ്ചുമെന്റുണ്ടാക്കാമെന്നു പറഞ്ഞു.

ശ്രീ. കെ. എം. മാണി : ഇപ്പോൾ ധനകാര്യവകുപ്പുമന്ത്രി പറയുന്നു, പറഞ്ഞിട്ടില്ലാ എന്ന്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല. ഇതിൽ 10 ശതമാനം 12 ആക്കിയെന്നാണ് പറയുന്നത്. റബ്ബറിന്റെ സർച്ചാർജ്ജോടുകൂടി ഇപ്പോൾ 11 ആണ്. അടുത്ത ഫ്ളോർ റേറ്റ് 12 ആണ്. പന്ത്രണ്ടിലേക്ക് ഫ്ളോർ റേറ്റാക്കണ്ടേ ? ഫ്ളോർ റേറ്റിലാക്കാതെ 11 ആക്കാൻ പറ്റില്ല. 11 ഒൻപതാക്കാനും പറ്റില്ല. പത്താക്കാനും പറ്റില്ല. അതുപിന്നെ എട്ടാക്കണം. അതുപോലെ ഫെർട്ടിലൈസേഴ്സിന്റെ നികുതി നാലു ശതമാനമാണ്. അതിനു താഴെയാണ് നമ്മൾ നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് ഇതെല്ലാംതന്നെ ബഡ്ജറ്റിൽക്കൂടി എന്നുള്ള ഒരു വാക്കു ബഹുമാനപ്പെട്ട കെ. എം. മാണി ഉപയോഗിച്ചു. ഞാൻ അതു പറഞ്ഞിട്ടില്ല. രേഖ നോക്കണം. ഞാൻ പറഞ്ഞ കാര്യങ്ങളെല്ലാം....അടുത്ത ഭാവിയിൽ തന്നെ ഇതു നോക്കാമെന്നാണ് പറഞ്ഞത്. കാരണം, അതിന് നോട്ടിഫിക്കേഷൻ ഇറക്കാനാണ്. അതു ബഡ്ജറ്റിലൂടെ വരുമെന്നു പറഞ്ഞില്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, ഒരു ക്ലാരിഫിക്കേഷൻ വേണം. ബഹുമാനപ്പെട്ട മന്ത്രി പൊതുവായി വന്ന വികാരങ്ങളെ കണക്കിലെടുത്തുകൊണ്ട് കാർഷിക മേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കാനായിട്ടുള്ള നടപടികൾ ഉടനെ തന്നെ സ്വീകരിക്കുമെന്നു പറഞ്ഞു.

ശ്രീ. ടി. ശിവദാസമേനോൻ : ശ്രീ. ടി. എം. ജേക്കബ് പറഞ്ഞത് ഞാൻ പറഞ്ഞു. ബഡ്ജറ്റിൽക്കൂടി നടപടി എടുക്കാമെന്നു പറഞ്ഞിട്ടില്ല. I am not a fool to say that. ബഡ്ജറ്റിൽക്കൂടി എന്നു പറയാൻ മാത്രം അത്ര വലിയ വിഡ്ഢിയാണോ ഞാൻ ?

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. എം. മാണി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

15-ാം വകുപ്പ്

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഇൻഡ്യൻ പാർലമെന്റിനകത്തും പുറത്തും കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾക്കും ബഡ്ജറ്റിലൂടെ കേന്ദ്ര ഗവൺമെന്റ് ഇൻഡ്യയിലെ പാവപ്പെട്ടവരുടെ മേൽ, കൃഷിക്കാരുടെ മേൽ, ഇടത്തരക്കാരുടെമേൽ എല്ലാം അടിച്ചേൽപ്പിച്ച താങ്ങാൻ വയ്യാത്ത ഭാരങ്ങൾക്കുമെതിരായി അതിശക്തമായ ചെറുത്തുനിൽപ്പ് നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് ഈ ബിൽ ഇവിടെ പാസ്സാക്കുന്നത്. പാർലമെന്റിനകത്തും പുറത്തും ഇവിടത്തെ ഭരണകക്ഷി-പ്രതിപക്ഷ പാർട്ടികൾ സ്വീകരിക്കുന്ന ഇൻഡ്യയിലെ സാധാരണ ജനങ്ങൾക്ക് അനുകൂലമായ നിലപാടുമായി പൊരുത്തപ്പെടുന്ന സമീപനമായിരിക്കണം ഈ കാലഘട്ടത്തിൽ നമ്മുടെ ഗവൺമെന്റ് നികുതിയുടെ കാര്യത്തിലായാലും മറ്റു കാര്യങ്ങളിലായാലും സ്വീകരിക്കേണ്ട നിലപാട്. ഏറ്റവുമൊടുവിൽ കേന്ദ്ര ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിലെ ഒട്ടനവധി നിർദ്ദേശങ്ങളെ നാമെല്ലാം ഒരുപോലെ ഒന്നിച്ച് എതിർത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ നാം പാസ്സാക്കുന്ന നിയമത്തിലൊന്നും ഇവിടത്തെ സാധാരണക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

പ്രയാസമുണ്ടാക്കുന്ന നിർദ്ദേശങ്ങളുണ്ടാകാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. കേന്ദ്ര ബജ്ഡറ്റിൽ നമ്മുടെ എതിർപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട പോയിന്റ് എന്താണ് ? കേന്ദ്ര ബഡ്ജറ്റ് anti-poor ആണ്. ഈ രാജ്യത്തെ ഇന്നത്തെ ഗവൺമെന്റ് ദരിദ്രൻമാർക്ക് എതിരാണ്. പി.ഡി.എസിന്റെ വില വർദ്ധിപ്പിച്ചത് ഉൾപ്പെടെയുള്ള നടപടികൾ, യൂറിയയുടെ വില വർദ്ധിപ്പിച്ചതുൾപ്പെടെയുള്ള നടപടികൾ, ഇവിടത്തെ കർഷകരെ ദ്രോഹിക്കുന്ന നടപടികളാണ്. പി.എഫ്. പലിശ കുറച്ചതുൾപ്പെടെ ഉള്ള നടപടികൾ ഇവിടത്തെ പണിയെടുക്കുന്ന ജനവിഭാഗങ്ങൾക്കെതിരെ, ഇടത്തരക്കാർക്കെതിരേയുള്ള നടപടികളാണ്. അത്തരം നടപടികളാണ് കേന്ദ്രഗവൺമെന്റ് എടുക്കുന്നത്. അതിനെ നാമെല്ലാം ഒരുപോലെ എതിർക്കുകയാണ്. ആ എതിർപ്പിന്റെ ഫലമായി ഗവൺമെന്റ് ചില കാര്യങ്ങളിൽ നിലപാട് മാറ്റേണ്ട സാഹചര്യമുണ്ടാകണം. ഇതുമാത്രമല്ല, ഇതിനേക്കാൾ വിശാലമായ അർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ തുടരുന്ന സമ്പൂർണ്ണമായ സ്വകാര്യവൽക്കരണത്തിലേയ്ക്ക് ഇന്ത്യയെ നയിക്കാനിടയുള്ള ആപൽക്കരമായ നയങ്ങൾക്കെതിരായി അതിശക്തമായി യോജിച്ചുനിന്നുകൊണ്ടുള്ള എതിർപ്പ് ഇന്ന് പാർലമെന്റിനകത്തും പുറത്തും നടക്കുന്നുണ്ട്. അങ്ങനെയൊരു കാലഘട്ടത്തിൽ നാം വളരെ ശ്രദ്ധിക്കേണ്ടതാണ്. ഏതായാലും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വ്യക്തമായിട്ടല്ലായെങ്കിലും ചില ഉറപ്പുകൾ നൽകിയിട്ടുണ്ട്. ഈ ബില്ലിൽ കാർഷികോല്പന്നങ്ങളുടെ നികുതി വർദ്ധിപ്പിച്ചതിന്റെ ഫലമായി കർഷകർക്ക് പ്രയാസമുണ്ടാകാനിടയുള്ള നിർദ്ദേശങ്ങളെല്ലാം പുനഃപരിശോധിച്ച് കൃഷിക്കാർക്ക് ആശ്വാസകരമായ നടപടികളുണ്ടാകും ; അതുപോലെ തന്നെ വളത്തിന് നികുതി വർദ്ധിപ്പിച്ചതിന്റെ ഫലമായി കൃഷിക്കാർക്കുണ്ടാകുന്ന പ്രയാസങ്ങളെല്ലാം പരിഹരിക്കാൻ നടപടി ഉണ്ടാകുമെന്നും അങ്ങ് പറഞ്ഞിട്ടുണ്ട്. അങ്ങയുടെ വാക്കുകൾ ഞാൻ വിശ്വസിക്കുകയാണ്. ആ വാക്ക് എത്രയും വേഗം യാഥാർത്ഥ്യമാകണം. അതുപോലെ തന്നെ വളത്തിന്റെ കാര്യത്തിലായാലും കാർഷികോല്പന്നത്തിന്റെ കാര്യത്തിലായാലും നികുതി വർദ്ധനവിന്റെ ഫലമായി കൃഷിക്കാർക്ക് ഇടയിലുണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കൃഷിക്കാർ ഇവിടുത്തെ മറ്റാരെയും സമീപിച്ച്, അവരുടെ പിന്നാലെ നടന്ന്, അവരെ കൂട്ടുപിടിച്ച്, സർക്കാരിന്റെ വിവിധ ഏജൻസികളെ സമീപിച്ച് അതിന്റെ ഫലമായി അവർക്ക് മറ്റ് അപകടങ്ങളുണ്ടാകുന്ന ഒരു സാഹചര്യമുണ്ടാകരുത്. ഇന്ന് ഈ ഷെഡ്യൂളൊക്കെ മാറ്റാനുള്ള സാങ്കേതികമായ ബുദ്ധിമുട്ട് അങ്ങ് പറഞ്ഞു. ആ സാങ്കേതികമായ ബുദ്ധിമുട്ട് എത്രയും വേഗം പരിഹരിച്ചുകൊണ്ട് കർഷകർക്ക് ആശ്വാസമുണ്ടാക്കുന്ന നടപടികൾക്ക് എത്രയും വേഗം നിയമപ്രാബല്യം നൽകാൻ അങ്ങ് ഈ അവസരത്തിൽ തയ്യാറാകണമെന്ന് മാത്രമാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഈ കാര്യത്തിൽ അങ്ങ് പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. എം. മാണി : സർ, ഇന്ന് പത്രത്തിൽ വായിച്ചതാണ്. ഇന്നലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഏകോപനസമിതി കൂടി ജനങ്ങൾക്ക് ഉപദ്രവമുണ്ടാക്കുന്ന നികുതി നിർദ്ദേശങ്ങളൊന്നും അധികം വേണ്ട എന്നുപറഞ്ഞു. ക്ഷമിക്കണം ധനകാര്യവകുപ്പുമന്ത്രിക്ക് ഇപ്പോൾ അതിനെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം പറയാൻ പറ്റില്ല. പക്ഷേ, നിങ്ങളുടെ പാർട്ടി ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത് ജനങ്ങൾക്കുപകാരം വരുത്തണ്ട എന്നുള്ള നിലയിലാണ്. എനിക്കുതോന്നുന്നത് ഇനിയിപ്പോൾ ഒരു 10 ബഡ്ജറ്റിലൂടെ കൊണ്ടുവരേണ്ട നികുതി ഉയർത്തൽ നിങ്ങളിപ്പോൾ ഏകീകരണത്തിന്റെ പേരിൽ കൊണ്ടുവന്നിരിക്കുന്നു. ഏകീകരണമെന്നുപറയുന്നത് കേന്ദ്രത്തെ സംബന്ധിച്ചിടത്തോളം കേന്ദ്രത്തിലെ ധനകാര്യവകുപ്പുമന്ത്രിയും സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും ധനകാര്യ വകുപ്പുമന്ത്രിമാരും തമ്മിലുണ്ടാക്കിയ ഒരു ധാരണയുടെ അടിസ്ഥാനത്തിലാണെന്ന് പറയുന്നതിൽ sanction ഒന്നുമില്ല. ആ കോൺഫറൻസിൽ കേരളത്തിന് ദോഷകരമായ വ്യവസ്ഥകൾ കൊണ്ടുവരാൻ നിർബന്ധിതമാകുന്ന ഒരു സാഹചര്യമുണ്ടാകാതെ മുൻകരുതലോടുകൂടി അത് സ്കീം ചെയ്യേണ്ടിയിരുന്നത് കേരള ഗവൺമെന്റിന്റെ ചുമതലയാണ്. അല്ലാതെ ഒരു ഏകീകരണമെന്നുള്ള പേരിൽ അവിടെയൊരു കോൺഫറൻസ് നടന്നു എന്നു വച്ച്, കോൺഫറൻസൊക്കെ മുമ്പ് നടന്നിട്ടുണ്ട്. എങ്ങനെയാണത് ? അയൽ സംസ്ഥാനങ്ങൾ തമ്മിലുള്ള ടാക്സ് വാർ, കാറിന്റെ കാര്യത്തിൽ അല്ലെങ്കിൽ ഏതെങ്കിലും ഒരു ചെറിയ ഐറ്റത്തിന്റെ കാര്യത്തിൽ, ഇവിടെ എല്ലാ കാര്യങ്ങളും സംബന്ധിച്ച് ടാക്സ് വാറുണ്ടോ ? ഇല്ല. ടാക്സ് വാറുള്ള ചെറിയ ഐറ്റംസുണ്ടായിരുന്നു. മാഹിയിൽക്കൂടി വരുന്നത് ചിലപ്പോൾ ലിക്കറായിരിക്കും. ചിലപ്പോൾ കാറായിരിക്കും. കൽക്കട്ടയിൽ നിന്നും വരുന്ന അല്ലെങ്കിൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന സെയിൽസ് ടാക്സിലെ മുഴുവൻ ഐറ്റത്തിനും ടാക്സ് വാറില്ലേ ? സെയിൽസ് ടാക്സിലെ ഏതാനും ചില ഐറ്റങ്ങളിൽ ഏതാനും ചില സംസ്ഥാനങ്ങൾ തമ്മിൽ ടാക്സ് വാറുണ്ടായിരുന്നു എന്നുണ്ടെങ്കിൽ ഇൻഡിസ്ക്രിമിനേറ്റായി ഇപ്രകാരം ഏകീകരണമെന്നു പറഞ്ഞ് കേരളത്തിന്റെ പൊതുതാല്പര്യങ്ങൾ നോക്കാതെ വരികയാണ്. ധനകാര്യവകുപ്പുമന്ത്രിയുടെ ഏകീകരണത്തിന്റെ പേരിലുള്ള കൺസെപ്റ്റ് എനിക്കറിയാം. കാരണം ബഡ്ജറ്റിൽ കൊണ്ടുവരാതെ, ജനങ്ങളുടെ എതിർപ്പ് ആ നിലയിൽ വാങ്ങാതെ പുറംവാതിലിൽക്കൂടി നമ്മുടെ ടാക്സ് മുഴുവൻ കൂട്ടിക്കൊണ്ട് നികുതിയുണ്ടാക്കാം. ടാക്സ് റേറ്റുകൾ എത്ര കൂട്ടി ? ഇവിടെ കാർഷികോല്പന്നങ്ങളുടെ കാര്യം പരിശോധിക്കാം. ബഡ്ജറ്റിലെ കാര്യം അങ്ങ് പറയണ്ട, ബഡ്ജറ്റ് രഹസ്യം പുറത്തുപോവുകയും വേണ്ട, ഞങ്ങൾക്ക് ആവശ്യമായിട്ടുള്ളത് ബഡ്ജറ്റിൽക്കൂടിയാകട്ടെ, അല്ലാതാകട്ടെ എത്രയും വേഗം കാർഷികോല്പന്നങ്ങളുടെ വിലയിന്മേൽ നികുതി വർദ്ധിപ്പിച്ചുകൊണ്ടുള്ള നടപടികൾ പിൻവലിക്കണം. ഞാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് ഒരുകാര്യം ചോദിക്കട്ടെ, ഇവിടെ നികുതി നിരക്ക് കർണ്ണാടകത്തിലും തമിഴ്നാട്ടിലുമുള്ളതിനേക്കാൾ കൂട്ടിവച്ചിരിക്കുന്നു. കർണ്ണാടകത്തിൽ 4 ശതമാനമാണെങ്കിൽ ഇവിടെ 8 ശതമാനം ആക്കുകയാണ്. അപ്പോൾ അയൽ സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ, ഐറ്റം പറയുന്നില്ല. കൂടുതൽ വയ്ക്കാനാണ് ഏകീകരണം. അയൽ സംസ്ഥാനങ്ങളിൽ കുറവാണെങ്കിൽ അങ്ങനെയല്ലേ അത് ഏകീകരിക്കേണ്ടത് ? എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ഏതെങ്കിലുമൊരു സംസ്ഥാനം ഈ ഏകീകരണം നൂറുശതമാനവും നടപ്പാക്കുന്നില്ലായെങ്കിൽ, അങ്ങ് അതിനെപ്പറ്റി സൂചന

LIBRARY ARCHIVES Kerala Legislative Assembly

നൽകിയതിൽ സന്തോഷമുണ്ട്. അത് കർണ്ണാടകമാകട്ടെ, തമിഴ്നാടാകട്ടെ, ഗോവയാകട്ടെ, പോണ്ടിച്ചേരിയാകട്ടെ ഏതൊരു സംസ്ഥാനമെങ്കിലും ഈ കരാറിൽ നിന്നും പുറകോട്ടുപോവുകയും ഏതെങ്കിലും ഐറ്റത്തെ എക്സ്ക്ളൂഡ് ചെയ്യുകയും ചെയ്താൽ അത് റീഓപ്പൺ ചെയ്യണം. കേരളത്തെ സംബന്ധിച്ച് റീഓപ്പൺ ചെയ്യാതിരിക്കാൻ പറ്റില്ല. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ച് അവർക്ക് ബുദ്ധിമുട്ടുണ്ടാകാൻ പാടില്ല. ഇതിന്റെ ഫലമായി സാധനങ്ങളുടെ വിലയൊക്കെ ഉയരും, അതിൽ ഏറ്റവും കൂടുതൽ വിഷമിക്കുന്നത് കൃഷിക്കാരാണ്. ഈ നിയമം ഇപ്പോഴാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഇതൊരു പ്രസക്തമായ നിയമമാണ്. ഈ നിയമത്തിൽ ഞങ്ങൾ എതിർപ്പുപ്രകടിപ്പിക്കുമ്പോൾ അങ്ങേക്ക് ആത്മാർത്ഥത ഉണ്ടെങ്കിൽ ഈ ഫ്ളോറിൽവച്ച് ഇപ്പോൾത്തന്നെ റബ്ബറിന്റെ നികുതിയൊക്കെ പിൻവലിക്കേണ്ടതാണ്. അതിനുപകരം അങ്ങ് വേറെ ആരെയെങ്കിലും ഡെപ്യൂട്ടേഷനിൽ വരുത്തിയോ നിവേദനങ്ങൾ സ്വീകരിച്ചോ പിന്നീട് കുറവുചെയ്യുന്നുവെങ്കിൽ കുറവു ചെയ്തോ, ഒരു കുഴപ്പവുമില്ല. പക്ഷേ, കാർഷികോല്പന്നങ്ങളുടെ മേലുള്ള നികുതി വർദ്ധന പിൻവലിക്കണം. അയൽ സംസ്ഥാനങ്ങളിൽ കുറച്ചുനൽകുന്ന നികുതിയുടെ റേറ്റ് നമ്മൾ കൂട്ടുന്നത് ശരിയല്ല. ഏതെങ്കിലുമൊരു സംസ്ഥാനം പിന്നോട്ടുപോയാൽ നമ്മളും അതനുസരിച്ച് നമ്മുടെ സേഫ്ഗാർഡിനുവേണ്ടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഇക്കാര്യങ്ങളെപ്പറ്റിയൊക്കെ ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കണം എന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, മന്ത്രി പറഞ്ഞത് ഇതിപ്പോൾ ഇംപ്ലിമെന്റേഷൻ സ്റ്റേജിലേക്ക് വരികയാണെന്നാണല്ലോ ? ഇംപ്ലിമെന്റേഷൻ സ്റ്റേജിലേക്ക് വരുന്ന അവസരത്തിൽ ചില പ്രായോഗിക വൈഷമ്യങ്ങൾ വരാനുള്ള സാധ്യതയുണ്ട്. അത് ഞങ്ങളിവിടെ ചൂണ്ടിക്കാണിച്ചു. ഇവിടെ ഒരുകാര്യം ചിന്തിക്കാനുള്ളത് എല്ലാവർക്കും കർഷക സംഘടനകളൊക്കെയുണ്ട്, യഥാർത്ഥ കൃഷിക്കാർ അസംഘടിതരാണ്. അവർക്ക് ഇവിടെവന്ന് സമരം നടത്താനോ നിവേദനം നൽകാനോ പ്രക്ഷോഭണം നടത്താനോ ഉള്ള സമയമൊന്നും ഇല്ല. അവർക്ക് അവരുടെ ഭൂമിയിൽ പണിയെടുത്തില്ലായെങ്കിൽ ഒരുകാര്യവും നടക്കാൻ പോകുന്നില്ല. അങ്ങനെയുള്ള കൃഷിക്കാരെ പ്രത്യേകമായി പരിഗണിക്കേണ്ടത് ആവശ്യമാണ്. കൃഷിക്കാർ ഒരിക്കലും ഈ രാജ്യത്തിന്റെ ശത്രുക്കളല്ല, അവരെ മിത്രങ്ങളായി കണ്ടുകൊണ്ട് ചില നടപടികൾ ആവശ്യമാണ്. അങ്ങ് ഈ ഏകീകരണത്തിന്റെ പേരിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത് സഭയിൽ ചർച്ച ചെയ്തിരുന്നുവെങ്കിൽ നമുക്ക് കുറച്ച് മാറ്റങ്ങൾ വരുത്തിയിട്ട് ഓർഡിനൻസ് വേറെ കൊണ്ടുവരാമായിരുന്നു. എന്തായാലും ഈ സ്റ്റേജിലെത്തി, ലാസ്റ്റ് സ്റ്റേജായി. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത് ഏകീകരണത്തിന്റെ പേരിൽ കൃഷിക്കാരെ ദ്രോഹിക്കുന്ന ഒരു സാഹചര്യമുണ്ടാകരുത്. ഈ ബിൽ പരിശോധിച്ചാൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കാൻ പോകുന്നത് കൃഷിക്കാരാണ്. അതുകൊണ്ട് അതിനൊരു പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, അയൽ സംസ്ഥാനങ്ങളുമായുള്ള ടാക്സിന്റെ വേരിയേഷൻ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടി എന്നുള്ള നിലയിൽ ഈ ബിൽ നിയമമാകുമ്പോൾ, അയൽ സംസ്ഥാനങ്ങളുമായി തട്ടിച്ച് നോക്കുമ്പോൾ പ്രയാസകരമായ അനുഭവങ്ങളുണ്ടാകുന്ന സാഹചര്യം ഉണ്ടാകരുത് എന്നുള്ളതാണ് എന്റെ അഭിപ്രായം. നമ്മുടെ കാർഷികോല്പന്നങ്ങൾക്ക് വില കിട്ടണം. ഇപ്പോൾത്തന്നെ നമ്മുടെ സംസ്ഥാനത്തുണ്ടായിക്കൊണ്ടിരിക്കുന്ന പ്രയാസങ്ങൾ കർഷകരുടെ മുഴുവൻ എല്ലൊടിച്ചിരിക്കുന്ന സാഹചര്യമുണ്ടാക്കുന്നു. ആ സാഹചര്യം ഒഴിവാക്കണം. അതുപോലെതന്നെ പൊതുജനങ്ങൾ ദൈനംദിനാവശ്യങ്ങൾക്കുപയോഗിക്കുന്ന സാധനങ്ങളുടെ വിലയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള ടാക്സ് ഒഴിവാക്കാൻ ശ്രമിക്കണം. ബഡ്ജറ്റിലെ ഒട്ടനേകം നിർദ്ദേശങ്ങളെ അതിരൂക്ഷമായി എതിർത്തുകൊണ്ടിരിക്കുന്ന ഒരു സാഹചര്യം ഇവിടെ നിലനിൽക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റിൽ കാണിച്ചിരിക്കുന്ന, പ്രയാസമുണ്ടാക്കുന്ന ആ നയത്തിനെതിരായി സ്വീകരിച്ചിരിക്കുന്ന നമ്മുടെ എതിർപ്പിന്റെ മുന ഇങ്ങനെയാണെങ്കിൽ ഒടിഞ്ഞുപോകും. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വളരെ ആശ്വാസകരമായ വാക്കുകളാണ് ഇതു സംബന്ധിച്ച് നൽകിയത്. തീർച്ചയായും ഞങ്ങൾ ധനകാര്യവകുപ്പുമന്ത്രി പറഞ്ഞ വാക്കുകൾ വിശ്വസിക്കുന്നു. അതിനനുസൃതമായി ടാക്സ് വേരിയേഷൻ സംബന്ധിച്ച് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള നിർദ്ദേശങ്ങളിൽ മാറ്റം വരുത്തി ഈ നാട്ടിലെ ജനങ്ങൾക്കും കൃഷിക്കാർക്കും പ്രയോജനകരമായ രീതിയിൽ നോട്ടിഫിക്കേഷൻ ഉണ്ടാക്കുന്നതിനുവേണ്ടി അടിയന്തിരമായി ശ്രമിക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. പി. സി. ജോർജ് : സർ, നിങ്ങൾ പ്രതിപക്ഷത്തുനിന്ന് സംസാരിച്ചത് കേട്ടാൽ മനുഷ്യർ വിചാരിക്കുമല്ലോ ഈ ഗവൺമെന്റ് കൃഷിക്കാരന്റെ ശത്രുവാണെന്ന്. അതാണ് മനസ്സിലാക്കേണ്ടത്. കഴിഞ്ഞ നാലു വർഷക്കാലത്തെ ഭരണത്തിനിടയിൽ കൃഷിക്കാർക്ക് ആകാവുന്ന ആനുകൂല്യങ്ങൾ മുഴുവൻ വാരി വിതറിയ ഒരു ഗവൺമെന്റാണിത്. അതു മനസ്സിലാക്കാതെ നിങ്ങൾ നിയമത്തെപ്പറ്റി സംസാരിച്ചിട്ടു കാര്യമില്ല. റബ്ബർ കൃഷിക്കാർക്ക് റബ്ബർ സംഭരിക്കാൻ, രണ്ടു രൂപ കൂട്ടിയെടുക്കാനും അതോടൊപ്പം തന്നെ അതിന്റെ ഇൻസിഡന്റൽ ചാർജ്ജ് മുഴുവൻ കൊടുക്കാനും തയ്യാറായ ഒരു ഗവൺമെന്റാണിത്. എന്നിട്ടു നിങ്ങൾ പറയുന്നതു കേട്ടാൽ തോന്നും റബ്ബർ കൃഷിക്കാരന്റെ കുഴപ്പം മുഴുവൻ സംസ്ഥാനഗവൺമെന്റിന്റേതാണെന്ന്. ഒരു വാക്കെങ്കിലും കേന്ദ്രസർക്കാരിന്റെ നടപടിക്ക് എതിരെ പറയണ്ടേ ? ബില്ലിനെപ്പറ്റി സംസാരിക്കുകയാണ്. സംസ്ഥാനത്തിനെ കുറ്റപ്പെടുത്തുമ്പോൾ കേന്ദ്രം ചെയ്തതും കൂടി പറയണ്ടേ ? രാസവള വിലവർദ്ധനവിനെക്കുറിച്ച് പറയുന്നു, കേന്ദ്രം ബഡ്ജറ്റിൽ എന്താണ് ചെയ്തത് ? അതു മനസ്സിലാക്കാതെ വർത്തമാനം പറയുന്നതു ശരിയല്ല. ഒറീസ്സയിലുണ്ടായതെന്താണ് ? അവിടെ ഇപ്പോൾ ഭരിക്കുന്നത് ബി.ജെ.പി. ഗവൺമെന്റ്, സ്പീക്കർ ആരാണ് ? കോൺഗ്രസ്സുകാരൻ. ആ രീതിയിലുള്ള പ്രവർത്തനമാണ് നിങ്ങൾ നടത്തുന്നത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ വ്യക്തമായും പറഞ്ഞിട്ടുണ്ട്, നിങ്ങളുടെ സ്വഭാവം അതാണ് എന്നാണ് പറഞ്ഞത്. ഇവിടത്തെ പ്രശ്നമെന്താണ് ? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി

വളരെ വ്യക്തമായി പറഞ്ഞു, കൃഷിക്കാർക്കു കൊടുക്കേണ്ട ആനുകൂല്യങ്ങൾ മുഴുവൻ കൊടുക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുമെന്ന്. നിങ്ങൾ അത് അംഗീകരിക്കണം. ഇപ്പോൾ പറ്റില്ല, ചിലതിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്, അതിന് പ്രായോഗികമായി കുറച്ചു ബുദ്ധിമുട്ടുണ്ട്. എത്രയും വേഗം കൃഷിക്കാർക്കു കൊടുക്കാനുള്ള ആനുകൂല്യങ്ങൾ മുഴുവൻ കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നു പറഞ്ഞ ധനകാര്യവകുപ്പുമന്ത്രിയെ ഭൽസിച്ച് കൊണ്ട് നിങ്ങൾ പറയുന്ന നടപടികളിൽ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ടാക്സിന്റെ ഫ്ളോർ റേറ്റ് ഏകീകരിക്കുമ്പോൾ നാലു ഗ്രൂപ്പാണ് അതിലുള്ളത്. ഇംപ്ലിമെന്റേഷൻ സ്റ്റേജിലാണല്ലോ പറയേണ്ടത്. 0, 4, 8, 12 അതു കഴിഞ്ഞാൽ പിന്നെ അഞ്ചാമത് ഒരു സ്പെഷ്യൽ ഐറ്റമുണ്ട്, 20 ആന്റ് 1 ശതമാനം 5(എ), 5 (ബി) അതിൽ പൂജ്യത്തിൽ ഏതൊക്കെയാണ് 4 ശതമാനം ഫ്ളോർ റേറ്റ് ഏതൊക്കെയാണ്, 8 ശതമാനം ഫ്ളോർ റേറ്റ് ഏതൊക്കെയാണ്, 12 ശതമാനം ഫ്ളോർ റേറ്റ് ഏതൊക്കെയാണ് തുടങ്ങിയവയുടെ ലിസ്റ്റ് മുഴുവൻ ഞാൻ ബിൽ അവതരിപ്പിച്ചപ്പോൾ പറഞ്ഞതാണ്. ഐറ്റംസ് മുഴുവൻ കമ്മോഡിറ്റി വൈസായി ലിസ്റ്റ് ചെയ്തിരിക്കുകയാണ്. ആ റിപ്പോർട്ട് ബഹുമാനപ്പെട്ട അങ്ങ് മനസ്സിലാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി വളരെ ലെജിസ്ലേറ്റീവ് എക്സ്പീരിയൻസുള്ള ആളാണ്. ധനകാര്യവകുപ്പുമന്ത്രിയായതിനുശേഷം നിരവധി ബഡ്ജറ്റുകൾ അവതരിപ്പിച്ചിട്ടുള്ള ആളാണ്. അദ്ദേഹം അങ്ങനെ പറഞ്ഞപ്പോൾ എനിക്ക് വിഷമം തോന്നി. 0, 4, 8, 12 ഫ്ളോർ റേറ്റാണ്. ഫ്ളോർ റേറ്റിനു താഴെ നികുതി പിരിക്കാൻ പാടില്ല. അതിനു മുകളിൽ മാത്രമേ പറ്റുകയുള്ളൂ. ഫ്ളോർ റേറ്റ് എന്നു പറഞ്ഞാൽ തറ റേറ്റ്. You cannot go below that. ഇതാണ് ഡിസിഷൻ. പക്ഷേ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാക്കന്മാർ അവിടെ നിന്നു പറഞ്ഞ ഒരു കാര്യം, ഫ്ളോർ റേറ്റിൽ നിന്ന്, ആ ട്രാക്കിൽ നിന്ന് മറ്റു സംസ്ഥാനങ്ങൾ പോകുകയാണ് ചെയ്തിട്ടുള്ളത് എന്നാണ്. If Karnataka goes out of the track, if Tamil Nadu goes out of the track, if Andra Pradesh goes out of the track ഇങ്ങനെ അവർ goes out of the track പോയാൽ യാതൊരു സംശയവുമില്ല we can also move away from the track അതു ചെയ്യും. അതു മുഴുവൻ കംപെയർ ചെയ്ത് ഏതെങ്കിലും കമ്മോഡിറ്റിക്ക് if they have violated the floor rate principle, ആ ഫ്ളോർ റേറ്റിന്റെ തത്വം തന്നെ ഡൈനാമിറ്റു വച്ച് തകർക്കുകയാണ്. We get an opportunity. നിശ്ചയമായും അവർ ഫ്ളോർ റേറ്റിൽ നിന്നുമൊക്കെ താഴുക, നമ്മൾ ഈ ഫ്ളോർ റേറ്റിലുള്ള സായൂജ്യം പിടിച്ചു നിൽക്കുക. അതിലൊന്നും ഗവൺമെന്റിന് യാതൊരു നിർബന്ധവുമില്ല. ടോട്ടൽ ടാക്സ് കളക്ടു ചെയ്താൽ ചിലപ്പോൾ നമുക്ക് നഷ്ടമാണ് വരിക. അല്ലാതെ എല്ലാ ടാക്സും കൂടി ഇതിലിരിക്കട്ടെ. ബഡ്ജറ്റിൽ ടാക്സ് വേണ്ടെന്നു പറയുക....മാർക്സിസ്റ്റ് പാർട്ടിയുടെ ലെയ്സൻ കമ്മിറ്റിയാണ് പറഞ്ഞത് എന്നു പറഞ്ഞു. എനിക്ക് അങ്ങനെയൊരു കമ്മിറ്റിയെക്കുറിച്ച് അറിഞ്ഞുകൂടാ. മാർക്സിസ്റ്റു പാർട്ടിയുടെ ലെയ്സൺ കമ്മിറ്റിയിൽ ഞാൻ അറ്റന്റു ചെയ്തിട്ടില്ല. മാർക്സിസ്റ്റു പാർട്ടിയിൽ ലെയ്സൺ കമ്മിറ്റിയേ ഇല്ല. എൽ.ഡി.എഫ്.ൽ ഉണ്ട്. ഈ കാര്യത്തിൽ if they

LIBRARY ARCHIVES Kerala Legislative Assembly

go out of the track നിശ്ചയമായും അതു നോക്കിയിട്ടുവേണം നമുക്ക് നമ്മുടെ നിലപാട് സ്വീകരിക്കാൻ. കൃഷിക്കാർക്കുവേണ്ടിയുള്ള നികുതി, കൃഷിക്കാരുടെ നികുതിയിൽ കംപാരറ്റീവായി നോക്കുമ്പോൾ ഈ നടപടി, നൈബറിംഗ് സ്റ്റേറ്റുമായി വ്യത്യാസമുണ്ടെങ്കിൽ if they have lowered, it is our propriety to follow suit യാതൊരു സംശയവും വേണ്ട, നിശ്ചയമായും ഞാൻ ഈ സഭയ്ക്ക് ഉറപ്പുതരുന്നു. നൈബറിംഗ് സ്റ്റേറ്റിലുള്ള കാർഷിക ഉല്പന്നങ്ങൾക്ക് നൈബറിംഗ് സ്റ്റേറ്റ് ഫ്ളോർ റേറ്റിൽ നിന്ന് വിട്ടിട്ട് നടപടിയെടുക്കുകയാണെങ്കിൽ നമുക്ക് സ്വാതന്ത്ര്യത്തോടുകൂടി അതു ചെയ്യാൻ കഴിയും. അല്ലെങ്കിൽ we are committed. ഫ്ളോർ റേറ്റിനെപ്പറ്റി ഞാൻ രാഷ്ട്രീയം പറയുന്നില്ലല്ലോ ? ഫ്ളോർ റേറ്റ് ഓരോ കമ്മോഡിറ്റിക്കും ഉണ്ട്. അതുണ്ടാക്കിയ കമ്മിറ്റി ഏത് ? ആ കമ്മിറ്റി 1994-ൽ അപ്പോയിന്റ് ചെയ്തതാണ്. 1995-ൽ കമ്മിറ്റി വച്ചതാണ്. They have listed the commodities. They have made a consensus. കോൺസൻസുണ്ടാക്കിയ ഒരു കമ്മിറ്റി റിപ്പോർട്ടാണ്. ആ റിപ്പോർട്ട് നടപ്പിലാക്കണമെന്നാണ് തീരുമാനിച്ചത്. ആ തീരുമാനത്തിന്റെയടിസ്ഥാനത്തിലാണ് ഇതു വേണ്ടി വന്നത്. ഇതു തന്നെ ഒരു ഇന്ററീം അറേഞ്ചുമെന്റാണ്, for one year. ഇതെല്ലാം ഞാൻ പറഞ്ഞു, If some neighbouring States go out of the track, Kerala will definitely follow suit. യാതൊരു സംശയവും വേണ്ട, പക്ഷേ, നിയമത്തെ നിയമത്തിന്റെ വഴിക്കുവിടുക, അതു നമ്മൾ അനുസരിക്കണം. നമ്മളൊരു അണ്ടർസ്റ്റാന്റിംഗ് ഉണ്ടാക്കിയാൽ, 29 മുഖ്യമന്ത്രിമാർ വന്ന് ഒപ്പിട്ടിട്ട് ചിലരു പറഞ്ഞത് ഞങ്ങൾക്ക് അറിഞ്ഞുകൂടാ എന്നാണ്..... നമുക്ക് ആ വയ്യാവേലി വേണ്ട. അതുകൊണ്ടാണ് ഞാൻ ഫ്ളോർ റേറ്റ് വിലയിൽ ഉറച്ചു നിൽക്കുന്നത്. ആ ഫ്ളോർ റേറ്റ് വേറൊരാൾ തെറ്റിച്ചാൽ ഫ്ളോർ റേറ്റ് എന്ന ആശയം തന്നെ പോകുകയാണ്. Then we are at liberty to do whatever we want. അതു നിശ്ചയമായും ചെയ്യുമെന്നാണ് ഞാൻ പറഞ്ഞത്. ഫ്ളോർ റേറ്റിൽ നിന്ന് പലരും പോയിട്ടുണ്ട് എന്നു ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ടാണ് ഞാനിത് പറഞ്ഞത്. അതുകൊണ്ടാണ് കൃഷിക്കാരോടുള്ള ശത്രുത, ബഡ്ജറ്റിൽക്കൂടി ആളുകൾക്ക് ദ്രോഹം ചെയ്യുന്നത് മാറ്റാൻ, ഇതിൽ കൂടി വച്ചു കാച്ചുകയാണ് എന്നൊക്കെയുള്ള ആരോപണം കുറച്ച് ക്രൂരമായിപ്പോയി. കൃഷിക്കാരോട് അങ്ങനെയുള്ള യാതൊരു സമീപനവും നമുക്കില്ല. റബ്ബറിന് പത്തും ഒരു ശതമാനം സർ ചാർജ്ജും കൂട്ടിയാണ് പതിനൊന്നു രൂപയാക്കിയത്. അത് വീണ്ടും 12 രൂപയാക്കി, ഫ്ളോർ റേറ്റാക്കാൻ വേണ്ടി, അത് എട്ടു ആക്കുന്നതിനേക്കാൾ നല്ലതല്ലേ 12 ആക്കുന്നത്. അതാണ് അവിടത്തെ അണ്ടർസ്റ്റാന്റിംഗ്. ഞാൻ പറയുന്നത് അതിനെ സംബന്ധിച്ച് പരിശോധിക്കാം. അതുപോലെ പലതും നമുക്ക് പരിശോധിക്കാനുണ്ട്. ഒരു കാര്യം ഞാൻ പറയുന്നു, റബ്ബർ കൃഷിക്കാർക്ക് എത്ര ഗുണകരമാണ് എസ്.ടി.സി.ക്ക് പർച്ചേസ് ടാക്സ് ഒഴിവാക്കിക്കൊടുത്തത്. അതു ചെയ്തതു വ്യവസായത്തിന് ഗുണമായി. ശ്രീ. മാണി പറഞ്ഞിട്ടാണ് അങ്ങനെ ചെയ്തത്. റബ്ബറിനു വില കൂടിയില്ലേ ? 21 രൂപ ആയിരുന്നത് ഏകദേശം 30 രൂപയ്ക്കു താഴെ ആയില്ലേ ? ഇനിയും കൂട്ടാൻ സാധ്യതയുണ്ട്.

ശ്രീ. കെ. എം. മാണി : റബ്ബറിനു വില കൂട്ടിയോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : .....(ബഹളം).....എന്താണ്, സെൻട്രൽ ഗവൺമെന്റിന്റെ നയം കൊണ്ടാണോ വില കൂട്ടിയത്. ശ്രീ. മാണിയുടെ പരിശ്രമഫലമായിട്ടു കൂടിയതാണെന്നുതന്നെ വച്ചോളൂ. എനിക്ക് റബ്ബറിന്റെ വില കൂട്ടണമെന്നേയുള്ളൂ. അതിന്റെ ക്രെഡിറ്റ് മാണിക്കായാലും വേണ്ടില്ല, ഈ പാവപ്പെട്ടവനായാലും വേണ്ടില്ല. പർചേസ് ടാക്സ് പിൻവലിക്കണമെന്ന് ശ്രീ. മാണി അസംബ്ലിയിൽ പറഞ്ഞതാണ്.....(ബഹളം).....പലപ്പോഴും പലതായി പറയാൻ എന്നെക്കൊണ്ട് കഴിയില്ല. പർചേസ് ടാക്സ് കുറയ്ക്കുന്നത് എന്തിനാണെന്നറിയാമോ ? ഞാൻ അന്നും പറഞ്ഞു this is a misnomer ലാസ്റ്റ് പോയിന്റിൽ കൊടുക്കേണ്ടതാണ് വേണ്ടതെന്ന്. അതൊക്കെ രേഖയിൽ കിടക്കുന്നുണ്ട്. പക്ഷേ, എന്നാലേ ഇവർക്ക് എക്സ്പോർട്ട് ചെയ്യാൻ പറ്റൂ. കാരണം വാങ്ങുന്നവന് ഈ പർചേസ് ടാക്സ് കൊടുക്കാതിരുന്നാലേ അവർക്ക് ആ വിലയ്ക്കു എസ്.ടി.സി.ക്ക് വിൽക്കാൻ പറ്റുള്ളൂ, എന്നാലേ എസ്.ടി.സി. റബ്ബർ സംഭരിക്കൂ എന്ന് തറപ്പിച്ച് condition precedent ആയിട്ട് പറഞ്ഞുകൊണ്ട് ഞങ്ങൾ ഒഴിവാക്കിക്കൊടുത്തു. അതുപോലെതന്നെ രണ്ട് ഹെക്ടർ, അഞ്ച് ഏക്കറോളം വരുന്ന കൃഷിക്കാർക്ക് വൈദ്യുതി സൗജന്യമാക്കിയത് അവരോടുള്ള വിരോധം കൊണ്ടാണോ ? വിരോധം കൊണ്ടല്ലല്ലോ ? അത് ഇന്നേവരെ ആരും ചെയ്തിട്ടില്ലല്ലോ ? ഇനി നിങ്ങൾ അധികാരത്തിൽ വരുമ്പോൾ ചിലപ്പോൾ അഞ്ച് ഏക്കർ അഞ്ച് ഹെക്ടറാക്കി എന്നുവരും. അതാണ് ഹിസ്റ്റോറിക്കൽ ഡവലപ്പ്മെന്റ്. അല്ലാതെ എല്ലാ കാര്യങ്ങളും ഞങ്ങൾ ഒരു മന്ത്രവടികൊണ്ട് ചെയ്തുകളയുമെന്നുള്ള അഹന്തയൊന്നും ഞാൻ പറയുന്നില്ല. This is a course. We will progress. Step by step we will progress. ആ പ്രോഗ്രസ്സിന്റെ രീതിയിൽ ഇതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കി, What is this floor rate? What is unification of floor rate ? What are its limitations ? അത് മറ്റുള്ള സ്റ്റേറ്റുകൾ, if they go out of the track നമ്മൾ എന്തു ചെയ്യണം ഈ വക കാര്യങ്ങളെല്ലാം പരിശോധിച്ച് ചെയ്യാമെന്നാണ് പറഞ്ഞത്. അല്ലാതെ ഈ ഗവൺമെന്റ് ഒരു കർഷക വിരുദ്ധ ഗവൺമെന്റാണെന്ന് വരുത്തിത്തീർത്തേ സമാധാനമുള്ളുവെങ്കിൽ അങ്ങനെ പറഞ്ഞു സമാധാനിച്ചു കൊള്ളൂ, ബഹുമാനപ്പെട്ട കെ. എം. മാണി എന്നേ എനിക്കു പറയുവാനുള്ളൂ. ഏതായാലും ഈ വിലപ്പെട്ട നിർദ്ദേശങ്ങൾ ഇവിടെ വന്നിട്ടുള്ളത് നിശ്ചയമായും പരിഗണിക്കും, മാത്രമല്ല ഇതിൽ കുറെ സജഷൻസ് വന്നിട്ടുണ്ട്. ക്രിട്ടിസിസം വന്നിട്ടുണ്ട്. ക്രിട്ടിസിസം മുഴുവൻ അക്സെപ്റ്റ് ചെയ്യുന്നു. slander മാത്രം അക്സെപ്റ്റ് ചെയ്യുന്നില്ല. ഏതാണ് ക്രിട്ടിസിസം, ഏതാണ് slander എന്നുള്ളത് പറഞ്ഞവർ തന്നെ തീരുമാനിക്കട്ടെ, Slander will have to be met square, criticism has to be accepted. പ്രതിപക്ഷ നേതാവും എന്നോട് ഈ സഭയിൽ ഒരു positive approach എടുത്തു. കുറച്ചൊരു കുത്തുണ്ടായത് ശ്രീ. കെ. എം. മാണിയിൽനിന്ന് മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട കെ. എം. മാണി കൃഷിക്കാർക്കനുകൂലമായിട്ട് സംസാരിച്ചാൽ ശ്രീ. ടി. എം. ജേക്കബിന് സംസാരിക്കാതിരിക്കാൻ പറ്റുമോ ? അസലായി. കൃഷിക്കാരോട് ആർക്കാണ് സ്നേഹം ? ശ്രീ. ടി. എം. ജേക്കബും ശ്രീ. കെ. എം. മാണിയും ശ്രീ. ജോർജും മത്സരിക്കാതെ എന്തുചെയ്യും. ശ്രീ. ജോർജ് വിടാത്തത് അതാണ്. കൃഷിക്കാരെപ്പറ്റി ശ്രീ. കെ. എം. മാണി പറഞ്ഞാൽ ശ്രീ. ടി. എം. ജേക്കബ്

LIBRARY ARCHIVES Kerala Legislative Assembly

പറയും. ടി. എം. ജേക്കബ് പറഞ്ഞാൽ ശ്രീ. ജോർജ് പറയും. അത് ഇങ്ങനെ നടന്നുകൊണ്ടിരിക്കും. അതുകൊണ്ട് men may go, men may come. But we go on for ever. കൃഷിക്കാർക്കുവേണ്ടി ആരാണ് വാദിച്ചത് ? ശ്രീ. ജോർജോ, ശ്രീ. കെ. എം. മാണിയോ, ശ്രീ. ടി. എം. ജേക്കബോ ഇതാണ് ഇവിടെ തർക്ക വിഷയം. അത് ജനങ്ങൾ തീരുമാനിച്ചോട്ടെ. ഞങ്ങളൊക്കെ കൃഷിക്കാർക്ക് എതിര് നിങ്ങൾ രണ്ട് മൂന്ന് പേര് അനുകൂലം. ഈ ഒരു ഏർപ്പാടുമായി നടക്കാൂത്, ഞാൻ ഇത് വളരെ ക്ലിയറായിട്ട് പറയുന്നു. അതുകൊണ്ട് നിങ്ങൾ തന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ എല്ലാവരുടേയും സഹകരണങ്ങൾ കൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. എം. മാണി : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 43

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എൻ. ആർ. ബാലൻ
5. ശ്രീ. ടി. കെ. ബാലൻ
6. ശ്രീ. സി. പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
9. ശ്രീ. വി. കെ. ചന്ദ്രൻ
10. ശ്രീ. എം. ദാസൻ
11. ശ്രീ. പി. സി. ജോർജ്
12. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
13. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
14. ശ്രീ. ടി. കെ. ഹംസ
15. ശ്രീ. എം. വി. ജയരാജൻ
16. ശ്രീ. ജോൺ ഫെർണാണ്ടസ്
17. ശ്രീ. എ. കണാരൻ
18. ശ്രീ. എൻ. കണ്ണൻ
19. ശ്രീ. എളമരം കരീം

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. പി. കെ. കുമാരൻ
21. ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്
22. ശ്രീമതി ആർ. ലതാ ദേവി
23. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
24. ശ്രീ. ടി. നാണു മാസ്റ്റർ
25. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
26. ശ്രീ. പി. നാരായണൻ
27. ശ്രീ. ടി. കെ.നൗഷാദ്
28. ശ്രീ. കെ. പ്രകാശ് ബാബു
29. ശ്രീമതി എൻ. കെ. രാധ
30. ശ്രീ. കെ. രാധാകൃഷ്ണൻ
31. ശ്രീ. പി. രാഘവൻ
32. ശ്രീ. സി. കെ. രാജേന്ദ്രൻ
33. ശ്രീ. പി. രാജു
34. ശ്രീ. രാജു എബ്രഹാം
35. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
36. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
37. ശ്രീ. സെബാസ്റ്റ്യൻ പോൾ
38. ശ്രീ. ടി. ശിവദാസമേനോൻ
39. ശ്രീ. പി. പി. സുലൈമാൻ റാവുത്തർ
40. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
41. ശ്രീ. എം. പി. വർഗ്ഗീസ്
42. ശ്രീ. വർഗ്ഗീസ് വൈദ്യർ
43. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ - 21

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. സി. ടി. അഹമ്മദ് അലി
4. ശ്രീ. എ. കെ. ആന്റണി
5. ശ്രീ. കെ. ബാബു
6. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
7. ശ്രീ. ടി. എം. ജേക്കബ്

LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീ. ജോണി നെല്ലൂർ
9. ശ്രീ. കെ. സി. ജോസഫ്
10. ശ്രീ. പി. ജെ. ജോയി
11. ശ്രീ. ജി. കാർത്തികേയൻ
12. ശ്രീ. കെ. കെ. നായർ
13. ശ്രീ. കെ. എം. മാണി
14. ശ്രീ. ആര്യാടൻ മുഹമ്മദ്
15. ശ്രീ. എഴുകോൺ നാരായണൻ
16. ശ്രീ. തമ്പാനൂർ രവി
17. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
18. ശ്രീ. കെ. സുധാകരൻ
19. ശ്രീ. പി. പി. തങ്കച്ചൻ
20. ശ്രീ. സി. എഫ്. തോമസ്
21. ശ്രീ. തോമസ് ചാഴികാടൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 43

പ്രതികൂലിക്കുന്നവർ - 21

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സാക്കിയിരിക്കുന്നു. ഇനി അര മണിക്കൂർ ബ്രേക്ക് കഴിഞ്ഞ് 3.15-ന് കൂടാം.

(ഉച്ചഭക്ഷണത്തിനായി സഭ 2.45-ന് പിരിഞ്ഞു.)

(ഇടവേളയ്ക്കുശേഷം 3.20-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ വീണ്ടും സമ്മേളിച്ചു.)

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000-ലെ കേരള നികുതികളിൻമേലുള്ള സർച്ചാർജ് (ഭേദഗതി) ബിൽ†

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000-ലെ കേരള

3.20 P.M.] നികുതികളിൻമേലുള്ള സർച്ചാർജ് (ഭേദഗതി) ബിൽ† പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

---

† അനുബന്ധം XXVI

LIBRARY ARCHIVES Kerala Legislative Assembly